Registered No. M. 5819 Licence No. 445. 12-7-45.



ഇന്ത്യാ നിക്ഷേപം

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും

കൂടി ചേർന്ന

സംയുക്ത സഭാമാസിക

മെയ് 1958 No. 5

A. V. George & Company Limited

(Incorporated in Travancore-Cochin)

Telephones : 692, 288 & 492. Telegrams : "Ancherico"

Head Office :

KOTTAYAM.

BOARD OF DIRECTORS

A. V. George, Esq., T. Kuruvilla Thomas, Esq.

A, V. John, Esq.

MANAGING AGENTS FOR :—

1. THE THAMARAPALLY RUBBER CO. LTD.
2. THE UDAYAGIRI RUBBER CO. LTD.
3. THE NENMENY RUBBER & PRODUCE CO. LTD.
4. THE ANANDAM RUBBER CO. LTD.
5. THE NILGIRI TEA ESTATES LTD.
6. THE KAILAS RUBBER CO. LTD.
7. THE GEO PRINTERS LTD.

Licensed Dealers in Rubber

Selected budwood, Clonal seeds, Budded stumps and Plants grown from high yielding rubber seeds available for sale.

ENQUIRIES SOLICITED

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LXI | MAY 1958 | No. 5

കമ്മിസ്സറിയുടെ കത്ത്

കത്താവിൽ പ്രിയരെ,

മെയ് മാസത്തെ രണ്ടു പ്രധാന ദിവസങ്ങളാണ് സ്വർഗ്ഗാരോഹണനാളും, പെന്തെക്കോസ്തുനാളും. കർത്താവിനോടുകൂടെയുള്ള വാസം ശിഷ്യന്മാർക്കു സന്തോഷകരമായിരുന്നു. അവനോടുകൂടെ മരിപ്പാൻ അവർ സന്നദ്ധരായിരുന്നു. അവനെ പിരിഞ്ഞു എവിടെപ്പോകും എന്നു അവർക്കു അറിഞ്ഞുകൂടായിരുന്നു. അവന്റെ സാന്നിദ്ധ്യം അവർക്കു അത്രമാത്രം പ്രിയകരവും അനുപേക്ഷണീയവുമായിരുന്നു. എന്നാൽ എന്നും ശരീരത്തിൽ അവരോടുകൂടെയിരിക്കുന്നതു തനിക്കു അസാദ്ധ്യമായിരുന്നു. താൻ പിതാവിന്റെ അടുക്കൽ പോകേണ്ടതു ആവശ്യമായിരുന്നു. അതുകൊണ്ടു കലിവുമലയിലേക്കു അവരെ കൂട്ടിക്കൊണ്ടുപോയി അവർ കാൺകെ അവൻ സ്വർഗ്ഗാരോഹണം ചെയ്തു.

ശിഷ്യന്മാരെ അനാഥരായി വിട്ടിട്ടല്ല യേശു സ്വർഗ്ഗാരോഹണം ചെയ്തതു "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ടു" എന്ന വാഗ്ദത്തവും ഉറപ്പും യേശു അവർക്കു നല്കി. പെന്തെക്കോസ്തുനാളിൽ ശിഷ്യന്മാർ ഈ വാഗ്ദത്തം പ്രാപിച്ചു. അവരുടെമേൽ ക്രിസ്തുവിന്റെ ആത്മാവു—പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവു—പകരപ്പെട്ടു. യേശുവിന്റെ നിരന്തരസാന്നിദ്ധ്യം അവർക്കു അനുഭവമായി. അവൻ അവരെ നടത്തി, ധൈര്യപ്പെടുത്തി, ശക്തിപ്പെടുത്തി, ഉപയോഗിച്ചു. തന്റെ വേല ചെയ്യുന്നതിനും തന്റെ സാക്ഷികളായിരിക്കുന്നതിനും താൻ നിയമിച്ചിരുന്നവർക്കാണ് കർത്താവു തന്റെ സാന്നിദ്ധ്യം വാഗ്ദത്തം ചെയ്തിരിക്കുന്നതെന്നു കാണാമല്ലോ. തന്റെ സഭയിലെ എല്ലാ പ്രവർത്തകർക്കുമാണ് ഈ വാഗ്ദത്തം എന്നു കാക്കുന്നതു സഹായകരമായിരിക്കും. പല പ്രതികൂലങ്ങളുടെ മദ്ധ്യേ കർത്തൃശുശ്രൂഷ നിറവേറ്റിക്കൊണ്ടിരിക്കുന്ന തന്റെ മാസീഡാനിവാസികൾക്കു ഈ വാഗ്ദത്തം എത്ര ആശ്വാസകരമാണ്! അവന്റെ സാന്നിദ്ധ്യബോധത്തോടുകൂടെ പ്രവർത്തിക്കുന്നവർക്കു തങ്ങളുടെ ചുമതലകളെക്കുറിച്ചു എത്രമാത്രം തീക്ഷ്ണത ആവശ്യമാണ്.

ബിക്കപ്പ് നിയമനം നമ്മുടെ മഹായിടവകയുടെ ചരിത്രത്തിൽ ഒരു പുതിയ താൾ മറിക്കുകയാണ്. ദൈവസാന്നിദ്ധ്യബോധവും പെന്തെക്കോസ്തു അനുഗ്രഹവും ആണ് ഈയവസരത്തിൽ നമുക്കു ഏറ്റവും ആവശ്യമായിരിക്കുന്നതു. അതിനായി നാം പ്രാർത്ഥനയിൽ ജാഗരിക്കണം.

പത്രാധിപക്കുറിപ്പുകൾ

സ്ത്രീധന നിരോധനബില്ലും ക്രിസ്ത്യൻ പിൻതുടച്ചവകാശ റദ്ദാക്കൽ ബില്ലും.

കേരളനിയമസഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ അവതരിപ്പിച്ചിട്ടുള്ളവയും പൊതുജനാഭിപ്രായം അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയുമായ സ്ത്രീധനനിരോധന ബില്ലും ക്രിസ്ത്യൻ പിന്തുടച്ചവകാശബില്ലും ഈ സംസ്ഥാനത്തിലെ വിവിധക്രൈസ്തവസമുദായങ്ങളുടേയും നേതാക്കന്മാരുടേയും അവഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കുന്ന ഒരു കാലമാണിത്. പ്രസ്തുത ബില്ലുകളിൻപ്രകാരം ആൺമക്കൾക്കും പെൺമക്കൾക്കും സ്വത്തിനു തുല്യാവകാശം നൽകേണ്ടതും മേലാൽ സ്ത്രീധനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാൻ പാടില്ലാത്തതുമാണ്. പെൺകുട്ടികളെ വിവാഹം ചെയ്യുമ്പോൾ ഒരു പൈതൃക പാരിതോഷികമെന്ന നിലയിൽ വേണമെങ്കിൽ രണ്ടായിരം രൂപയിൽ കവിയാത്ത ഒരു തുക കൊടുക്കുന്നതിൽ വിരോധമില്ല. അതിലധികം കൊടുക്കുന്നതു നിയമപ്രകാരം കുറ്റകരവുമാണ്. ഇതിനകമായി പ്രസ്തുത ബില്ലുകളെ സംബന്ധിച്ചു പലവിധത്തിലുള്ള പ്രതികൂലാഭിപ്രായങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. ഇങ്ങനെയുള്ള ബില്ലുകൾ രൂപപ്പെടുത്തി നിയമമാക്കി പ്രയോഗത്തിൽ വരുത്തുന്നതു ക്ഷേമകരമാണെന്നു ക്രൈസ്തവ ജനത ഏതെങ്കിലും പ്രകാരത്തിൽ ഗവൺമെൻറിനെ അറിയിച്ചിട്ടുള്ളതായി അറിയുന്നില്ല. പ്രത്യേക ജനവിഭാഗങ്ങളെ ബാധിക്കുന്ന ഏവംവിധമായ ബില്ലുകൾ നിർമ്മിക്കുന്നതിനു മുമ്പായി പൊതുജനാഭിപ്രായം അറിയുന്നതിനു ബില്ലിൻെറ പ്രയോക്താക്കൾ ശ്രമം ചെയ്യേണ്ടതു ഏറ്റവും അനിവാര്യമായ ഒരു കാര്യമാണ്.

സ്ത്രീധനനിരോധന ബിൽ അനുസരിച്ചു രണ്ടായിരം രൂപാവരെ പാരിതോഷികമായി കൊടുപ്പാനുള്ള അനുവാദം നൽകിയിരിക്കുന്നതിനാൽ ഈ ബില്ലിനു സ്ത്രീധനനിരോധന ബിൽ എന്ന പേരു യോജിക്കുമെന്നു തോന്നുന്നില്ല. സ്ത്രീധന നൃനീകരണ ബിൽ എന്നു പറഞ്ഞാൽ ചേച്ചയായിരിക്കും. രണ്ടായിരം രൂപാവരെ പാരിതോഷികമായി നൽകാമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ സാമ്പത്തികാധിപത്യത്തിൽ ഇരിക്കുന്ന അനേകായിരങ്ങൾക്കു ഗണ്യമായ ആശ്വാസം ലഭിക്കുമെന്നു ആശിക്കാനും വഴി കാണുന്നില്ല. സ്ത്രീധന മേൽപ്പാടിൻെറ കാഠിന്യംകൊണ്ടു വിവാഹം നടക്കുവാൻ ഇടയാകാതെ വിഷമിക്കുന്നവർക്കു ഇതു ശരിയായ ഒരു രക്ഷാമാർഗ്ഗവുമല്ല. എന്തെന്നാൽ തീരെ പരിമിതമായ ഭൂസ്വത്തു മാത്രമുള്ള മാതാപിതാക്കന്മാർക്കു അവരുടെ സ്വത്തുക്കൾ വീതം ചെയ്തു പെൺകുട്ടികൾക്കു കൊടുത്തു വിവാഹം നടത്തുന്നതായാൽ അവരുടെ സാമ്പത്തിക സ്ഥിതി കൂടുതൽ ക്ലേശകരമായിത്തീരുവാനാണ് ഇടയുള്ളതു്. മാതൃഗൃഹമല്ല ഭൂമി ഉണ്ടതുണ്ടായി വിഭാഗിക്കപ്പെടുന്നതിനാൽ കാർഷികോല്പാദനം അധഃപ്പതിക്കുകയും ചെയ്യുന്നതാണ്. വസ്തുക്കൾ വിഭാഗിക്കുമ്പോൾ തൽസംബന്ധമായി പലവിധത്തിലുള്ള വിവാദങ്ങളും വ്യവഹാരങ്ങളും ഉണ്ടാകുവാനും മാർഗ്ഗമുണ്ട്. മാതാപിതാക്കന്മാരും മക്കളും തമ്മിലുള്ള ഐകൃതയ്ക്കും കരുതലിനും ഹാനി സംഭവിക്കുകയും ചെയ്യും. വിവാഹിതരായ പെൺകുട്ടികൾ അവകാശമുള്ള വസ്തുക്കൾ വിറ്റു പണമാക്കി ഭർത്താ

എല്ലായിടങ്ങളിലും കൂട്ടായ്മയോഗങ്ങൾ ധാരാളമായി നടക്കുന്നുണ്ടെന്നു അറിയുന്നു. കൂട്ടായ്മകൾ നല്ലതാണ്. അവ യഥാർത്ഥകൂട്ടായ്മകളായിരിക്കണം. അവ പാട്ടം ബഹളവുമായി മാത്രം പരിണമിക്കരുതു്. ആത്മാവിൻെറ ഐക്യത സമാധാനബന്ധത്തിൽ കാപ്പാനാണ് ഉത്സാഹിക്കേണ്ടതു്. ഈ ഐക്യതയാണ് നമുക്കു കുടുംബങ്ങളായും സഭകളായും മഹായിടവകയായും വേണ്ടതു് എന്നു കാണിച്ചു പ്രവർത്തിപ്പാൻ ഞാൻ നിങ്ങളോടു അഭ്യർത്ഥിക്കുന്നു.

എന്നു്

എം. ജെ. ചാണ്ടി,
കമ്മിസ്സറി.

ക്കന്മാരുടെ താല്പര്യപ്രകാരം ഭർതൃദേശത്തേക്കു പോകുവാൻ നിർബ്ബന്ധിതരാകുമ്പോൾ മാതാപിതാക്കന്മാർക്കോ സഹോദരങ്ങൾക്കോ വാങ്ങുവാൻ സൌകര്യപ്പെടാതെ വന്നാൽ അന്യർ വാങ്ങുവാൻ ഇടയാകുകയും തൻനിമിത്തം പല പുതിയ കുഴപ്പങ്ങൾ സംജാതമാകുകയും ചെയ്യുന്നതാണ്.

ഇതുകൂടാതെ പറഞ്ഞതുകൊണ്ട് സാമ്പത്തിക വ്യഗ്രതയോടുകൂടി അമിതമായ സ്ത്രീധനമേർപ്പാട് വെച്ചു പുലർത്തുന്നതിനെ അനുകൂലിക്കുന്നു എന്ന് അർത്ഥമാക്കേണ്ടതില്ല. വിവാഹബന്ധത്തിന്റെ മതപരമായ പരിപാവനതയ്ക്കു പ്രഥമസ്ഥാനം നൽകിയും സ്ത്രീധനമാകുന്ന സാമ്പത്തിക ഘടകം അപ്രധാനമായി കരുതിയും വിവാഹകാര്യങ്ങൾ ക്രമീകരിക്കുന്നതു അഭിലഷണീയമാണെന്നത്രെ ഞങ്ങൾ വിചാരിക്കുന്നത്.

പുസ്തകാഭിപ്രായം.

"ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു"

ഗ്രന്ഥകർത്താ:— എം. കുയ്പൻ ബി. എ സ്സ്സി.

പ്രസാധകർ:— എസ്സ്. സി. എം. ബുക്ക് ക്ലബ്; വൈ. എം. സി. എ. കോട്ടയം.

വില രൂപാ ഒന്ന്

കുടുംബം, വിവാഹം, സെക്സ്, യൌവനാരംഭം, കുടുംബസംവിധാനം, പുതിയ സാമൂഹ്യബോധവും പുതിയ മൂല്യാങ്കനവും, കുടുംബവും സംസ്കാരവും, കുടുംബവും രാഷ്ട്രവും എന്നിങ്ങനെ എട്ട് അദ്ധ്യായങ്ങളും 89 പേജുകൾ ഉള്ളതുമായ ഈ ചെറുഗ്രന്ഥം അതിൽ അടങ്ങിയിരിക്കുന്ന കാര്യസാരം നോക്കിയാൽ ഒരു വലിയ ഗ്രന്ഥമാണെന്ന നിസ്സംശയം പറയാം. ഗ്രന്ഥകർത്താവ് ആധുനികയുവലോകത്തെ അലട്ടുന്ന ജീവൽപ്രധാനമായ പല പ്രശ്നങ്ങളേയും സമർത്ഥമായി വിശകലനം ചെയ്തു മാർഗ്ഗദർശം നല്കിയിട്ടുണ്ട്. പ്രത്യേകമായി വിവാഹം; സെക്സ്, യൌവനാരംഭം എന്നീ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികൾ യുവതീയുവാക്കന്മാരെ നേർവഴിക്കു തിരിച്ചു വിടുവാൻ ഉതകുന്നവയാണ്; 'കുടുംബം' എന്ന ശീർഷകത്തോടുകൂടിയ ഒന്നാം അദ്ധ്യായത്തിൽ പ്രേമത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗം ശ്രദ്ധേയമാകയാൽ ചുവടെ ചേർക്കുന്നു. "നമ്മെ സംബന്ധിച്ചടത്തോളം വസ്തുനിഷ്ഠമായ മൂല്യമുള്ള മറെറാരാളുടെ നേർക്കു നമുക്കു തോന്നുന്ന സഹാനുഭൂതി നിറഞ്ഞ ബന്ധമാണ് സ്നേഹമെന്നു പറയാം. ആ മൂല്യം മറെറയാളുടെ ആദ്ധ്യാത്മീകമോ കലാപരമോ ധാർമ്മികമോ ആയ മേന്മകളിലോ മറെറ ചില നേട്ടങ്ങളിലോ അധിഷ്ഠിതമായിരിക്കും. ഈ അർത്ഥത്തിലുള്ള സ്നേഹത്തോടു ലൈംഗികമായ ആഗ്രഹത്തിനു വലിയ ബന്ധമുണ്ടെന്നു പറഞ്ഞുകൂടാ. നേരെ മറിച്ചു മൂല്യത്തെപ്പററിയുള്ള യാതൊരു പരിഗണനയുമില്ലാത്തിടത്തും ലൈംഗികമായ ആഗ്രഹം ഉൽകടമായിത്തന്നെ പൊട്ടിപ്പുറപ്പെടുന്നതു കാണാറുണ്ട്. വ്യക്തിപരമായ പ്രേമത്തിൽനിന്നു ലൈംഗികമായ ഈ ആസക്തിയെ വേർതിരിച്ചു കാണേണ്ടിയിരിക്കുന്നു. വ്യക്തിപരമായ പ്രേമവും ലൈംഗീകതയും പരസ്പരാശ്രിതമല്ല. തന്നിമിത്തം, ലൈംഗികാഭിനിവേശം മന്ദീഭവിക്കുകയോ നശിക്കുകയോ ചെയ്യുമ്പോഴും പ്രേമം തുടർന്നു നില്ക്കുന്നുണ്ടാവാം. അക്കാരണംകൊണ്ടു തന്നെ, ലൈംഗികമായ ആഗ്രഹമില്ലാത്തിടത്തു യഥാർത്ഥവും ഉൽകടവുമായ പ്രേമം ഉണ്ടായിരിക്കുക സംഭവ്യമാണെന്നു സിദ്ധിക്കുന്നു. ലൈംഗികമായ ആകർഷണം ആദ്യമേ ഉണ്ടാകുന്ന സന്ദർഭത്തിൽ ചെറുപ്പക്കാർ അതു പ്രേമമായി തെററിദ്ധരിക്കാറുണ്ട്. മറെറയാളുടെ വ്യക്തിമൂല്യത്തെപ്പറ്റി തികഞ്ഞ അശ്രദ്ധയാണിവിടെ പ്രകടമാക്കുന്നത്."

ഇതുപോലെയുള്ള ഭാഗങ്ങൾ ഈ ഗ്രന്ഥത്തിൽ ധാരാളമുണ്ട്. രക്ഷകർത്താക്കൾ ഈ പുസ്തകം വായിക്കുവാൻ തങ്ങളുടെ മക്കളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കുടുംബജീവിതത്തിലെ പ്രശ്നങ്ങളെ ക്രിസ്തീയമായി അഭിമുഖീകരിക്കാൻ സഹായിക്കുന്ന ഈ ഉത്തമ ഗ്രന്ഥം എല്ലാവരും വായിച്ചിരിക്കേണ്ടതാണ്.

റവ. എ. ജെ. കുയ്പൻ

യേശുക്രിസ്തുവിന്റെ പുനരുത്ഥാനം

(ഈസ്റ്റർദിനത്തിൽ പ്രക്ഷേപണം ചെയ്തത്)

(By kind permission of the All India Radio)

റവ. ററി. ബി. ബഞ്ചമിൻ ബി. എ.

ശ്രീയേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തെ ലോകമെങ്ങും ആഹ്ലാദപൂർവ്വം കൊണ്ടാടുന്ന ഒരു സുദിനമാണല്ലൊ ഈസ്റ്ററർ. ഒന്നാമത്തെ ഈസ്റ്ററർ ദിനത്തിൽ നടന്ന ഒരു സുപ്രധാന സംഭവം ഇന്നു നമ്മുടെ സ്മരണയിൽ, വരാതെയിരിക്കയില്ല. യേശുവിന്റെ ശിഷ്യഗണത്തിൽപ്പെട്ട ഏതാനും സ്ത്രീകൾ അന്നു ദിവസം അതിരാവിലെ, സൂര്യോദയത്തിനു മുമ്പുതന്നെ, അദ്ദേഹത്തിന്റെ ശരീരം സംസ്കരിക്കപ്പെട്ടിരുന്ന കല്ലറയ്ക്കലേക്കു പുറപ്പെട്ടു. ആ ദിവ്യ ഗുരുവിനെപ്പറ്റിയുള്ള അവരുടെ പ്രത്യാശ മുഴുവനും തന്റെ ക്രൂരമരണത്തോടുകൂടെ അസ്തമിച്ചുപോയെങ്കിലും, അദ്ദേഹത്തോടുള്ള ഭക്തിയും സ്നേഹവും അവരുടെ ഹൃദയങ്ങളിൽ ജ്വലിച്ചുകൊണ്ടു തന്നെയിരുന്നു. അവർ മൻകൂട്ടി ഒരുക്കിയിരുന്ന വിലയേറിയ ചില സുഗന്ധദ്രവ്യങ്ങൾ യേശുവിന്റെ ശവശരീരത്തിൽ പൂശി അദ്ദേഹത്തോടുള്ള സ്നേഹവും ബഹുമാനവും പ്രദർശിപ്പിക്കണമെന്നുള്ളതായിരുന്നു ഈ പ്രഭാതയാത്രകൊണ്ടു അവർ ഉദ്ദേശിച്ചതു്. എന്നാൽ കല്ലറയ്ക്കൽ എത്തിയപ്പോൾ അവിടെ കണ്ട കാഴ്ച അവരെ ആശ്ചര്യഭരിതരാക്കിതീർത്തു. പാറയിൽ വെട്ടപ്പെട്ട ആ കല്ലറയുടെ വാതിൽക്കൽ വെച്ചിരുന്ന ഭീമാകാരമായ കല്ല് ആരോ ഉരുട്ടിമാററിയിരിക്കുന്നതായും, അതിനുള്ളിൽ ശുഭ്രവസ്ത്രം ധരിച്ച ഒരു യുവൻ ഇരിക്കുന്നതായും അവർ കണ്ടു. അവർ ഭയപരവശരായി നിൽക്കുമ്പോൾ യുവൻ അവരോടു ഇപ്രകാരം പറഞ്ഞു, "നിങ്ങൾ ഭയപ്പെടേണ്ടാ. ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാനറിയുന്നു. അവൻ ഇവിടെയില്ല. താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേററു. അവൻ കിടന്ന സ്ഥലം വന്നു കാണിൻ." ഈ സമാചാരം കേട്ടിട്ട് അവർ ആശ്ചര്യത്തോടും മഹാ സന്തോഷത്തോടുംകൂടെ മടങ്ങിപ്പോയി; യേശുവിന്റെ ശിഷ്യന്മാരിൽ രണ്ടു പേർ ഈ വിവരം അറിഞ്ഞു കല്ലറയ്ക്കൽ ഓടി എത്തുകയും അതിനുള്ളിൽ കടന്നു നോക്കുകയും ചെയ്തു. ശത്രുക്കളാരെങ്കിലും അവിടെ വരികയോ, ധൃതഗതിയായി എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്തതിന്റെ ലക്ഷണമൊന്നും അതിൽ കാണ്മാനില്ലായിരുന്നു. ഒഴിഞ്ഞ ആ കല്ലറ യേശു ഉയിർത്തെഴുന്നേററു എന്നുള്ളതിനു ഒരു പ്രാഥമിക തെളിവായിരിക്കുമെന്നു വിചാരിച്ചുകൊണ്ടു അവർ ആശ്ചര്യത്തോടുകൂടെ തങ്ങളുടെ ഭവനങ്ങളിലേക്കു മടങ്ങിപ്പോയി. യേശു തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പായി പല പ്രാവശ്യം ശിഷ്യന്മാർക്കു പ്രത്യക്ഷമാകുകയും താൻ വാസ്തവത്തിൽ ഉയിർത്തെഴുന്നേററിരിക്കുന്നുവെന്നു സംശയാതീതമായ വിധത്തിൽ അവർക്കു ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. കാൽവറി മലയിൽ പരസ്യമായി ക്രൂശിക്കപ്പെടുകയും, സമീപമുള്ള തോട്ടത്തിൽ സംസ്കരിക്കപ്പെടുകയും ചെയ്ത ശ്രീയേശുക്രിസ്തു മരിച്ചവരുടെയിടയിൽനിന്നു ജയഘോഷത്തോടുകൂടെ ഉയിർത്തെഴുന്നേറ്റുവെന്നും, അവൻ എന്നേക്കും ജീവനോടിരിക്കുന്നുവെന്നും, ശാരീരികമായ കണ്ണുകൾകൊണ്ടു അവർക്കുതന്നെ കാണ്മാൻ കഴിയുകയില്ലെങ്കിലും, താൻ എപ്പോഴും അവരോടുകൂടെ ഉണ്ടെന്നും ആ ശിഷ്യന്മാർ പൂർണ്ണമായി വിശ്വസിച്ചു. തങ്ങളുടെ ഗുരുവിന്റെ മരണത്തിൽ ഒടുക്കം ദുഃഖിച്ചും, നിരാശപ്പെട്ടും, യഹൂദനേതാക്കന്മാരെ ഭയപ്പെട്ടും, ഒളിവിൽ കഴിഞ്ഞുകൂടിയ ശിഷ്യന്മാർ സന്തോഷവും പ്രത്യാശയുമുള്ളവരായിത്തീരുകയും യേശുവിന്റെ പുനരുത്ഥാനത്തിനു തങ്ങളുടെ ജീവനെപ്പോലും തൃണവല്ഗണിച്ചുകൊണ്ടു സാക്ഷ്യം പറയുകയും ചെയ്തു. മരിച്ചുപോയ ഒരാൾ ഉയിർത്തെഴുന്നേററിരിക്കുന്നുവെന്നും, അയാൾ അദൃശ്യനെങ്കിലും ജീവിക്കുന്നുവെന്നും, പരസ്യമായി പ്രസംഗിക്കുവാൻ മൈയ്യപ്പെടണമെങ്കിൽ ആ സംഭവത്തിൽ അവർക്കു എത്രമാത്രം വിശ്വാസം ഉണ്ടായിരുന്നിരിക്കണം!

ശ്രീയേശുക്രിസ്തു കുരിശിന്മേൽ തൂങ്ങിമരിച്ചെന്നു മാത്രം അവർ പ്രസംഗിച്ചിരുന്നുവെങ്കിൽ യഹൂദനേതാക്കന്മാർക്ക് അവരോട് വിരോധമൊന്നുണ്ടാകുകയില്ലായിരുന്നു. എന്നാൽ, യഹൂദസമുദായത്തിലെ നേതാക്കന്മാരും, റോമാഗവൺമെൻറു ഉദ്യോഗസ്ഥന്മാരും കൂടെ ചേർന്നു ക്രൂശിൽ തറച്ച യേശുവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ചിരിക്കുന്നുവെന്നു പ്രസംഗിച്ചതുകൊണ്ടാണ് അവർ സമുദായപ്രമാണികളുടെ വിരോധത്തിനു പാത്രീഭൂതരായിത്തീർന്നത്. പ്രസ്തുത സാക്ഷ്യത്തിനുവേണ്ടി അവരിൽ മിക്കവരും രക്തസാക്ഷിമരണം വരിക്കേണ്ടിവരികയും ചെയ്തു. ക്രൈസ്തവസഭയും അതിൻെറ വിശ്വാസാചാരങ്ങളും, യേശുക്രിസ്തുവിൻെറ പുനരുത്ഥാനത്തിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. യേശു മൃത്യുവിനെ ജയിച്ചു പുനരുത്ഥാനം ചെയ്തുവെന്നുള്ളതു ആശ്ചര്യകരമായ ഒരു സംഭവമാണെന്നു മാത്രമല്ല, ലോകചരിത്രത്തിൽ നേടിയിട്ടുള്ളതിലേക്കും ഏറ്റവും വലിയ വിജയവുമാകുന്നു. യേശു തൻെറ തിരുവവതാരത്താൽ മനുഷ്യവർഗ്ഗത്തോടു സ്വയം ഏകീകരിച്ചിരിക്കുന്നതിനാൽ താൻ നേടിയ ഈ മഹാവിജയത്തിൽ നമുക്കെല്ലാവർക്കും ഭാഗഭാക്കുകളാകാവുന്നതാണ്.

ശ്രീയേശുക്രിസ്തുവിൻെറ പുനരുത്ഥാനം, ഈ ലോകത്തിലെ അന്ധകാരമയമായ സകല മോക്ഷശക്തികളുടെമേലുള്ള ഒരു വിജയമാകുന്നു. മാനുഷികമായി പറയുമ്പോൾ യേശുവിൻെറ ക്രൂശീകരണം, നീതിയുടെയും സത്യത്തിൻെറയും സ്നേഹത്തിൻെറയും സമാധാനത്തിൻെറയും ഒരു സാവർത്രികരാജ്യം സ്ഥാപിക്കുവാനായി വന്ന ആ മഹൽ ഗുരുവിൻെറ ആദർശങ്ങളുടെയും അക്ഷീണപരിശ്രമങ്ങളുടെയും ലജ്ജാകരമായ ഒരു പര്യവസാനമായിരുന്നു. പീലാത്തോസിൻെറ ഭീരുത്വവും, ബഹുജനങ്ങളുടെ അഗണ്യതയും, റോമാപടയാളികളുടെ അജ്ഞതയും, യൂദാഇസ്കര്യോത്താവിൻെറ ദ്രവ്യാഗ്രഹവും, യഹൂദപ്രമാണികളുടെ അസൂയയും, എന്നുവേണ്ടാ, മനുഷ്യൻെറ ബഹുവിധമായ അധമ്മങ്ങൾ യേശുവിനെ ക്രൂശിലേക്കു ആനയിച്ചു: യേശു ക്രൂശിൽ തറക്കപ്പെട്ടപ്പോൾ അതോടുകൂടെ തൻെറ പ്രസ്ഥാനവും എന്നേക്കുമായി നശിച്ചുവെന്നാണ് യഹൂദപ്രമാണികൾ ധരിച്ചത്. ഭൗതിയശക്തി സ്നേഹത്തിനേമേലും, ഭോഷ്ക്കു സത്യത്തിനേമേലും, അനീതി നീതിയുടെമേലും, തിന്മ നന്മയുടെമേലും ജയം കൊണ്ടുവെന്നു പ്രത്യക്ഷത്തിൽ തോന്നിപ്പോയി. എന്നാൽ ക്രിസ്തുവാസുവത്തിൽ ആ ചരിത്രത്തിൻെറ അന്തമല്ലായിരുന്നു. സ്നേഹത്തിൻെറയും നീതിയുടെയും സത്യത്തിൻെറയും ദൈവം യേശുവിനെ ജയഘോഷത്തോടെ ഉയിർത്തെഴുന്നേല്പിച്ചു. ഈ ലോകത്തിൽ മോക്ഷത്തിൻെറ ശക്തികൾ ജയിക്കുന്നതെന്താണെന്നുള്ള ചോദ്യത്തിനു ക്രൈസ്തവസഭ എക്കാലവും നല്കിക്കൊണ്ടിരിക്കുന്ന ഉത്തരം ശ്രീയേശുക്രിസ്തുവിൻെറ പുനരുത്ഥാനത്തിലുള്ള വിശ്വാസമാണ്. ജീവിതപോരാട്ടത്തിൽ നമുക്കുള്ള ഉറപ്പും അതുതന്നെ. സത്യവും സ്നേഹവും നീതിയും ആരംഭത്തിൽ പരാജയപ്പെടുന്നു എന്നു തോന്നിയാലും അന്ത്യത്തിൽ തീർച്ചയായും വിജയിക്കുകതന്നെ ചെയ്യും.

ശ്രീയേശുക്രിസ്തുവിൻെറ പുനരുത്ഥാനം മനുഷ്യൻെറ അന്ത്യശത്രുവായ മരണത്തിന്മേലുള്ള ഒരു മഹാവിജയമാകുന്നു. മരണത്തോടുകൂടെ മനുഷ്യജീവിതം അവസാനിക്കുന്നില്ല. മരണത്തിനുശേഷം അവൻെറ പഞ്ചഭൂതാത്മകമായ ശരീരം ദ്രവിച്ചുപോകുന്നുവെങ്കിലും ആത്മാവു ജീവനുള്ളതായിത്തന്നെയിരിക്കുന്നു. മനുഷ്യാത്മാവിൻെറ അനശ്വരതയെപ്പറ്റിയുള്ള ക്രൈസ്തവസഭയുടെ വിശ്വാസം ശ്രീയേശുക്രിസ്തുവിൻെറ പുനരുത്ഥാനത്തിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. സഭയുടെ ആരംഭം മുതൽ തന്നെ ക്രൈസ്തവർക്കു മരിച്ചുപോയതങ്ങളുടെ പ്രിയപ്പെട്ടവരെക്കുറിച്ചു വലിയ ഒരു പ്രത്യാശയാണുണ്ടായിരുന്നത്. മരണാനന്തരം അവരുടെ ശരീരം നശിച്ചുപോകുമെങ്കിലും ആത്മാവു ജീവനോടിരിക്കുന്നുവെന്നും അവരുടെ വ്യക്തിത്വത്തെ പൂർണ്ണമായി പ്രകടിപ്പിക്കുന്നതിനു ഒരു നിലയിൽ മഹത്വമേറിയ ശരീരത്തോടുകൂടെ അവർ ഒരിക്കൽ പുനരുത്ഥാനം ചെയ്യുമെന്നും അവർ വിശ്വസിക്കുന്നു. ഒരു വലിയ ചിന്തകനും മതപ്രാസംഗികനുമായ വിശുദ്ധ പൌലൊസ് പറയുന്നതു മരിച്ചവരുടെ പുനരുത്ഥാനത്തിനുള്ള ഏറ്റവും വലിയ തെളിവു പ്രകൃതിയിൽ കാണാമെന്നാണ്.

ഒരു നെൽമണി മണ്ണിൽ വീണിട്ടു ചാകാതിരുന്നാൽ തനിയെ ഇരിക്കുന്നു. എന്നാൽ അതു ചത്തു, അഴകി ദ്രവിക്കുമ്പോൾ അതിലുള്ള ജീവൻ ഒരു നെൽച്ചെടിയായി പുനരുത്ഥാനം ചെയ്യുന്നു. യേശുക്രിസ്തു മരിച്ചിട്ടു മൂന്നാം ദിവസം പുനരുത്ഥാനം ചെയ്തതുപോലെ ദൈവത്തോടുള്ള സ്ഥിരമായ ഭക്തിയിൽ ജീവിക്കുന്നവർക്കു മരണാനന്തരം ഒരു മഹത്വമേറിയ പുനരുത്ഥാനം ഉണ്ടാകുമെന്നു ക്രൈസ്തവർ ദൃഢമായി വിശ്വസിക്കുന്നു. ക്രിസ്തുവിനു മുമ്പു റോമാസാമ്രാജ്യത്തിൽ മരിച്ചവരെ സംസ്കരിക്കുന്നതു സാധാരണയായി പശ്ചിമദിക്കിനഭിമുഖമായിട്ടായിരുന്നു. മരണത്തോടുകൂടെ മനുഷ്യൻ അന്ധകാരമയമായ ഒരവസ്ഥയിലേക്കു പ്രവേശിക്കുന്നു എന്നാണ് അതിന്റെ സൂചന. എന്നാൽ ക്രൈസ്തവർ ഈ പതിവു വ്യത്യാസപ്പെടുത്തി പൂർവ്വദിക്കിനഭിമുഖമായി അവരുടെ മരിച്ചവരെ സംസ്കരിക്കുവാൻ തുടങ്ങി. മരിച്ചുപോയവർ മഹത്വമേറിയ ശരീരങ്ങളോടെ ഉയിർത്തെഴുന്നേല്ക്കുന്ന ഒരു സുപ്രഭാതത്തിനായി അവർ നോക്കിപ്പാർക്കുന്നുവെന്നാണ് അതിന്റെ അർത്ഥം. ഈ വിശ്വാസവും പ്രത്യാശയും കാലാകാലങ്ങളിൽ ജീവിച്ചിട്ടുള്ള ക്രിസ്ത്യാനികൾക്കു കഷ്ടതയിലും പീഡനങ്ങളിലും വളരെ ആശ്വാസവും ധൈര്യവും പ്രദാനം ചെയ്തിട്ടുണ്ട്. ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ ശൈശവാവസ്ഥയിലിരുന്ന ക്രൈസ്തവസഭയ്ക്കു വളരെ കഷ്ടതകൾ അനുഭവിക്കേണ്ടതായിവന്നു. ഒടുവിൽ അന്നത്തെ ഒരു മഹൽശക്തിയായിരുന്ന റോമാസാമ്രാജ്യം തന്നെയും സഭയെ നശിപ്പിക്കുന്നതിനായി നിഷ്ഠുരമായ പീഡനം ആരംഭിച്ചു. ക്രിസ്ത്യാനികളാകട്ടെ ഈ കഷ്ടങ്ങളെ ആശ്ചര്യകരമായ ധീരതയോടെയാണ് അഭിമുഖീകരിച്ചതു്. മൂന്നു നൂറ്റാണ്ടുകൾക്കുശേഷം റോമാസാമ്രാജ്യം തന്നെയും ക്രൈസ്തവസ്വാധീനത്തിനു കീഴ്പ്പെടുകയാണുണ്ടായതു്. ഗിബ്ബൺ എന്ന സുപ്രസിദ്ധ ചരിത്രകാരൻ പറയുന്നതു സഭയുടെ ഈ അത്ഭുതകരമായ വിജയത്തിനുള്ള പ്രധാന കാരണം ക്രിസ്ത്യാനികൾക്കു മനുഷ്യാത്മാവിന്റെ അനശ്വരതയെപ്പറ്റിയുള്ള ദൃഢമായ വിശ്വാസമായിരുന്നുവെന്നാണ്.

ശ്രീയേശുക്രിസ്തുവിന്റെ പുനരുത്ഥാനം പാപത്തിന്മേലുള്ള ഒരു വിജയവുമാകുന്നു. അതു ലോകചരിത്രത്തിൽ ഒരു പ്രത്യേകസമയത്തു നടന്ന ഒരു സംഭവം മാത്രമല്ല, പിന്നെയോ, മനുഷ്യന്റെ അഭ്യുത്തമിക ജീവിതത്തോടു ബന്ധപ്പെട്ടിരിക്കുന്ന ഒരു നിത്യയാഥാർത്ഥ്യം കൂടെയാണ്. വിശുദ്ധ പൌലൊസ് റോമാപട്ടണത്തിലുള്ള ക്രൈസ്തവമതാനുസാരികൾക്കു നല്കുന്ന ഉപദേശം ഇവിടെ സ്മരണീയമാണ്. "ക്രിസ്തുയേശു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു. അവൻ ജീവിക്കുന്നതോ ദൈവത്തിനു ജീവിക്കുന്നു. അപ്രകാരം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളുത്തന്നെ എണ്ണുവിൻ." ക്രൈസ്തവമതാനുസാരികളെ സഭയിലേക്കു പ്രവേശിപ്പിക്കുന്നതിനു സ്നാനകർമ്മം നടത്തുന്നതു് അതിപുരാതനമായിട്ടുള്ള ഒരാചാരമാണ്. പ്രസ്തുത കർമ്മത്തിന്റെ അർത്ഥം വിശദീകരിക്കുന്നതിനായിട്ടാണ് വിശുദ്ധ പൌലൊസ് ഇവിടെ ശ്രമിക്കുന്നതു്. പുരാതനകാലത്തു ക്രൈസ്തവദേവാലയങ്ങളോടനുബന്ധിച്ചു മതാനുസാരികളെ സ്നാനപ്പെടുത്തുന്നതിനുള്ള കുളങ്ങൾ ഉണ്ടായിരുന്നു. അതിൽ സ്നാനാർത്ഥികളെ മജ്ജനം ചെയ്യിക്കയും, അതിനുശേഷം അവരെ ശുഭ്രവസ്ത്രം ധരിപ്പിച്ചു ദേവാലയത്തിലേക്കു കൊണ്ടുപോകുകയും ചെയ്യുക പതിവായിരുന്നു. ഈ കർമ്മം ഒരു പ്രതീകമാണെന്നും, സ്നാനപ്പെടുന്ന ആൾ ആത്മീകമായി പാപത്തിനു മരിക്കുകയും നീതിക്കു ജീവിക്കുകയും ആകുന്നു ചെയ്യുന്നതെന്നും അദ്ദേഹം വിശദമാക്കുന്നു. ശ്രീയേശുക്രിസ്തു മനുഷ്യാവതാരം ചെയ്തതു ദൈവത്തിനു മനുഷ്യവർഗ്ഗത്തോടുള്ള ആർദ്രസ്നേഹം വെളിപ്പെടുത്തുന്നതിനായിരുന്നു. അതു ക്രിയാത്മകമായ ഒരു സ്നേഹമാണ്. ഒരാൾ തന്റെ പാപത്തെക്കുറിച്ചു അനുതപിച്ചു, ദൈവത്തിങ്കലേക്കു തിരിയുന്നുവെങ്കിൽ, സ്നേഹവാനായ ദൈവം ക്രിസ്തുമൂലം അവനോടു ക്ഷമിക്കുകയും, തന്നോടുള്ള കൂട്ടായ്മയിൽ അയാളെ യഥാസ്ഥാനപ്പെടുത്തുകയും, മേലാൽ ഒരു വിശുദ്ധ ജീവിതം നയിക്കുന്നതിനു് ആവശ്യമുള്ള ദിവ്യശക്തി അവനു നല്കുകയും ചെയ്യുന്നു എന്നുള്ളതാണ്, ക്രൈസ്തവസുവിശേഷത്തിന്റെ മർമ്മം. അഥവാ, നമുക്കു നമ്മുടെ പാപങ്ങളുടെ മോചനം, യേശുവിന്റെ പുണ്യമരണത്തിനാലും,

അതിനെ ജയിച്ചു ഒരു വിശുദ്ധ ജീവിതം നയിക്കുന്നതിനുള്ള കഴിവു തന്നെ പുനരുത്ഥാനത്തിന്റെ ശക്തിയാലും ലഭ്യമാകുന്നു എന്നുള്ളതാണ്. അതുകൊണ്ടു ശ്രീയേശുക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും മനുഷ്യന്റെ മൈനംദിനമുള്ള ആദ്ധ്യാത്മിക ജീവിതത്തോടു ബന്ധപ്പെട്ടിരിക്കുന്നുവെന്നു ക്രൈസ്തവർ വിശ്വസിക്കുന്നു. കുറവുകളും ബലഹീനതകളും നമുക്കെല്ലാവർക്കും ഉണ്ട്. പക, കോപം, അലസത, അസൂയ, സ്വാർത്ഥത എന്നിങ്ങനെയുള്ള ദോഷസ്വഭാവങ്ങൾക്കു നാം ദിനംപ്രതി മരിക്കുകയും, ക്രിസ്തുവിൽ ഒരു നവജീവിതത്തിനായി ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുന്നതാണ് പ്രസ്തുത വിജയത്തിന്റെ സ്വഭാവം.

ശ്രീയേശുക്രിസ്തുവിന്റെ പുനരുത്ഥാനം അദൃശ്യനായ ദൈവത്തിന്റെ നിരന്തരസാന്നിദ്ധ്യത്തെപ്പറ്റിയുള്ള ഒരുറപ്പു നമുക്കു നല്കുന്നു. യേശു പുനരുത്ഥാനം ചെയ്തതിന്റെശേഷം നാല്പതു ദിവസത്തേക്ക് തന്റെ ശിഷ്യന്മാക്ക് പല അവസ്ഥയിലും സ്ഥിതിയിലും പ്രത്യക്ഷമായിക്കൊണ്ടിരുന്നു. ആ ദിവസംതന്നെ ഉച്ചതിരിഞ്ഞു തന്റെ ശിഷ്യഗണത്തിൽപ്പെട്ട രണ്ടുപേർ എമ്മവൂസ് എന്ന ഗ്രാമത്തിലേക്കു പോകുമ്പോൾ യേശു അവരോടു ചേർന്നു നടക്കുകയും, അത്താഴത്തിനിരിക്കുമ്പോൾ സ്വയം അവർക്കു വെളിപ്പെടുത്തുകയും ചെയ്തു. അന്നു രാത്രിയിൽ യെരുശലേമിലെ ഒരു മാളികമുറിയിൽ ഒരുമിച്ചുകൂടിയിരുന്ന ശിഷ്യന്മാരുടെ നടുവിൽ താൻ പ്രത്യക്ഷനായി, അവരുടെ സംശയമെല്ലാം ദൂരീകരിക്കുകയും താൻ വാസ്തവമായി ഉയിർത്തെഴുന്നേറ്റിരിക്കുന്നുവെന്നു അവർക്കു ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. ഏതാനും ദിവസങ്ങൾക്കുശേഷം ഒരു സുപ്രഭാതത്തിൽ ഗലീലാക്കടൽ തീരത്തുവെച്ചു മീൻപിടുത്തത്തിൽ ഏർപ്പെട്ടിരുന്ന അഞ്ചു ശിഷ്യന്മാക്ക് താൻ പ്രത്യക്ഷനായി. തന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ഉയിർത്തെഴുന്നേറ്റ യേശുവിന്റെ നിരന്തര സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ബോധത്തിലും തന്നോടുള്ള കൂട്ടായ്മയിലും അവർ ജീവിക്കുകയും ചെയ്തു. ദൈവത്തോടുള്ള സംസർഗ്ഗത്തിൽ എപ്പോഴും ജീവിക്കുവാൻ കഴിയുന്നതാണ് നമ്മുടെ ആദ്ധ്യാത്മികജീവിതത്തിൽ ഉണ്ടാകാവുന്നതിലേക്കും ഏറ്റവും വലിയ നേട്ടം. വിശ്വാസത്താൽ അദൃശ്യനായ ദൈവത്തെ കാണുന്നു എന്നതുപോലെ ജീവിക്കുവാനും നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ദൈവത്തിനായിട്ടെന്നതുപോലെ നിർവ്വഹിക്കുവാനും ശ്രമിക്കുന്നതാണ് പ്രസ്തുത അനുഭവത്തിലേക്കു നമ്മെ നടത്തുന്ന മുഖ്യമാർഗ്ഗം. ഈ ലോകത്തിൽ ദൈവത്തോടുള്ള സംസർഗ്ഗത്തിൽ നാം അനുദിനം വളരുന്നുവെങ്കിൽ, മരണാനന്തരം ആ സംസർഗ്ഗം ഏറ്റവും പൂർണ്ണമായി അനുഭവിപ്പാൻ നമുക്കു കഴിയുമെന്നുള്ളതാണ് ശ്രീയേശുക്രിസ്തു നിത്യജീവനെപ്പറ്റി പഠിപ്പിച്ചിട്ടുള്ള ഉപദേശങ്ങളുടെ സാരം.

ലോകമെങ്ങും ക്രൈസ്തവരുടെയിടയിൽ വളരെ പ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു സന്ധ്യാകീർത്തനമാണല്ലൊ, "ക്രൂടെ പാക്ക്, നേരം വൈകുന്നിതാ" എന്നുള്ളത്. 19-ാം നൂറ്റാണ്ടിൽ ഹെൻറി ഫ്രാൻസിസ് ലൈറ്റ് എന്ന പേരായ ഒരു ആംഗ്ലേയാപട്ടക്കാരൻ, "Abide with me" എന്ന ശീർഷകത്തിൽ രചിച്ച ഒരു കവിതയാണ് ഇതിന്റെ മൂലം. അദ്ദേഹം ഇംഗ്ലണ്ടിന്റെ കടൽത്തീരത്തുള്ള ഒരു ഗ്രാമത്തിൽ മത്സ്യത്തൊഴിലാളികളുടെയിടയിൽ സേവനം നിർവ്വഹിച്ചുവരുമ്പോൾ നിർഭാഗ്യവശാൽ ക്ഷയരോഗബാധിതനായിത്തീരുകയും തൻമൂലം ജോലിയിൽനിന്നു വിരമിക്കുവാൻ നിർബ്ബന്ധിതനായിത്തീരുകയും ചെയ്തു. ഒരു ഞായറാഴ്ച ദിവസം വൈകുന്നേരം നടത്തപ്പെട്ട ആരാധനയിൽ അദ്ദേഹം തന്റെ ജനങ്ങളോടു അന്ത്യമായി യാത്ര പറഞ്ഞു. അതിനുശേഷം കടൽത്തീരത്തുള്ള തന്റെ വസതിയിലേക്കു ഏകനായി സാവധാനത്തിൽ നടന്നു പോകുകയായിരുന്നു. ഏതാനും ആഴ്ചവട്ടങ്ങൾക്കുള്ളിൽ തനിക്കു ഈ ലോകത്തിൽ ജീവിതം അവശേഷിച്ചിട്ടുള്ളുവെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ആ സന്ധ്യായാമത്തിന്റെ ശാന്തത തീരപ്രദേശത്തെങ്ങും വ്യാപിച്ചിരുന്നു. പ്രശാന്തമായ ആ അന്തരീക്ഷത്തിൽ അദൃശ്യനായ ദൈവത്തിന്റെ സാന്നിദ്ധ്യത്തെപ്പറ്റിയുള്ള അഗാധമായ ബോധത്താൽ അദ്ദേഹത്തിന്റെ ഹൃദയം പ്രകാശിതമായി. എമ്മവൂസിലേക്കു പോയ ശിഷ്യന്മാരോടുകൂടെ ആ സന്ധ്യാസമയത്തു ഉയിർത്തെഴുന്നേറ്റ കർത്താവു ചേർന്നു നടന്ന സംഭവവും അദ്ദേഹം സ്മരിച്ചു. ഒരു

കഷ്ടതകളിൽ കൂടെ കടന്നുപോയ മശിഹാ

By Koshy John

കഷ്ടാനുഭവയാഴ്ചയിൽ ലോകരക്ഷിതാവായ മശിഹാ സഹിച്ച കഷ്ടതകളെപ്പറ്റി വായനക്കാരിൽ പലരും ചിന്തിച്ചു കാണുമല്ലോ. അതിനെതുടർന്നു പ്രസ്തുത വിഷയത്തെപ്പറ്റി ചില സംഗതികൾ പറയണമെന്നു ആഗ്രഹിക്കുന്നു. ത്രിത്വത്തിലെ രണ്ടാമത്തെ ആളും സാക്ഷാൽ ദൈവവും ആയിരുന്ന ദൈവപുത്രൻ കഷ്ടതകൾക്കു അധീനൻ ആയതെങ്ങിനെ എന്നുള്ളതു പലർക്കും ഒരു വിഷമപ്രശ്നമാകുന്നു. യേശുവിന്റെ കാലത്തെ യഹൂദ ജാതിയ്ക്കുണ്ടായിരുന്ന സംശയവും ഇതുതന്നെയായിരുന്നു. അവർ നോക്കി പാർത്തിരുന്നതു കഷ്ടപ്പെടുന്ന ഒരു മശിഹായ്ക്കുവേണ്ടി അല്ലായിരുന്നു. നേരെമറിച്ചു അവർ കാത്തിരുന്നതു ശ്രേഷ്ഠകുലത്തിൽനിന്നു അവതരിച്ചു അവരെ റോമാസാമ്രാജ്യത്തിന്റെ മേൽകോയ്മയിൽ നിന്നു വിടുവിക്കുന്ന ശക്തനായ ഒരു മശിഹായ്ക്കുവേണ്ടി ആയിരുന്നു. അതുകൊണ്ടായിരുന്നു "നസ്രേത്തിൽനിന്നു വല്ല നന്മയും ഉണ്ടാകുമോ" എന്നു നഥാനിയേൽ ഫിലിപ്പോസിനോടു ചോദിച്ചതു്. അവണ്ണം തന്നേ, "ഇവൻ തച്ചന്റെ മകനല്ലയോ!" എന്നു യഹൂദപ്രമാണികളും യേശുവിനെ പുച്ഛിച്ചു പറഞ്ഞു.

വലിയ ആത്മീയ ആനന്ദം അദ്ദേഹത്തിനനുഭവമായി. ജീവിതയാത്രയുടെ അന്ത്യത്തിൽ, ഉയിർത്തെഴുനേറ്റ യേശുവിന്റെ സാന്നിദ്ധ്യം തന്നോടുകൂടെ ഉണ്ടായിരിക്കുന്നതു് എത്ര സൗഭാഗ്യകരമായ ഒരനുഭവമാണെന്ന് അദ്ദേഹം ഓർത്തു സന്തോഷിച്ചു. വീട്ടിൽ ചെന്നയുടനെ തന്റെ ആനന്ദകരമായ ഈ അദ്ധ്യാത്മീക അനുഭവത്തെ പ്രസ്തുതമാക്കിക്കൊണ്ടു ഈ സുപ്രസിദ്ധ ഗാനം രചിക്കുകയാണുണ്ടായതു്.

ആയുസ്സാം ചെറുദിനം പോകുന്നു
ഭ്രമസന്തോഷമഹിമ മങ്ങുന്നു,
ചുറ്റിലും കാണുന്നു മാറ്റം, കേട്ട്
മാറ്റമില്ലാ ദേവാ കൂടെ പാർക്ക.

സർവ്വാ നിൻ സാന്നിദ്ധ്യം വേണം താതാ
പാതകന്മേൽ ജയം നിൻ കൃപയാൽ
തുണ ചെയ്യാൻ നീയല്ലാതാരുമുള്ളൂ,
സന്തോഷസന്താപെ കൂടെ പാർക്ക.

ശത്രുഭയമില്ല അങ്ങുണ്ടെങ്കിൽ
ലോകക്കണ്ണീരിനില്ല കയ്പൊട്ടും
പാതാളമേ ജയം എവിടെ, നിൻ
മൃത്യുമുൾപോയ്, ജയം, കൂടെ പാർക്ക.

കണ്ണടഞ്ഞീടുമ്പോൾ നിൻ ക്രൂശിനെ
കാണുമേൽ ലോകമഹിമയും
ഭ്രമിത്ഥ്യാനിഴൽ ഗമിക്കുന്നിതാ
ഭാഗ്യോദയമായ്; നീ കൂടെ പാർക്ക.

അദൃശ്യനായ ദൈവത്തിന്റെ നിരന്തര സാന്നിദ്ധ്യവും തന്നോടുള്ള ദിവ്യസംസർഗ്ഗവും വിശ്വാസത്താൽ അനുഭവിക്കുന്നതാണ് നമ്മുടെ അദ്ധ്യാത്മീകജീവിതത്തിന്റെ പരമലക്ഷ്യം. പ്രസ്തുത അനുഭവത്തിലാണ് മനുഷ്യജീവിതത്തിന്റെ യഥാർത്ഥ സൌഭാഗ്യം സ്ഥിതിചെയ്യുന്നതും. ഈ അർത്ഥത്തിൽ നിങ്ങൾക്കെല്ലാവർക്കും സൌഭാഗ്യകരമായ ഒരു ഈസ്റ്ററാശംസ ഞാൻ ആശംസിച്ചുകൊള്ളുന്നു.

എന്നാൽ ദൈവം തന്റെ പുത്രനെ നിയോഗിച്ചു അവനെ നടത്തിയതു കഷ്ടതകളുടെ പന്ഥാവിൽക്കൂടെ ആയിരുന്നു. അതിനാൽ യേശുവിന്റെ മാതാവിനു പ്രസവത്തിനു വേണ്ടി വഴിയമ്പലത്തിൽ ഇടം ഇല്ലാതെ വരികയും ശിശുവിനെ ഒരു പശുത്തൊട്ടിയിൽ കിടത്തേണ്ടി വരികയും ചെയ്തു. ക്രൂരതയെയും ഹേറോദേസു ശിശുവിനെ കൊല്ലുന്നതിനു ശ്രമിച്ചതിനാൽ രാത്രിയിൽ ശിശുവിനെയുംകൊണ്ടു അമ്മയപ്പന്മാർ ബദ്ധപ്പെട്ടു എജിപ്തിലേക്കു ഓടിപ്പോകുന്നതിനിടയായി. ഇവയെല്ലാം ക്രിസ്തുവിന്റെ കഷ്ടതകളുടെ ആരംഭങ്ങൾ മാത്രമായിരുന്നു.

കഷ്ടത, പാപത്തിന്റെ ശിക്ഷയാകുന്നു. പാപം ലോകത്തിലേക്കു പ്രവേശിച്ചതോടുകൂടെ അതിന്റെ ശിക്ഷയായി കഷ്ടതകളും പ്രവേശിച്ചു. അതിനാലായിരുന്നു, "നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു" എന്നു ദൈവം ആദാമിനോടു അരുളിച്ചെയ്തു. കഷ്ടതകളാകുന്ന ശാപത്തെ തീക്ഷ്ണതിനു മശിഹാ ഇറങ്ങി വന്നു കഷ്ടതകളിൽക്കൂടെ കടന്നുപോയതു കഷ്ടതകളുടെ നിവാരണത്തിനു എതുയും അനുയോജ്യമായതു ആകുന്നു. ശിശുവായിരുന്ന യേശുവിനെ തന്റെ കൈകളിൽ എടുത്തുകൊണ്ടു അമ്മയായ മറിയയോടു, "നിന്റെ ഹൃദയത്തിൽക്കൂടെ ഒരു വാൾ കടന്നുപോകും" എന്നു പറഞ്ഞപ്പോൾ മകൻ അനുഭവിക്കേണ്ടി വരുന്ന കഷ്ടതകളെപ്പറ്റി ശിമ്യോൻ അമ്മയെ അറിയിക്കുകയായിരുന്നു.

യേശു കഷ്ടതകളിൽക്കൂടെ കടന്നതിനാൽ താൻ ഒരു വെറും മനുഷ്യനായിരുന്നുവെന്നു പറയുന്ന അനേകർ ഇന്നു ലോകത്തിൽ ഉണ്ടു്. എന്നാൽ തന്റെ മനുഷ്യത്വത്തിൽ മറഞ്ഞു കിടന്ന ദൈവത്വത്തെ അവർ കാണുന്നില്ല. മിന്നാമിനുങ്ങു അതിന്റെ ദീപത്തെ കാണിക്കുകയും മറയ്ക്കുകയും ചെയ്യുന്നതുപോലെ തന്റെ ദൈവത്വം മനുഷ്യത്വത്തിൽ മിന്നിമിന്നി കാണിച്ചുകൊണ്ടിരുന്നു. നസ്രേത്തിൽ വച്ചു തന്നെ തലകീഴായി ഒരു മലയുടെ മുകളിൽ നിന്നു തള്ളിയിടുവാൻ ശ്രമിച്ചപ്പോൾ ശത്രുക്കളെ സ്തംഭിപ്പിച്ചു അവരുടെ മദ്ധ്യത്തിൽക്കൂടെ കടന്നുപോയതും അഗാധമായ ഗലിലിയാക്കടലിൽ കിടന്ന മീനിന്റെ വായിൽ ഒരു വെള്ളിക്കാശു ഉണ്ടെന്നു കണ്ടതും ഗത്ശമേന തോട്ടത്തിൽവച്ചു തന്നെ പിടിപ്പാൻ വന്ന ശത്രുക്കൾ പിന്നോക്കം മാറി നിലത്തു വീണതും മറ്റും തന്റെ ദൈവത്വത്തിന്റെ മറുത്തു കൂടാത്ത സാക്ഷ്യങ്ങളായിരുന്നു. ഇപ്രകാരമുള്ള അത്ഭുതവരദൈവത്വത്തിന്റെ ശക്തി തനിയ്ക്കുണ്ടായിരുന്നിട്ടും മശിഹാ കഷ്ടതകളാകുന്ന ജീവിത വഴിയെ തെരഞ്ഞെടുത്തതിൽ അത്രേ ക്രിസ്ത്യാനിമാർഗ്ഗത്തിന്റെ മാഹാത്മ്യം സ്ഥിതി ചെയ്യുന്നതു്.

"സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതയ്ക്കും" എന്നു ദൈവം ആദാമിനോടു പറഞ്ഞപ്പോൾ നീചനീചനായിരുന്ന സാത്താന്റെ ഭീതി, തന്റെ തല ചതയ്ക്കപ്പെടുന്നതു് എങ്ങനെയായിരിക്കും, എന്നായിരുന്നു. യേശുവിന്റെ ദൈവത്വം മൂലമായി അവന്റെ തല ചതയ്ക്കപ്പെടുമെങ്കിൽ അതിലൊട്ടുംതന്നെ അതിശയിപ്പാനില്ലായെന്നു അവൻ വിചാരിച്ചു കാണണം. എന്നാൽ യേശുവിന്റെ മനുഷ്യത്വത്തിൽക്കൂടെ അവന്റെ തലയെ ചതപ്പാനാകുന്ന ദൈവം നിശ്ചയിച്ചിരിക്കുന്നെങ്കിൽ അതിനെ തടസ്സപ്പെടുത്തുവാനുള്ള പോംവഴികൾ അവനുണ്ടെന്നും സാത്താൻ വിചാരിച്ചു കാണും. അതിനാൽ യേശുവിനുണ്ടായിരുന്ന കഷ്ടതകളിൽ തന്റെ ദൈവത്വത്തെ പ്രത്യക്ഷപ്പെടുത്തി. അങ്ങനെ തന്റെ കഷ്ടതകളെ ജയിപ്പാനുള്ള പരീക്ഷയായിരുന്ന അവൻ യേശുവിന്റെ മുമ്പാകെ കൊണ്ടുവന്നതു്. നാല്പതുദിവസത്തെ ഉപവാസത്തിനുശേഷം യേശുവിനു വിശന്നു എന്നു പറഞ്ഞിരിക്കുന്നു. വിശപ്പു ഒരു കഷ്ടത തന്നെ; എന്നാൽ വിശപ്പടക്കുന്നതിനു ആഹാരം ഇല്ലാതെ വരുന്നതു, ഏറ്റവും വലിയ കഷ്ടതയാണല്ലോ. ഈ സന്ദർഭത്തിൽ യേശുവിനുണ്ടായിരുന്ന വിശപ്പാകുന്ന കഷ്ടത തന്റെ ദൈവത്വം ഉപയോഗിച്ചു കല്ലു അപ്പമാക്കി ഭക്ഷിച്ചു തീർക്കുന്നതിനായിരുന്നു, സാത്താൻ കൊണ്ടുവന്ന നയവഞ്ചക—പരീക്ഷ! ഇതിനു കുത്താവു വഴിപ്പെടാതെ വിശപ്പാകുന്ന കഷ്ടത സഹിച്ചുകൊണ്ടു തന്നെയിരുന്നു. അവസ്സന്നംതന്നെ തന്റെ കഷ്ടതകളുടെ മൂർദ്ധന്യമായ ക്രൂശിന്മേൽ ആണികളാൽ തറയ്ക്കപ്പെട്ടവനായി മശിഹാ കിടന്ന സമയത്തു

സി. എസ്സ്. ഐ.—ആദ്യത്തെ പത്തുവർഷങ്ങൾ

2. ഒരു ദേശീയസഭ

(ബിഷപ്പ് ഡേവിഡ് ചെല്ലപ്പാ ഡി. ഡി.)

(തുടർച്ച)

സുവിശേഷീകരണം എന്ന കാതലായ ചോദ്യം.

"ഏതെങ്കിലും സ്ഥലത്തു സുവിശേഷപ്രവർത്തനങ്ങൾ നടത്തുന്നതിനു നിങ്ങളുടെ കഴിവുകൾ സ്വതന്ത്രമായി ഉപയോഗപ്പെടുത്തുന്നുണ്ടോ?" എന്ന ചോദ്യത്തിനു യാതൊരു മഹായിടവകയും തൃപ്തികരമായ ഉത്തരം നല്കുകയില്ല. ചിലർ ഉത്തരമേ നല്കിയിട്ടില്ല. "അവനിവ്വഹിക്കുന്നതിനുള്ള വഴിയും മുഖാന്തരങ്ങളും കണ്ടുപിടിക്കുന്നതിൽ മഹായിടവക ബദ്ധശ്രദ്ധയാണ്." ഒരു മഹായിടവകയുടെ ഉത്തരം വേറൊന്നു പറയുന്നതു് "പുതിയ സമാരംഭങ്ങൾക്കുവേണ്ടി കുറെ ഫണ്ടുകൾ മാററി വയ്ക്കുന്നുണ്ടു്." ഇതു തികച്ചും ആശ്വാസകരമാണു്. എന്നാൽ ഈ "കുറെ ഫണ്ടുകൾ" എത്രമാത്രമുണ്ടു? ഒരു മഹായിടവക സത്യാവസ്ഥ വെളിപ്പെടുത്തി. "സുവിശേഷപ്രയത്നങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി സഭയുടെ മുതൽ നീക്കിവയ്ക്കുവാൻ മഹായിടവകയ്ക്കു സാധിക്കുന്നില്ല. കണക്കുകൾ വെളിപ്പെടുത്തുന്നതുപോലെ

സകല അധമ്മങ്ങളുടെയും പ്രഭവായ സാത്താൻ യഹൂദപ്രമാണികളെ കൊണ്ടു വിളിച്ചുപറയിച്ചതു "നീ ദൈവപുത്രനെങ്കിൽ ക്രൂശിൽനിന്നു ഇറങ്ങിവരിക, എന്നാൽ ഞങ്ങൾ നിന്നെ വിശ്വസിക്കാം" എന്നായിരുന്നു. തന്റെ തല ചതയ്ക്കപ്പെടാതിരിപ്പാനുള്ള പോംവഴികളായിരുന്നു, ഈ സമയങ്ങളിലെല്ലാം സാത്താന്റെ ആകുലചിന്ത. എന്നാൽ കുരിശു കഷ്ടതകളിൽ ക്രൂടെത്തന്നെ മുന്നോട്ടുപോയി. ക്രൂശാരോഹണസമയത്തു താൻ അനുഭവിച്ച കഷ്ടതയെപ്പററി കുറഞ്ഞൊന്നു ചിന്തിക്കുക! കുരിശു നിലത്തു വച്ചിട്ടു യേശുവിനെ അതിന്മേൽ കിടത്തി, പടയാളികൾ തന്റെ കൈകാലുകളെ ആണികളാൽ തറച്ചതിന്റെശേഷം നിഷ്ഠുരികളായ അവർ കുരിശു പൊക്കി അങ്ങോട്ടും ഇങ്ങോട്ടും ഉലച്ചുകൊണ്ടു കുരിശിന്റെ കുഴിയിലേക്കു ഇറക്കി. അയ്യോ! നിങ്ങൾ കുരിശു ഉലയ്ക്കാതെ അതിന്റെ കുഴപ്പമില്ലെ ഇറക്കണമേ' എന്നു ആ കഠിന കണ്ണുനീരോടു പറയുവാൻ യാതൊരു സഹതാപിയുമുണ്ടായിരുന്നില്ല. ഈ സമയത്തു അതുകണ്ടു നിന്നവരുടെ നെഞ്ചു പിളരത്തക്കവണ്ണം, തന്റെ ശരീരത്തിൽ ഉണ്ടായ വേദന എത്രമാത്രമെന്നു ആക്കു വർണ്ണിപ്പാൻ കഴിയും!

യേശുവിന്റെ കഷ്ടതകളുടെ അവസാനം, പറുദീസ ആയിരുന്നു. "ഇന്നു നീ എന്നോടുകൂടെ പറുദീസായിൽ ഇരിക്കും" എന്നായിരുന്നുവല്ലോ, തന്നോടുകൂടെ ക്രൂശിക്കപ്പെട്ട കള്ളനോടു അരുളിച്ചെയ്തതു്.

അബ്രഹാം, യാതനയിൽ കിടന്നു ക്ലേശം അനുഭവിച്ച ആ ധനവാനോടു വിളിച്ചുപറഞ്ഞതു 'മകനേ, നീ നിന്റെ ആയുസ്സിൽ നിന്റെ സുഖങ്ങൾ അനുഭവിച്ചപ്പോൾ ലാസർ ദുഃഖങ്ങളും അഥവാ കഷ്ടതകളും അനുഭവിച്ചു എന്നോർക്ക' എന്നായിരുന്നുവല്ലോ.

ഒരുപക്ഷേ, യേശു ദൈവമായിരുന്നതിനാൽ ശത്രുക്കളിൽനിന്നു മരിക്കാതെ രക്ഷപ്പെട്ടുപോകുമെന്നായിരിക്കണം സാത്താൻ വിചാരിച്ചതു്. ഈ ചിന്ത തന്നെ ആയിരുന്നല്ലോ തന്നെ ഒററിക്കൊടുത്ത യൂദായ്ക്കും ഉണ്ടായിരുന്നതു്. എന്നാൽ തന്റെ മരണത്താൽ പറുദീസായുടെ വാതിൽ മനുഷ്യജാതിക്കുവേണ്ടി തുറന്നപ്പോൾ സാത്താൻ ഒരു കുടുക്കിൽവന്നു വീഴുകയും അവന്റെ തല ചതയ്ക്കപ്പെടുകയും ചെയ്തു. അതിനാൽ മാരിമൃദുഃഖത്താലോ, രോഗപീഡകളാലോ കഷ്ടത അനുഭവിക്കുന്ന വിശ്വാസികളായ ദൈവമക്കൾ ഏവരുമേ! ധൈര്യപ്പെടുവിൻ!

മഹായിടവകയുടെ ഇടവകപ്രവർത്തനത്തിനുപോലും വേണ്ട യോഗ്യതയില്ലാത്തവരാണ് ഞങ്ങളുടെ പട്ടക്കാർ. അതുകൊണ്ട് ശക്തിയായ ഒരു റിസേർവ് ഇല്ല. സുവിശേഷപ്രയത്നത്തിനു ഒരു ഗ്രൂപ്പുണ്ടാക്കുന്നതിനെപ്പറ്റി ഞങ്ങൾ ചിന്തിച്ചു. എന്നാൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിനു ആവശ്യമായ കോപ്പുകൾ ഞങ്ങൾക്കില്ലെന്നു അറിയാം."

പരമാർത്ഥം ഇതുതന്നെയാണെന്നു നാം സംശയിക്കണം. സ്വന്ത വലയിൽതന്നെ കരുങ്ങി നാം തിരിയുകയാണ്. മടികൊണ്ടോ കഴിവുകേടുകൊണ്ടോ അതിൽനിന്നും വിമുക്തരാകുന്നുമില്ല. ആവശ്യമനുസരിച്ചു നിഷ്ക്കാസനം ചെയ്യുന്നതിനും മുറിച്ചുകളയുന്നതിനും നാം മടിക്കുന്നു. മറെറാരു മഹായിടവക വളരെ പരിമിതമായി അവകാശപ്പെടുന്നുണ്ട്. എങ്കിലും സ്ഥാപിച്ചിട്ടില്ല. "പുതിയ സുവിശേഷപ്രവർത്തനങ്ങൾക്കുവേണ്ടി അതിന്റെ കോപ്പുകൾ ഉപയോഗിക്കുന്നതിനു മഹായിടവകയ്ക്കു സാധിച്ചിട്ടുണ്ട്" എന്നാണ് പറയുന്നത്.

പഴയ സരണിയിൽനിന്നും വ്യത്യസ്തമായി സുവിശേഷപ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി നമ്മുടെ കഴിവുകൾ വിനിയോഗിക്കുവാൻ സാധിക്കുകയില്ലെന്നുള്ളതാണ് കാതലായ ഈ ചോദ്യത്തിന്റെ നമ്മുടെ ഉത്തരം. ഇതു നമ്മെ ഓപ്പിക്കുന്ന ഒരു വസ്തുതയുണ്ട്. മതാനുസാരികൾ സഭയിലേക്കു വരുമ്പോൾ അവരെ സ്വീകരിക്കുന്നതിനും പരിപാലനം ചെയ്യുന്നതിനുമുള്ള വക നമുക്കില്ലെന്നു വിശ്വസിക്കുന്നതിനാൽ പുതിയ മതാനുസാരികൾക്കുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന തികച്ചും ആത്മാർത്ഥതയില്ലാത്തതാണ്. കൂടെ എടുക്കാതെ മഴയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനായേ.ഗത്തിൽ സംബന്ധിച്ചതുപോലിരിക്കും.

സ്വമേധാപ്രവർത്തനം.

ഭാരതത്തിലെ സഭ മുഖ്യമായും ഗ്രാമീണ സഭയാണ്. ഗ്രാമഭാരതമാണ് യഥാർത്ഥ ഭാരതം. ഗ്രാമീണ സഭ യഥാർത്ഥ സഭയും. നമ്മുടെ ആളുകൾ 80% ഗ്രാമത്തിൽ വസിക്കുന്നു. 20% മാത്രം പട്ടണങ്ങളിൽ. എന്നാൽ ഈ 20% സ്വത്തിന്റെ 80 ശതമാനം ഉപയോഗിക്കുന്നു. ഇതിൽ സഭയേക്കാൾ ഒരു പക്ഷേ രാഷ്ട്രമായിരിക്കാം തലയ്ക്കൽ നിൽക്കുന്നത്. വചനശുശ്രൂഷകർക്കും മറ്റു ക്രൂദാശകർ നിവ്വഹിക്കുന്നതിനുമായി എല്ലാ പട്ടണ ഇടവകകളിലും മുഴുവൻ സമയവും പ്രവർത്തിക്കുന്നു. എന്നാൽ മെറെപ്പെട്ട കിടക്കുന്നതും ക്ലേശത്തിൽ ആവശ്യത്തിലിരിക്കുന്നതുമായ ഗ്രാമീണ ഇടവകകളുടെ മുമ്പിലെ അദ്ധ്യാപക പ്രവർത്തകർക്കാണ്. ശമ്പളത്തിന്റെ മുഖ്യ വിതരണക്കാരനായ രാഷ്ട്രത്തോടാണ് അവരുടെ പ്രാഥമിക മുമ്പിലെ. ബാംഗ്ലൂർ മുതലായ സ്ഥലങ്ങളിൽ പരിശീലനം സിദ്ധിച്ച പട്ടക്കാരനെ ഒരു നല്ല ഗ്രാമീണ ഇടവകയിൽ നിയമിക്കുക അസാദ്ധ്യമായിത്തീർന്നിരിക്കയാണ്. അതുകൊണ്ട് സ്വമേധാസേവനം നിവ്വഹിക്കുന്ന പട്ടക്കാർ ഇന്ന് ഒരാവശ്യമാണ്. പട്ടക്കാർക്കു പകരമല്ല വേലയെ ക്ലേശത്തിൽ സഹായിക്കുവാൻ അവർ വളരെ ലഘുവായിട്ടെങ്കിലും പരിശീലനം കഴിഞ്ഞവരും വീണ്ടും വീണ്ടും പരിശീലനം സിദ്ധിക്കുന്നവരും ഒരു പട്ടക്കാരന്റെ മാർഗ്ഗനിർദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്നതുമായിരിക്കണം.

ഇൻഡ്യയിലെ ഹിന്ദുമുസ്ലീം മതങ്ങൾ രണ്ടും സ്വമേധാപ്രവർത്തനത്തിൽ പ്രധാനമായി ആശ്രയിക്കുന്നു. സ്വമേധാവേലയുടെ ഒരു പാരമ്പര്യം ഈ രാജ്യത്തുണ്ട്. സഭ അതു് ഉപയോഗപ്പെടുത്തിയിട്ടില്ല. ശമ്പളം പറ്റാതെ ജോലി ചെയ്യുന്ന സ്വമേധാ അദ്ധ്വാനി പ്രവർത്തകരുടെ സാക്ഷ്യത്തെ സംബന്ധിച്ചു നാം വളരെ ഹ്രസ്വമായ നിലയിൽ മാത്രമെ വീക്ഷിക്കുന്നുള്ളൂ. "മാജിക് ലാന്റേൺ, സംഗീതസാമഗ്രികൾ മുതലായവയോടുകൂടി ഞായറാഴ്ചയും മറെറാഴിവു ദിവസങ്ങളിലും സുവിശേഷാന്വേഷണം നിവ്വഹിക്കുന്ന, ലൌകിക വ്യാപാര മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന യൗവനക്കാരുണ്ട്" എന്നാണ് ഒരു മഹായിടവക പറയുന്നത്. നല്ലതുതന്നെ. എന്നാൽ ജോലിയുള്ള ദിവസങ്ങളിൽ ഇവർ എങ്ങനെ സാക്ഷിക്കുന്നു? ദിവസത്തിനു 24 മണിക്കൂറുകളും വായ്കൊണ്ടും അവരവരുടെ

പ്രവർത്തന വൈശിഷ്ട്യംകൊണ്ടും, ദൈവം അവരെ നിയോഗിച്ചിരിക്കുന്ന ഏതൊരു സ്ഥാനത്തും, അവനുവേണ്ടി സാക്ഷിക്കുന്നതിന് അയ്മേനിക്കും തയാറില്ലെങ്കിൽ യഥാർത്ഥ കാതോലിക സഭയുണ്ടാകയോ ഇൻഡ്യാ,—അതായതു ഇൻഡ്യാ മുഴുവനായി, ഉയർന്നവരും താണവരും, സാധാരണക്കാരും, ബുദ്ധിശാലികളും, വ്യവസായശാലക്കാരും, കർഷകരും, മുതലാളിയും തൊഴിലാളിയും, ഗ്രാമീണരും പട്ടണവാസികളും—സുവിശേഷീകരിക്കപ്പെടുകയോ ഇല്ല.

കമ്മററികളുടെ ഭരണം.

സി. എസ്സ്. ഐ. യുടെ സംഘടനാവ്യവസ്ഥിതി കൂടി ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. ഒർഘടം പിടിച്ച ഈ സംഘടനാവ്യവസ്ഥിതി ഭരണഘടനയാൽ ബന്ധിക്കപ്പെട്ടതും, സാധാരണക്കാരെ ഭരണഘടനാഭ്രാന്തന്മാരാക്കിത്തീർക്കുന്നതുമാണ്. ഇതിന്റെ ഉദ്ദേശങ്ങൾ നല്ലതാണെങ്കിലും, സി. എസ്സ്. ഐ യിലെ, തീരെ ഭാരതീയമല്ലാത്തതും ക്രിസ്തീയ സ്വഭാവങ്ങൾ ഇല്ലാത്തതുമായ ഒരംശമാണിതു്. കമ്മററികളുടെ ഭരണത്തിനു വേദപരമായ അടിസ്ഥാനമില്ലാതെയില്ല. എങ്കിലും ചില പരിമിതികൾ വേണം. നാം ലോകത്തു കാണുന്ന ഉറച്ചു രീതിയിലുള്ള കമ്മററിഭരണമായിത്തീരരുതു്. അക്രൈസ്തവ കമ്മററിയിൽനിന്നും വിഭിന്നമായ ചില നിഗമനങ്ങൾക്കു വിരോധമായിട്ടാണ് ക്രിസ്തീയ കമ്മററികൾ പ്രവർത്തിക്കുന്നതു്. ഒരു സംഘമായി ദൈവത്തിന്റെ ഹിതം മനസ്സിലാക്കുന്നതിനും അതനുസരിച്ചു പ്രവർത്തിക്കുന്നതിനും വിളിക്കപ്പെട്ടിരിക്കുന്ന ആളുകളുടെ കൂട്ടായ്മയാണ് ക്രിസ്ത്യൻകമ്മററി. ഭൂരിപക്ഷത്തിന്റെ അഭിപ്രായം മനസ്സിലാക്കി തീരുമാനിക്കുന്നതിന് ഒന്നിച്ചു കൂടിയിരിക്കുന്ന ഒന്നാണ് അക്രൈസ്തവകമ്മററി. ആ തീരുമാനം നീതിവിരുദ്ധമായിരിക്കും. തൻമൂലം, അക്രൈസ്തവകമ്മററി എതിർപ്പില്ലാതെ സ്വീകരിക്കുന്ന ആചാരങ്ങളും ചട്ടങ്ങളും ഒരു ക്രിസ്ത്യൻകമ്മററിയിൽ ചോദ്യം ചെയ്യപ്പെടാം എന്ന് ശ്രദ്ധിക്കുന്നു. ക്രിസ്ത്യൻകമ്മററിയിലെ അംഗങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നുള്ള നിഗമനമാണ്. ഇതു കുറെ കടന്ന നിഗമനം തന്നെ. ലോകത്തിൽ വസിക്കുന്നവരെങ്കിലും ലോകത്തുനിന്നു വേർപെട്ടു നില്ക്കുന്ന തെരഞ്ഞെടുത്ത പ്രജകളുണ്ട് അപ്പോസ്തലന്മാരുടെ കാര്യം ഈ നിഗമനത്തിന്റെ വാസ്തവമായി ഏറെക്കുറെ ബന്ധപ്പെടുന്നുണ്ട്.

ഈകാൺസ്റ്റൻറയിനു് ശേഷം സ്ഥിതി ഇതല്ല. തൽഫലമായി അനേക സഭകളിലും ഒക്കിച്ചു ചില ശക്തികൾ അധികാരം പിടിച്ചെടുക്കുകയും ചിലപ്പോൾ ഒരു തലമുറ മുഴുവനും ദൈവത്തിന്റെ പ്രവൃത്തി തടയപ്പെടുകയും ചെയ്തു. ആ സമുദായത്തിന്റെ സാക്ഷ്യം ക്രിസ്തുവിനുവേണ്ടി ആയിരുന്നില്ല. ക്രിസ്തുവിനു എതിരായിട്ടാണ്. ഇംഗ്ലണ്ടിനും അമേരിക്കയ്ക്കും യോജിച്ച സംഗതികൾ ഇൻഡ്യയ്ക്കു യോജിച്ചതല്ല. പുതിയനിയമത്തിലെ നിഗമനങ്ങൾ പോലും നാം ആലോചനയോടും അവധാനപൂർവ്വവും മാത്രമെ പ്രയോജനപ്പെടുത്താവൂ. സഭയിലെ ജനകീയ നടപടികൾ ക്രിസ്തീയ പ്രവർത്തനവുമായി യോജിപ്പുള്ളതാണെന്നു ഞാനപ്പോഴും വിശ്വസിക്കുന്നുണ്ട്.

ഏകാൽമകം.

യഥാർത്ഥത്തിലുള്ള ഇൻഡ്യൻസഭ ഏകാത്മകതപ്രാപിച്ചതായിരിക്കണം. സഭയും മിഷ്യനുമായി ഇടവകപ്രവർത്തനവും വിദ്യാഭ്യാസവേലയും വൈദ്യസഹായം സുവിശേഷീകരണത്തോടു കൂടി ഇടവക മഹായിടവകയോടും കൂടി ഒന്നായിത്തീരണം. ഐകൃത കുറെ അളവിലെങ്കിലും കൈവന്നിട്ടുണ്ട്. എന്നാൽ സാമ്പത്തിക വശത്തു് ഈ യോജിപ്പു പൂർണ്ണമായിട്ടില്ലെന്നാണ് ചില മഹായിടവകകളുടെ ക്ഷമാപൂരസ്സരമായ മറുപടികൾ വ്യക്തമാക്കുന്നതു്. ഇതു കൈവന്നില്ലെങ്കിൽ മഹായിടവകഭരണം ഏതാണ്ടു ഡിബൈറിംഗ്ടെ സൊസൈററിപോലെയായിത്തീരും. ഉദാഹരണമായി മിക്ക മഹായിടവകകളിലും പ്രാദേശിക കൌൺസിലുകൾ നിയമിച്ചിട്ടുണ്ട്. എന്നാൽ അതിന്റെ ഖജാൻജിക്ക് യാതൊന്നും സൂക്ഷി

ഞായറാഴ്ച ആചാരം

IV (തുടർച്ച)

(Rev. T. B. BENJAMIN, B. A.)

ഞായറാഴ്ച ആചാരത്തെ സംബന്ധിച്ചുള്ള ഈ ലേഖന പരമ്പര ധ്യാനപരമായ ചില ചിന്തകളോടുകൂടെ അവസാനിപ്പിക്കുന്നതു ഉചിതമായിരിക്കുമെന്നു തോന്നുന്നു. കർത്തൃദിവസത്തിൽ നമ്മിൽ മിക്കവരും ചെയ്യുന്ന ഒരു കാര്യം പരസ്യാരാധനയ്ക്കായി ദേവാലയത്തിൽ പോകുന്നതാണ്. ഞായറാഴ്ചതോറുമുള്ള ആരാധന ശ്രേഷ്ഠമായ ഒരാചാരം മാത്രമാണെന്നും, അതിൽ സംബന്ധിക്കുന്നതുകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകുന്നില്ലെന്നുമുള്ള സങ്കല്പത്തിൽ ഈ കാലത്തു ചിലരെല്ലാം അതിൽ സംബന്ധിക്കുന്നതിനു വൈമുഖ്യം പ്രദർശിപ്പിക്കാറുണ്ട്. എന്നാൽ ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം നടത്തപ്പെടുന്ന ഈ ആരാധന ദൈനംദിനമുള്ള നമ്മുടെ ജീവിതത്തോടു വളരെ ബന്ധമുള്ളതാണെന്നു നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഈ ബന്ധം എന്താണെന്നു വിശദീകരിക്കുകയാണു ഈ ലേഖനത്തിന്റെ ഉദ്ദേശം. നമ്മുടെ ചിന്തയ്ക്കു ആധാരമായി വിശുദ്ധ യോഹന്നാൻ 20. 19—22 വരെയുള്ള വാക്യങ്ങൾ നമുക്കു എടുക്കാം. യേശുക്രിസ്തു പുനരുത്ഥാനം ചെയ്തുദിവസം വൈകുന്നേരം തന്റെ ശിഷ്യന്മാർ യെരൂശലേമിലുള്ള ഒരു മാളിക മുറിയിൽ ഒരുമിച്ചു കൂടിയിരുന്ന കഥയാണു അവിടെ വിവരിച്ചിരിക്കുന്നതു! ഒന്നാമത്തെ ക്രൈസ്തവഞായറാഴ്ചക്കൂട്ടം അതായിരുന്നു. അന്നു അവിടെ കൂടിയിരുന്ന ശിഷ്യന്മാർക്കു ലഭിതവും, എന്നാൽ അത്യഗാധവുമായ ചില ആത്മീയ അനുഭവങ്ങൾ ഉണ്ടായി. അന്നു മുതൽ ഞായറാഴ്ചതോറും യേശുവിന്റെ അനുഗാമികൾ അവർ എവിടെയായിരുന്നാലും, ദൈവാരാധനയ്ക്കായി ഒരുമിച്ചു കൂടുന്നതു ഒരു പതിവായിത്തീർന്നു. ഒന്നാമത്തെ ഞായറാഴ്ചക്കൂട്ടത്തിൽ യേശുവിന്റെ ശിഷ്യന്മാർക്കു ഉണ്ടായ ആ അനുഭവം തന്നെയാണു ഇന്നും ഞായറാഴ്ചതോറും ആരാധനയ്ക്കായി ഒരുമിച്ചു കൂടുമ്പോൾ നമുക്കും ഉണ്ടാകേണ്ടതു. പ്രസ്തുത അനുഭവങ്ങൾ എന്തെല്ലാമാണെന്നു നമുക്കു നോക്കാം.

I. യേശു വന്നു നടുവിൽ നിന്നു. അവർ ഇരുന്ന മുറിയുടെ വാതിലുകൾ അടച്ചിരുന്നുവെങ്കിലും ഉയിർത്തെഴുന്നേറ്റ കർത്താവു അവരുടെ നടുവിൽ വന്നു നിന്നു. യേശു മരിക്കുന്നതിനു കുറെ നാളുകൾക്കു മുമ്പു തന്റെ ശിഷ്യന്മാർക്കു വിലയേറിയ ഒരു വാഗ്ദത്തം നല്കി. അതു "രണ്ടോ, മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു" എന്നുള്ളതായിരുന്നു. പ്രസ്തുത വാഗ്ദത്തം ആശ്വാസമായി നിവൃത്തിക്കപ്പെട്ടതു ഒന്നാമത്തെ ഞായറാഴ്ചക്കൂട്ടത്തിലായിരുന്നു. ഇന്നും ദൈവാരാധനയ്ക്കായി യേശുവിന്റെ നാമത്തിൽ നാം കൂടിവരുമ്പോഴൊക്കെയും ഉയിർത്തെഴുന്നേറ്റ കർത്താവു തന്റെ വാഗ്ദത്തപ്ര

ക്കാനില്ല. കായ്പുമർശിക്കു് യാതൊന്നും "മർശിക്കാ"നില്ല. സംയോജകനു് യാതൊന്നും യോജിപ്പിക്കാനുമില്ല.

സി. എസ്സ്. ഐ. മുഴുവനായി അവലോകനം ചെയ്യപ്പെടുമ്പോൾ എന്നെപ്പോലെ മറ്റനേകരും വിമർശിക്കുന്നുണ്ടെങ്കിലും ഭാരതീയ സഭയിലേക്കുള്ള നമ്മുടെ പോക്കു് എല്ലാ ദിവസവും എല്ലാ വിധത്തിലും ഭേദപ്പെടുന്നുണ്ടു് എന്നു പറയാനുള്ള സാദ്ധ്യതയുണ്ടു്.

ഭാരതീയ സഭയെന്നുള്ളതിൽ നൈസർഗ്ഗികമായ എന്തെങ്കിലും മേന്മയില്ലെന്നുള്ളതു് ഒന്നുകൂടി ഉറപ്പിച്ചു പറഞ്ഞുകൊള്ളുന്നു. സുവിശേഷീകരണം ഊർജ്ജിതമായി നിവൃഹിക്കുന്നതാണു് നമ്മുടെ നീതീകരണത്തിന്റെ തോതു്. ആ പരിശോധനയിൽ ഓരോ സഭയും വാഴുകയോ നിൽക്കുകയോ ചെയ്യും. തികയാത്തവരായി മക്ഷിണേന്യ സഭ കാണാതിരിപ്പാൻ ദൈവം സഹായിക്കട്ടെ.

കാരം നമ്മുടെ മദ്ധ്യത്തിൽ വരുന്നു. നമ്മുടെ ശരീരത്തിന്റെ കണ്ണുകൾകൊണ്ടു നമുക്കതിനെ കാണാൻ കഴിയുകയില്ലെങ്കിലും വിശ്വാസത്താൽ അവന്റെ സാന്നിദ്ധ്യം നമുക്കു അനുഭവമാക്കാവുന്നതാണ്. യേശുവിന്റെ സാന്നിദ്ധ്യം ദേവാലയത്തിൽ മാത്രമല്ല, എല്ലായിടത്തും ഉണ്ടല്ലോ എന്നു ഒരു പക്ഷേ, ചിലർ പറയുമായിരിക്കും. അതു വാസ്തവം തന്നെ. എന്നാൽ ദൈവത്തിന്റെ സാന്നിദ്ധ്യം എല്ലായിടത്തും എല്ലായ്പോഴും അനുഭവിപ്പാൻ നമുക്കു കഴിയുന്നുണ്ടോ? ഇല്ലെങ്കിൽ അതിനുവേണ്ടി പരമാർത്ഥമായി നാം ആഗ്രഹിക്കാത്തതല്ലയോ അതിന്റെ കാരണം? ഭക്തിജനകമായ സാഹചര്യങ്ങളിൽ, ദൈവാരാധനയ്ക്കായി, അതിനുവേണ്ടി വേർതിരിച്ചിരിക്കുന്ന ഒരു സ്ഥലത്തു നമ്മുടെ സഹവിശ്വാസികളോടുകൂടെ ഒരുമിച്ചു കൂടി വരുമ്പോൾ ദൈവത്തിന്റെ സാന്നിദ്ധ്യത്തെ നമുക്കു അനുഭവിക്കാൻ കഴിയുന്നില്ലെങ്കിൽ സാധാരണ ജീവിതത്തിൽ അതു നമുക്കു എങ്ങനെ അനുഭവമാക്കുവാൻ കഴിയും. അതുകൊണ്ടു പരമാർത്ഥതയോടുകൂടിയ ആരാധന, സാധാരണ ജീവിതത്തിലും ദൈവസാന്നിദ്ധ്യം അനുഭവമാക്കുവാൻ നമ്മെ സഹായിക്കുന്ന ഒരു പരിശീലനമാർഗ്ഗമായും തീരാവുന്നതാണ്. ആഴ്ച വട്ടത്തിന്റെ ആരംഭത്തിൽ നാം സന്തോഷത്തോടുകൂടെ ഒരുമിച്ചു കൂടുമ്പോൾ യേശു നമ്മുടെ മദ്ധ്യത്തിൽ വരുന്നു. നമ്മുടെ പാട്ടും, പ്രാർത്ഥനയും, സ്തോത്രവും എല്ലാം താൻ കേൾക്കുകയും, കൈക്കൊള്ളുകയും ചെയ്യുന്നു. അപ്പൊസ്തലനായ പൌലൊസു കൊരിന്ത്യക്കെഴുതുമ്പോൾ പരസ്യാരാധനയെപ്പറ്റി പറയുന്ന കാര്യം ഇവിടെ സ്മരണീയമാണ്. നാം ഒരുമിച്ചുകൂടുമ്പോൾ അക്രൈസ്തവരാരെങ്കിലും അവിടെ വന്നാൽ "ദൈവം വാസ്തവമായി ഇവരുടെയിടയിൽ ഉണ്ട് എന്നു പറഞ്ഞു കവിണ്ണുവീണു ദൈവത്തെ നമസ്കരിക്കത്തക്കവിധമായിരിക്കണം നമ്മുടെ ആരാധന. (1കൊരി. 14. 13—25). നാം ആരാധനയ്ക്കായി കൂടി വരുമ്പോൾ ജീവനുള്ള യേശുവിന്റെ സാന്നിദ്ധ്യത്തെപ്പറ്റിയുള്ള ബോധം നമുക്കുണ്ടോ? അതോ നമ്മുടെ ആരാധന യേശുവിനെ കൂടാതെയുള്ളതാണോ? അങ്ങനെയെങ്കിൽ, മാധുര്യമേറിയ നമ്മുടെ പാട്ടുകളും, ഭക്തിനിർഭരമായ പ്രാർത്ഥനകളും, ഉജ്ജ്വലമായ പ്രസംഗങ്ങളും വ്യർത്ഥമല്ലയോ?

2. പിന്നെ യേശു അവരോടു 'നിങ്ങൾക്കു സമാധാനം' എന്നു പറഞ്ഞു. രണ്ടു ചെറിയ വാക്കുകൾ മാത്രം. എന്നാൽ അതു മുഖാന്തരം അവർക്കുണ്ടായ അനുഭവം അത്യഗാധമായിട്ടുള്ളതാണ്. ഈ വാക്കുകളുടെ പ്രസക്തി മനസ്സിലാക്കണമെങ്കിൽ ആ സന്ദർഭത്തിൽ ശിഷ്യന്മാരുടെ മനസ്സിന്റെ അവസ്ഥ എങ്ങനെയുള്ളതായിരുന്നു എന്നു ഗ്രഹിക്കണം. അവർ യേശുവിന്റെ ശിഷ്യന്മാരായിരുന്നെങ്കിലും തന്നോടു അവിശ്വസ്തത കാണിച്ചവരാണ്. അവരിൽ ഒരാൾ തന്നെ ഒറ്റിക്കൊടുത്തു. എല്ലാവരും തന്നെ വിട്ടോടിപ്പോയി. വേറൊരാൾ തന്നെ തള്ളിപ്പറഞ്ഞു. ക്രൂശീകരണത്തിന്റെ മൂന്നാംദിവസം, യേശു ഉയിർത്തെഴുന്നേറ്റു എന്നുള്ള വർത്തമാനം കേട്ട അവർ സന്തോഷിച്ചു. എന്നാൽ അതോടുകൂടെ അവർക്കു വലുതായ പരിഭ്രമവും വിഷമവും ഉണ്ടായി. യേശു ഉയിർത്തെഴുന്നേറ്റു എന്നു പറയുന്നതു വാസ്തവമാണെങ്കിൽ അവർ തന്നെ എങ്ങനെ അഭിമുഖീകരിക്കും കർത്താവു അവരോടു ക്ഷമിക്കുമോ? അവരെ ഇനിയും വിശ്വസിക്കുമോ? തന്റെ ശിഷ്യന്മാരായി തുടരുവാൻ അനുവദിക്കുമോ? ഈ വിധത്തിലുള്ള വിചാരങ്ങൾകൊണ്ടു അവരുടെ ഉള്ളം അത്യന്തം കലങ്ങിയിരുന്നു. അതുകൊണ്ടാണു യേശു അവരുടെ നടുവിൽവന്നു നിന്നയുടനെ 'നിങ്ങൾക്കു സമാധാനം' എന്നു അവരോടു പറഞ്ഞതു. ആഴ്ചതോറും ആരാധനയ്ക്കായി കർത്തൃസന്നിധിയിൽ ചേർന്നു വരുമ്പോൾ നമ്മുടെ ഹൃദയത്തിലും സംശയവും, പശ്ചാത്താപവും, പരിഭ്രമവും ഉണ്ടാകാതെയിരിക്കയില്ല. എന്തെന്നാൽ കഴിഞ്ഞുപോയ ആഴ്ചവട്ടത്തിൽ നാമും കർത്താവിനോടു അവിശ്വസ്തരായിരുന്നിരിക്കാം. തന്റെ പരിശുദ്ധനാമത്തിനു നമ്മുടെ ജീവിതംകൊണ്ടു നാം അപമാനം വരുത്തിയിരിക്കാം. തനിക്കുവേണ്ടി നാം ചെയ്യേണ്ടതായ പലകാര്യങ്ങളും ചെയ്യാതെ വിട്ടിട്ടുണ്ടായിരിക്കാം. തന്റെ സ്നേഹമുള്ള ഹൃദയത്തെ നാം ഒടുഖിപ്പിച്ചിരിക്കാം. ആരാധനയുടെ ആരംഭത്തിൽ നാം പാപസ്വീകാരം ചൊല്ലാറുണ്ടല്ലോ. പരമാർത്ഥതയോടെ നാം നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ, കർത്താവു അവയെ നമ്മോടു ക്ഷമിച്ചു തന്റെ

സമാധാനം നമുക്കു നഷ്ടം. ആരാധനയ്ക്കായി പോകുന്നതിനു മുമ്പായി പരിശുദ്ധാത്മസഹായത്തോടുകൂടെ നമ്മെത്തന്നെ ഒന്നു പരിശോധിക്കുകയും നമ്മുടെ കുറവുകളെക്കുറിച്ചു അനുതപിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. നമ്മുടെ പാപങ്ങളുടെ മോചനവും, അതുമൂലമുള്ള സമാധാനവും, സന്തോഷവും കർത്താവിൽനിന്നു പ്രാപിച്ചുകൊണ്ടു ഒരു പുതിയ ആഴ്ചത്തെ ജീവിതത്തിലേക്കു പ്രവേശിക്കുന്നതു എത്ര ഉന്മേഷജനകമായ ഒരു അനുഭവമാണ്!

3. അതിന്റെശേഷം യേശു തന്റെ കയ്യും വിലാപ്പുറവും അവരെ കാണിച്ചു. ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടപ്പോൾ അവർക്കു സന്തോഷമുണ്ടായി, എങ്കിലും അവരുടെ മനസ്സിൽ വലിയ സംശയവുമുണ്ടായിരുന്നു. രണ്ടു ദിവസങ്ങൾക്കു മുമ്പെ ക്രൂശിക്കപ്പെടുകയും അരിമത്ഥ്യയിലെ യോസേഫിന്റെ കല്ലറയിൽ സംസ്കരിക്കപ്പെടുകയും ചെയ്ത യേശുവാകുന്നുവോ, അവരുടെ നടുവിൽ നില്ക്കുന്നതു? മരിച്ചുപോയ ഒരാൾ പുനരുത്ഥാനം ചെയ്യുക എന്നതു സാദ്ധ്യമോ? അതോ അവർ ഒരു പ്രേതത്തെയാകുന്നുവോ കാണുന്നതു? (ലൂക്കൊ. 24. 37—40). അതുകൊണ്ടു യേശു തന്റെ കയ്യും വിലാപ്പുറവും അവരെ കാണിച്ചു. അങ്ങനെ യേശു കർത്താവു അവരുടെ സംശയമെല്ലാം ദൂരീകരിക്കുകയും, താൻ ജീവനോടിരിക്കുന്നു എന്നു അവർക്കു ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. ഈ വിധത്തിൽ യേശു തന്റെ മഹത്വത്തെ വെളിപ്പെടുത്തി അവരുടെ വിശ്വാസത്തെ ഉറപ്പിച്ചു. ദൈനംദിനമുള്ള നമ്മുടെ സാധാരണ ജീവിതത്തിൽ പലവിധമായ അനുഭവങ്ങളിൽക്കൂടെ നാം കടന്നുപോകുമ്പോൾ നമ്മുടെ വിശ്വാസം തണുത്തുപോകുവാൻ ഇടയുണ്ട്. ചിലപ്പോൾ പലവിധത്തിലുള്ള സംശയങ്ങൾ നമുക്കു ഉണ്ടാകാം. ആഴ്ചവട്ടത്തിന്റെ പ്രാരംഭദിനത്തിൽ നമ്മുടെ സഹവിശ്വാസികളോടുകൂടെ നാം കർത്തൃസന്നിധിയിൽ അടുത്തു ചെല്ലുകയും, തന്നെ ആരാധിക്കയും ചെയ്യുമ്പോൾ തന്നിലുള്ള നമ്മുടെ വിശ്വാസവും ആശ്രയവും ഉണർത്തപ്പെടുന്നു. ദൈവത്തിന്റെ വചനം വായിച്ചും പ്രസംഗിച്ചും കേൾക്കുന്നതുമൂലം തിരുമഹത്വം നാം കാണുന്നു. നമ്മുടെ ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനം ദൈവത്തിലുള്ള വിശ്വാസവും ആശ്രയവുമാണ്. ഒരാഴ്ചത്തെ ജീവിതത്തിലേക്കു നാം പ്രവേശിക്കുമ്പോൾ പ്രസ്തുത അടിസ്ഥാനം ഉറപ്പിക്കപ്പെടുന്നതു ഫലകരമായ ഒരു ജീവിതത്തിനും സേവനത്തിനും എത്ര ആവശ്യമാണ്!

4. പിന്നെ യേശു അവരോടു, "പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" എന്നു പറഞ്ഞു നമ്മുടെ കർത്താവു ആ ശിഷ്യന്മാരുടെ കുറവുകൾ അവരോടു പൂർണ്ണമായി ക്ഷമിച്ചു എന്നു മാത്രമല്ല അവരെ പൂർണ്ണമായി വിശ്വസിക്കയും ചെയ്തു. പിതാവായ ദൈവം യേശുവിനെ ലോകത്തിലേക്കയച്ചതു ലോകത്തെ വീണ്ടെടുക്കുന്നതിനായിരുന്നു. ദൈവത്തിന്റെ ആശ്ചര്യകരമായ വീണ്ടെടുപ്പുസ്നേഹം താൻ ക്രൂശിന്മേൽ പ്രദർശിപ്പിച്ചു. താൻ ലോകത്തിൽ ആരംഭിച്ച രക്ഷാകരമായ വേല തുടർന്നു നിവൃഹിക്കുന്നതിനുള്ള ചുമതല ബലഹീനന്മാരായ ആ ശിഷ്യന്മാരെ കർത്താവു വിശ്വസിച്ചേല്പിച്ചു. ഈ തലമുറയിൽ, യേശുവിനായി ജീവിക്കുന്നതിനും, പ്രവർത്തിക്കുന്നതിനുമുള്ള വലിയ ചുമതല കർത്താവു നമ്മെ വിശ്വസിച്ചേല്പിച്ചിരിക്കുന്നു. നാം ഓരോരുത്തരും ഈ ചുമതല ഓരോ വിധത്തിലാണു നിവൃഹിക്കേണ്ടിയിരിക്കുന്നതു. പല സ്ഥാനങ്ങളിലും നിലകളിലും, ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരായ നാം ഞായറാഴ്ച കർത്തൃസന്നിധിയിൽ ഒരുമിച്ചുകൂടുന്നു. ഒരാഴ്ചത്തെ ജീവിതത്തിനായും വേലയ്ക്കായും അവൻ നമ്മെ ആശീർവ്വദിച്ചയയ്ക്കുന്നു. അതിനുശേഷം നാം വിവിധസ്ഥാനങ്ങളിലേക്കാകുന്ന പുറപ്പെട്ടു പോകുന്നതു. അവിടെ നാം ചെയ്യുന്ന വേല എന്തായിരുന്നാലും; അതു കർത്താവു നമ്മെ ഏല്പിച്ച വേലയാകുന്നു എന്നോർത്തുകൊണ്ടു തനിക്കായിട്ടെന്നപോലെ പൂർണ്ണശക്തിയോടെ നിവൃഹിക്കേണ്ടതാണ്. നമ്മുടെ വേലയിൽക്കൂടെയും, സാധാരണ ജീവിതത്തിൽക്കൂടെയും യേശുവിനെ മഹത്വപ്പെടുത്തുകയും സാക്ഷിക്കുകയും ചെയ്യുന്നതാണു നമ്മുടെ സുപ്രധാനമായ കടമ. യേശുവിന്റെ സഭ, ഞായറാഴ്ച ദേവാലയത്തിൽക്കൂടി തന്നെ ആരാധിക്കുകയും, തിങ്കളാഴ്ചമുതലുള്ള ഇടദിവസങ്ങളിൽ ലോകത്തിൽ തന്റെ സാക്ഷികളായി വ്യാപരിക്കുകയും ചെയ്യുന്നു. ആരാധനയിൽ നാം നമ്മെത്തന്നെ

വാർത്തകളും കുറിപ്പുകളും

ഇൻഡ്യാ സിലോൺ വേദപുസ്തക സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ബിഷപ്പു ജേക്കബ്ബ് തിരുമനസ്സിലെ ജീവിതത്തെയും സേവനത്തെയും പുരസ്കരിച്ചു പാസ്സാക്കിയ ഒരു പ്രമേയം താഴെച്ചേർക്കുന്നു.

"1957 ഡിസംബർ മാസം 17-ാംനു കത്താവിൽ നിദ്രപ്രാപിച്ച മദ്ധ്യതിരുവിതാംകൂർ മഹായിടവക ബിഷപ്പും സൊസൈറ്റിയുടെ അദ്ധ്യക്ഷനുമായിരുന്ന റൈറ്റു റവ. സി. കെ. ജേക്കബ്ബ്. ഡി. ഡി. തിരുമനസ്സിലെ ജീവിതത്തിനും സേവനത്തിനുമായി ദൈവത്തോടുള്ള ആഴമായ നന്ദി 1958 മാർച്ചു 26-ാംനു ബാംഗളൂരിൽ കൂടിയ ഇൻഡ്യാ സിലോൺ വേദപുസ്തകസമൂഹത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി രേഖപ്പെടുത്തിക്കൊള്ളുന്നു. ഒരു പട്ടക്കാരനും ഡിപിനിറിസ്ക്കൂൾ പ്രിൻസിപ്പലും ആർച്ചുഡീക്കനുമായി 25 വർഷം അന്നത്തെ ആംഗ്ലി

സമർപ്പിക്കുമ്പോൾ യേശു നമ്മെ ആശീർവ്വദിച്ചു തനിക്കുവേണ്ടി ജീവിക്കുവാൻ ലോകത്തിലേക്കു അയയ്ക്കുന്നു.

5. അതിന്റെശേഷം യേശു അവരുടെമേൽ ഊതി അവരോടു 'പരിശുദ്ധാത്മാവിനെ കൈക്കൊൾവീൻ" എന്നു പറഞ്ഞു. എത്ര ഗൌരവമേറിയ ഒരു ചുമതലയാണു വെറും സാധാരണക്കാരായ ആ ശിഷ്യന്മാരെ യേശു ഏല്പിച്ചതു! അവരുടെ കഴിവുകൾ എത്രയും പരിമിതമാണെന്നു അവർക്കു അറിയാമായിരുന്നു. എന്നാൽ ഈ ചുമതല ഏറ്റവും ഭംഗിയായി നിവ്വഹിക്കേണ്ടതിനു അവൻ തന്റെ പരിശുദ്ധാത്മാവിനെ അവർക്കു കൊടുത്തു. പരിശുദ്ധാത്മാവിനെ കൊടുക്കുന്നു എന്നുള്ളതിനു പുറമേയുള്ള ഒരടയാളമായിട്ടാണു യേശു അവരുടെമേൽ ഊതിയതു. (അപ്പൊ. പ്ര. 2. 2 ; യെഹെ. 37. 9.) ഇന്നും ദൈവസന്നിധിയിൽ നാം ഒരുമിച്ചുകൂടുമ്പോൾ ഒരാഴ്ചത്തെ ജീവിതത്തിനായും വേലയ്ക്കായും ദൈവം നമ്മെ ലോകത്തിലേക്കു അയയ്ക്കുക മാത്രമല്ല നമ്മോടുകൂടെ ഇരുന്നു നമ്മെ നടത്തുകയും ശക്തീകരിക്കയും ചെയ്യേണ്ടതിനായി തന്റെ ആത്മാവിനെ നമുക്കു നല്കുകയും ചെയ്യുന്നു. ദൈവത്തെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നതിനാണു നാം പള്ളിയിൽ പോകുന്നതു്. എന്നാൽ ശരിയായ ഒരുക്കത്തോടുകൂടെ കർത്തൃസന്നിധിയിൽ നാം ചെല്ലുമ്പോൾ അവൻ നമ്മെ അനുഗ്രഹിക്കുന്നു. ആരാധനയ്ക്കായി നാം ഒരുങ്ങേണ്ടതു എങ്ങനെയാണ്! (1) പരിശുദ്ധാത്മാവിന്റെ സഹായത്തോടുകൂടെ നാം നമ്മുടെ പാപങ്ങളെക്കുറിച്ചു കാണുകയും അനുതപിക്കേണ്ടതു ആവശ്യമാണ്. പ്രത്യേകിച്ചു തലേ ആഴ്ചയിൽ നമ്മുടെ ജീവിതത്തിൽ വന്നുപോയ എല്ലാ കുറവുകളെയും നാം കാണുകയും അനുതപിക്കണം. (2) കൂടാതെ ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചും ഉള്ള കാഴ്ച ആവശ്യമാണ്. ദൈവത്തോടുള്ള നന്ദിയും സ്നേഹവുംകൊണ്ടു നമ്മുടെ ഹൃദയം നിറയുമ്പോൾ മാത്രമേ ശരിയായി ആരാധിക്കുവാൻ നമുക്കു കഴിയുകയുള്ളു. (3) നമ്മെത്തന്നെ മുഴുവനായി കർത്തൃസന്നിധിയിൽ സമർപ്പിക്കുവാനുള്ള സന്നദ്ധതയും ആവശ്യമാണ്. നമ്മുടെ ആരാധനയുടെ ഫലം അതായിരിക്കണം. ഈ വിധത്തിലുള്ള ഒരുക്കത്തോടുകൂടെ നാം കർത്തൃസന്നിധിയിൽ വരുന്നുവെങ്കിൽ യേശു നമ്മുടെ പാപങ്ങളെ നമ്മോടു ക്ഷമിച്ചു തന്റെ സമാധാനം നമുക്കു നല്കും. നമ്മുടെ സംശയമെല്ലാം ദൂരീകരിക്കുകയും, തന്റെ മഹത്വം നമുക്കു വെളിപ്പെടുത്തിത്തരികയും, നമ്മുടെ വിശ്വാസത്തെ ഉറപ്പിക്കുകയും ചെയ്യും. തനിക്കുവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനായി അവൻ നമ്മെ ആശീർവ്വദിച്ചു ലോകത്തിലേക്കു അയയ്ക്കും. നമ്മോടുകൂടെ ഇരുന്നു, നമ്മെ നടത്തുകയും, ശക്തീകരിക്കുകയും ചെയ്യുന്നതിനായി തന്റെ പരിശുദ്ധാത്മാവിനെ നമുക്കു നൽകുകയും ചെയ്യും. ഞായറാഴ്ചതോറുമുള്ള ആരാധന നമുക്കോരോരുത്തർക്കും ഒരാഴ്ചത്തെ ജീവിതത്തിനു ആവശ്യമുള്ള ഉത്തേജനവും കൃപയും പ്രാപിക്കുന്നതിനുള്ള ഒരു മുഖാന്തരമായിത്തീരേണ്ടതാണ്.

ക്കൻ മഹായിടവകയായിരുന്ന തിരുവിതാംകൂർ കൊച്ചിയിൽ വേല ചെയ്യുന്നതിനു ശേഷം അദ്ദേഹം കൽക്കട്ടായിലെ ബിഷപ്പ്സ് കോളേജിലേക്കു വൈസ് പ്രൻസിപ്പാലായി പോകുകയും അവിടെ അനേകരുടെ സ്നേഹം സമ്പാദിക്കുകയും ചെയ്തു. 1945-ൽ അദ്ദേഹം തിരുവിതാംകൂർ മഹായിടവകയിലേക്കു അതിന്റെ 6-ാമത്തെ ബിഷപ്പായി തിരികെപ്പോയി. ആംഗ്ലിക്കൻ സഭയാൽ തിരഞ്ഞെടുക്കപ്പെട്ട ഒന്നാമത്തെ ഇൻഡ്യൻ ബിഷപ്പായിരുന്നു അദ്ദേഹം; ഞങ്ങളുടെ ഒന്നാമത്തെ അദ്ധ്യക്ഷനായ അസറിയാ തിരുമനസ്സുകൊണ്ടു മദ്രാസിലെ വൈറ്റ് ഹെഡ് ബിഷപ്പിനാൽ നിയമിക്കപ്പെട്ട ബിഷപ്പുമാത്രമായിരുന്നു. അദ്ദേഹം മക്ഷിണേന്ത്യസഭയുടെ രൂപീകരണത്തിൽ പ്രധാനപങ്കുവഹിക്കുകയും 1947 സെപ്തംബർ 27-ാനു മദ്രാസ് സെൻറ് ജോർജ്ജ് കതീഡ്റലിൽ വെച്ചു അതിന്റെ ഉൽഘാടനാവസരത്തിൽ അദ്ധ്യക്ഷം വഹിക്കുകയും, അതിന്റെ ഒന്നാമത്തെ മെപ്പൂട്ടി മോഡറേറ്ററായിരിക്കുകയും ചെയ്തു. അഖിലലോകസംഘങ്ങളിൽ അദ്ദേഹം ഒരു പ്രശസ്ത അംഗമായിരിക്കുകയും ആംസ്റ്റർഡാമിലും ഇവാൻസ്റ്റനിലും മക്ഷിണേന്ത്യാസഭയെ പ്രതിനിധീകരിക്കുകയും ചെയ്തു. സ്വന്തനാട്ടിലാണെങ്കിൽ കേരള ക്രൈസ്തവർ തമ്മിൽ ഉത്തമമായ ഒരു ധാരണയുണ്ടാക്കുന്നതിനു അദ്ദേഹം വളരെ അദ്ധ്വാനിച്ചിട്ടുണ്ട്. അദ്ദേഹത്തെപ്പറ്റിയുള്ള പ്രശംസകളിൽ അനേകർ അദ്ദേഹത്തിന്റെ വേദപുസ്തക പരിജ്ഞാനത്തെപ്പറ്റി സാക്ഷ്യം വഹിക്കുന്നുണ്ട്. 1951-ൽ ഇൻഡ്യാ സിലോൺ വേദപുസ്തക സമൂഹത്തിന്റെ അദ്ധ്യക്ഷനായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടതു വളരെ ചേർച്ചയായിരുന്നു. യൂണൈറ്റഡ് ബൈബിൾ സൊസൈറ്റിയുടെ ഒരു ഉപാദ്ധ്യക്ഷനുമായിരുന്നു അദ്ദേഹം. ഇൻഡ്യയിലും ഇതരരാജ്യങ്ങളിലുള്ള കോൺഫ്രസുകളിലും അദ്ദേഹം വേദപുസ്തക സമൂഹത്തിനു വേണ്ടി തന്റെ കഴിവുകളെ നിർല്ലോഭം ഉപയോഗിച്ചു. അദ്ദേഹത്തിന്റെ ഭാര്യയോടും മക്കളോടും നിരവധി സ്നേഹിതരോടും സഭയോടും മഹായിടവകയോടും ഞങ്ങൾ സഹതപിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു."

കോട്ടയം ഇടവക സണ്ടേസ്ക്കൂൾ വാർഷികയോഗം മാർച്ചുമാസം 31-ാം നു തിങ്കളാഴ്ച മൂന്നു മണിക്കു സി. എം. എസ്സ്. പ്രസ്സ് മാനേജർ, ശ്രീ സി. ജോൺ മത്തായി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കുട്ടികൾക്കു സമ്മാനദാനവും കാഷ്പിസല്ക്കാരവും ഉണ്ടായിരുന്നു. സണ്ടേസ്ക്കൂൾ കുട്ടികളുടെ സ്തോത്രകാഴ്ചയായി തന്നാണ്ടിൽ ലഭിച്ച 210 രൂപാ പറക്കാൽ, പറവ് പാറാ; മുതലായ സ്ഥലങ്ങളിലെ മിഷ്യനറി പ്രവർത്തനങ്ങൾക്കും ഊമബധിര വിദ്യാലയത്തിനും മറ്റുമായി വീതിച്ചുകൊടുത്തുവെന്നുള്ളതു പ്രസ്താവ്യയോഗ്യമാണ്.

S. S.

പൊൻകുന്നം സി. എസ്സ്. ഐ. സണ്ടേസ്ക്കൂളിന്റെ തന്നാണ്ടത്തെ വാർഷിക സമ്മേളനം, മാർച്ചു മാസം 30-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ദിവ്യശ്രീ. സി. വി. കുഞ്ഞൻ കശീശ്ശ അവർകൾ ബി. എ. യുടെ മഹനീയ അദ്ധ്യക്ഷതയിൽ, സ്ഥലത്തെ സ്ക്കൂൾ ഹാളിൽ വെച്ച് ഏറ്റവും ഭംഗിയായി നടത്തപ്പെട്ടു. പ്രാർത്ഥന, ബാലികമാരുടെ സ്വാഗതഗാനം, മിസ്സ്റ്റർ. എൻ. റ്റി. തോമസ്സിന്റെ സ്വാഗതപ്രസംഗം ഇവ കഴിഞ്ഞ്, സണ്ടേസ്ക്കൂളിന്റെ മാഹാത്മ്യത്തെ, ആസ്പദമാക്കി, ശ്രദ്ധേയമായ, ഒരു ഉപക്രമപ്രസംഗം നടത്തി. തുടർന്നു സെക്രട്ടറി മിസ്റ്റർ. കെ. സി. മത്തായി, കഴിഞ്ഞ കൊല്ലത്തെ പ്രവർത്തനത്തിന്റെ ചുരുങ്ങിയ റിപ്പോർട്ടു വായിച്ചു സമർപ്പിച്ചു. പിന്നീട്, കാണക്കാരി സെൻറ് മോണിക്കാമന്ദിരം സിസ്റ്റർ മിസ്സ് ഏലി തോമസ്സ്, ടി. ഡബ്ല്യു. പി. ഡി. ജോൺ എന്നിവർ ബാല പരിശീലനം, സ്വഭാവ രൂപവൽക്കരണം, എന്നീ വിഷയങ്ങളെ പുരസ്കരിച്ച്, ശ്രദ്ധേയമായ മാരേ പ്രസംഗം ചെയ്തു. അതിന്റെ ശേഷം, പരീക്ഷയിൽ കൂടുതൽ മാർക്ക് ലഭിച്ചവർക്കും, പള്ളിയിലും, സണ്ടേസ്ക്കൂളിലും, മുഴുവൻ ഹാജരായവർക്കും, അദ്ധ്യക്ഷൻ അവർ

കൾ സമ്മാനം നല്കി. ശിശുവകുപ്പിലെ കുട്ടികൾക്കു സാധനങ്ങളായും. ജ്യേഷ്ഠവകുപ്പുവരെയുള്ള മതിന്ന ക്ലാസ്സുകളിലെ കുട്ടികൾക്ക്, പുസ്തകങ്ങളായും സമ്മാനദാനം നിർവഹിച്ചു. ഈ മീറ്റിംഗിൽ കൂട്ടത്തലായി, രക്ഷകത്താക്കന്മാരെ കാണുവാൻ ഇടയായ സന്തോഷത്തെ സൂചിപ്പിച്ചും, ഇടയ്ക്കിടയ്ക്ക് വേദപുസ്തകത്തിലെ കഥകളെ അടിസ്ഥാനമാക്കിയും മറ്റും കുട്ടികൾ മറ്റുള്ള അഭിനയിച്ചുകൊണ്ടിരുന്ന പ്രഭാഷണങ്ങളും പ്രകടനങ്ങളും, സദസ്യരുടെ ശ്രോത്രനേത്രങ്ങളേ ഒരുപോലെ ആനന്ദിപ്പിക്കുന്നതും, മാനസ്സാന്തരത്തിനു മതിയായതും ആയിരുന്നു എന്നു പ്രസ്താവിച്ചുകൊണ്ടും നടത്തിയ അദ്ധ്യക്ഷൻ അവർകളുടെ ഉപസംഹാര പ്രസംഗത്തിനുശേഷം, ശ്രീ. എ. പി. ഫിലിഫ് ബി. ഏ. ബി. റ്റി. കൃതജ്ഞതാപ്രകടനം നടത്തി. അനന്തരം അദ്ധ്യക്ഷൻ അവർകളുടെ പ്രാർത്ഥന, ആശീർവാദം ഇവ കഴിഞ്ഞ് യോഗം മംഗളമായി അവസാനിച്ചു.

ബിഷോപ്പ് ജെയിക്കബ്ബ് തിരുമേനിയുടെ ചിത്രാനാച്ഛാദനങ്ങൾ.

(1) കാലംചെയ്ത ബിഷോപ്പ് ജെയിക്കബ് തിരുമേനിയുടെ ഒരു ചിത്രം 1958 മാർച്ച് 5-ാംനു ബുധനാഴ്ച മാവേലിക്കര ബി. എച്ച്. ഹൈസ്കൂളിൽ സമ്മേളിച്ച അനുശോചന യോഗത്തിൽ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി അനാച്ഛാദനം ചെയ്തുയുണ്ടായി. തദവസരത്തിൽ മി. സി. ഐ. നൈനാൻ ബി. എ. എൽ. റ്റി. അതി ശ്രേഷ്ഠമായ ഒരു പ്രസംഗം ചെയ്തു. സ്ഥല മൌലഭൃത്താൽ പ്രസ്തുത പ്രസംഗം മാസികയിൽ പ്രസിദ്ധപ്പെടുത്തുവാൻ കഴിയാത്തതിൽ ഖേദിക്കുന്നു.

(2) 1958 ഏപ്രിൽ 12-ാംനു ശനിയാഴ്ച വൈകുന്നേരം 5. 30 നു കോട്ടയം ഡയോസീസൻ ബുക്കഡിപ്പോയിൽ തിരുമേനിയുടെ ഒരു എണ്ണഛായ ചിത്രം മോഡറേറ്റരുടെ കമ്മീസറി റവ. എം. ജെ. ചാണ്ടി ബി. എ. അവർകൾ അനാച്ഛാദനം ചെയ്തുയുണ്ടായി.

വിദേശപരിശീലനം. യൂത്തുലീഗ് സെക്രട്ടറി ശ്രീ കുരുവിള സി. എബ്രഹാം ബി. എസ്സ്സി; ആലപ്പുഴ ക്രിസ്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് പ്രവർത്തകൻ ശ്രീ എ; ജി. നൈനാൻ ബി. എ. എന്നിവർ ഏപ്രിൽ 5-ാംനു നാവിഗേറ്റേർസ് കോഴ്സു എന്നപേരായ ഒരു പ്രത്യേക മിഷ്യനറി പരിശീലനത്തിനായി ജപ്പാനിലേക്കു പുറപ്പെട്ടിരിക്കുന്നു. അവർ എപ്രിൽ 20-ാംനു പരിശീലന കേന്ദ്രമായ ടോക്കിയോവിൽ സസുഖം ചെന്നു ചേർന്നതായും അറിയുന്നു.

മിസ്സ് ഡാൾട്ടൻ. ചികിൽസാർത്ഥം വെല്ലൂർ മിഷ്യൻ ആശുപത്രിയിൽ താമസിച്ചിരുന്ന മിസ്സ ഡാൾട്ടൻ സുഖം പ്രാപിച്ചു മടങ്ങിയെത്തി ജോലിയിൽ പ്രവേശിച്ചിരിക്കുന്നു എന്ന അറിയുന്നതിൽ സന്തോഷിക്കുന്നു.

ബിഷോപ്പ് ജെയിക്കബ് തിരുമേനിയുടെ യാത്ര അയപ്പ് മുതൽ

വണ്ടിപ്പെരിയാർ ഇടവകയിൽ നിന്നും ഈ മുതലിലേക്കു 190 രൂപാ മഹായിടവക ആഫീസിൽ അടച്ചിരിക്കുന്നതായി അറിയുന്നു. മൊത്തത്തിൽ ഇപ്പോൾ ഈ ഇനത്തിൽ 6116 രൂപാ 95 നയാപൈസാ ലഭിച്ചിട്ടുണ്ട്.

ഒരു ഉദാരസംഭാവന:—കോട്ടയം ഇടവകയിൽ നട്ടാശ്ശേരി ഭാഗത്തു ഒരു പ്രാർത്ഥനാലയം പണിയുന്നതിനു ഭദ്രാസനപ്പള്ളി ഇടവകാംഗമായ ഒരു മാന്യൻ 6000-ൽ പരം രൂപാ സംഭാവന ചെയ്തിരിക്കുന്നു. എപ്രിൽ 26-ാം തീയതി കമ്മീസറി അവർകൾ പ്രസ്തുത പ്രാർത്ഥനാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നടത്തിയതായും അറിയുന്നു.

ബഥേൽ 'സമാധാനഭവന'ത്തിന്റെ ശിലാസ്ഥാപനം. ഈ മന്ദിരത്തിന്റെ ശിലാസ്ഥാപനകർമ്മം 1958 മാർച്ച് 22-ാം തീയതി ശനിയാഴ്ച 4 മണിക്ക് നടത്തപ്പെട്ട ഒരു ശുശ്രൂഷാമദ്ധ്യേ മിസസ്സ് സി. കോരുഎ ജോൺ നിർവഹിച്ചിരിക്കുന്നു.

കോട്ടയം നഗരസഭാദ്ധ്യക്ഷൻ:—കോട്ടയം നഗരസഭാദ്ധ്യക്ഷനായി നമ്മുടെ മഹായിടവക കൌൺസിൽ സെക്രട്ടറി ശ്രീ. എ. വി. ജോജ്ജ് മൂന്നാം പ്രാവശ്യം എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഈ സ്ഥാനലബ്ധിയിൽ സന്തോഷിക്കുകയും അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു.

മാന്യ വരിക്കാരുടെ ശ്രദ്ധയ്ക്ക്.

1956-ലെ വരിസംഖ്യ ജൂൺ 30-ാം തീയതിയ്ക്കകം അടച്ചുതീർക്കാത്തവർക്കു ജൂലൈ മുതൽ മാസിക തുടർന്നു അയച്ചുകൊടുപ്പാൻ നിവൃത്തിയില്ലെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു. മാസികയുടെ പ്രവർത്തന ചെലവുകൾക്ക് വരിസംഖ്യയല്ലാതെ വേറൊരു ധനാഗമമാർഗ്ഗവും ഇല്ലാത്തതുകൊണ്ടു മാത്രമാണ് ഇപ്രകാരം ഒരു നടപടി സ്വീകരിക്കേണ്ടിവന്നിരിക്കുന്നതു എന്നു മാന്യമിത്രങ്ങൾ മനസ്സിലാക്കി താമസംവിനാ കുടിശിക അയച്ചുതരുന്നതിനു സന്മനസ്സ് ഉണ്ടാകണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

ബിഷോപ്പ് തിരഞ്ഞെടുപ്പിനുവേണ്ടിയുള്ള ഡയോസീസൻ കൌൺസിൽ പ്രത്യേക സമ്മേളനം

സി. എസ്സ്. ഐ. മോഡറേറ്റർ തിരുമേനിയുടെ കല്പന അനുസരിച്ചു 1948 ഫെബ്രുവരി 8-ാം നു- കൂടിയ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ തീരുമാനപ്രകാരം, മദ്ധ്യതിരുവിതാംകൂർ മഹാഇടവകയുടെ ബിഷോപ്പായി സ്വീകരിപ്പാൻ ടി മഹാഇടവക കൌൺസിലിനു സന്മതമുള്ള രണ്ടോ, മൂന്നോ, നാലോ ആളുകളെ തിരഞ്ഞെടുത്തു ഒരു വലയം (Panel) തയ്യാറാക്കി സമർപ്പിക്കുന്നതിനായി ഡയോസീസൻ കൌൺസിലിന്റെ ഒരു പ്രത്യേക സമ്മേളനം 1958 ഏപ്രിൽ 15-ാംനു- കോട്ടയം ഭദ്രാസനപ്പള്ളിയിൽ വെച്ചു നടത്തപ്പെട്ടു.

കാലത്തു 9. 30 നു റവ. കെ. ഓ. ഫിലിപ്പിന്റെ പ്രധാന കാർമീകത്വത്തിലും റവ. എ. പി. ഇട്ടി, റവ. സി. ഐ. മത്തായി, റവ. കെ സി. മാത്യൂ എന്നിവരുടെ സഹകരണത്തിലും പ്രത്യേക പ്രാർത്ഥനകളോടു കൂടിയ വിശുദ്ധസംസ്ക്കാരശുശ്രൂഷ നടത്തപ്പെട്ടു. തുടർന്നു സഭായോഗത്തിൽ റവ. എ. ബാഗ്സ്കോ എം. എ. തിരഞ്ഞെടുപ്പിന്റെ ആത്മീയവശങ്ങളെ ചൂണ്ടിക്കാണിച്ചു സന്ദർഭോചിതമായ ഒരു പ്രസംഗം ചെയ്തു. തുടർന്നു റിട്ട. ജഡ്ജി ശ്രീ. ജേയിക്കബ് ഈപ്പൻ ബി. എ. ബി. എൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന കൌൺസിൽ യോഗത്തിൽ അംഗങ്ങളുടെ ഹാജർവിളി, വോട്ടർപരിശോധകന്മാരുടെ നിയമനം, ബിഷോപ്പ് തിരഞ്ഞെടുപ്പു നിയമങ്ങളിലെ 14-ാം റൂൾ അനുസരിച്ചുള്ള പ്രമേയം പാസ്സാക്കൽ, അംഗങ്ങളുടെ സത്യപ്രതിജ്ഞ എന്നിവ നടത്തപ്പെട്ടു. അതിന്റെ ശേഷം സഭ ലഞ്ചിനായി പിരിഞ്ഞു.

ഉച്ചകഴിഞ്ഞു 1. 30 നു കൌൺസിൽ വീണ്ടും സമ്മേളിച്ചു വോട്ടിംഗ് ആരംഭിച്ചു. ആകെയുള്ള 278 അംഗങ്ങളിൽ 261 പേർ ഹാജരായിരുന്നു. ഒന്നാം റൌണ്ടിൽ റവ. എം. വി. ജോജ്ജ് എം. എ. ബി. ഡി. എസ്സ്. റ്റി. എം. തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിനു 178 വോട്ടുകൾ ലഭിച്ചു. പിന്നീടു നടന്ന രണ്ടാം റൌണ്ടു വോട്ടിങ്ങിൽ ആകെ മൂന്നിൽ രണ്ടു ഭാഗം വോട്ടുകൾ ലഭിച്ചില്ല. നാലാം റൌണ്ടിൽ റവ. തോമസ് ചെറിയാൻ

വെല്ലൂർ മെഡിക്കൽ കോളജിലേക്കുള്ള അപേക്ഷകൾ

വെല്ലൂർ മെഡിക്കൽ കോളജിൽ എം. ബി. ബി. എസ്സ്. കോഴ്സിനു പ്രവേശനത്തിനായി ഈ മഹായിടവകയിൽനിന്നും അപേക്ഷിക്കുന്നവരിൽ മെഡിക്കൽബോർഡ് തിരഞ്ഞെടുത്തു അയക്കുണമെന്നാഗ്രഹിക്കുന്നവർ മെയ് 15-ാംനു-ക്കകം അപേക്ഷിക്കുണം. അപേക്ഷകർ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുണം.

1. വെല്ലൂർ മെഡിക്കൽ കോളജിൽ പേരു രജിസ്റ്ററർ ചെയ്യു മെയ് 14-ാംനു അവർ നടത്തുന്ന പരീക്ഷയിൽ ചേരുന്നവരുടെ അപേക്ഷകൾ മാത്രമെ പരിഗണിക്കപ്പെടുകയുള്ളു.

2. ബോർഡ് നിയമിച്ചിട്ടുള്ള ഒരു കമ്മട്ടി അപേക്ഷകരിൽനിന്നും യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കും.

3. തിരഞ്ഞെടുക്കപ്പെടുന്നവർ തങ്ങളുടെ പരിശീലനാനന്തരം മൂനു വർഷക്കാലം മഹായിടവക മെഡിക്കൽ മിഷ്യനിൽ സേവനം അനുഷ്ഠിക്കുമെന്നു ഒരു ശ്രുപാ പത്രത്തിൽ ഉടമ്പടി എഴുതി തരേണ്ടതാണു്.

4. തിരഞ്ഞെടുക്കപ്പെടുന്നവക്കു പ്രവേശനം നിശ്ചയമായി കിട്ടുമെന്നു യാതൊരുറപ്പുമില്ല. അവർ കോളജുകാർ നടത്തുന്ന ഇൻറർവ്യു, പരീക്ഷകൾ എന്നിവയിലും വിജയം സിദ്ധിക്കുണം.

5. രണ്ടു ശ്രുപാ രജിസ്രേഷൻഫീസ് സഹിതം അപേക്ഷകൾ മെയ് 15-ാംനു ക്കകം ട്രഷറാർ, ഡയോസിസൻ ആഫീസ്, കോട്ടയം എന്ന മേൽവിലാസത്തിൽ അയക്കുണം.

ഡയോസിസൻ ആഫീസ്, എന്നു് സെക്രട്ടറി,

22-4-1958. മെഡിക്കൽ ബോർഡ്.

ബി. എ. യ്ക്കു 168 വോട്ടുകൾ ലഭിയ്ക്കുകയാൽ അദ്ദേഹത്തിൻെറ പേരും വലയത്തിൽ ഉൾപ്പെട്ടത്തി. അഞ്ചാം റൌണ്ടിൽ റവ. എം. എം. ജോൺ ബി. എ., എം. ററി. എച്ചിനു 153 വോട്ടുകൾ ലഭിച്ചതിനാൽ അദ്ദേഹവും സ്ഥാനാർത്ഥിവലയത്തിൽ ചേർക്കപ്പെട്ടു. ആറാം റൌണ്ടിലും ഏഴാം റൌണ്ടിലും മൂന്നിൽ രണ്ടു ഭാഗം വോട്ടുകൾ ആർക്കും ലഭിക്കായ്കയാൽ നിയമപ്രകാരം വോട്ടിങ്ങു് അവസാനിപ്പിച്ചു. പ്രാർത്ഥനാനന്തരം കൌൺസിൽ സമ്മേളനം രാത്രി 9 മണിക്കു പര്യവസാനിച്ചു.

ഹാജരായി വോട്ടുചെയ്യുവരുടെ മൂന്നിൽ രണ്ടു ഭാഗം വോട്ടുകൾ ലഭിച്ചിട്ടുള്ള മേൽ പറയപ്പെട്ട മൂനു പേരുടെയും പേരുകൾ സ്ഥാനാർത്ഥി വലയത്തിൽ ചേർത്തു സിനഡ് നിശ്ചയിച്ചിട്ടുള്ള കമ്മററിക്കു അയച്ചുകൊടുത്തിരിക്കുകയാണു്. ഈ മഹായിടവകയ്ക്കു ഒരു ബിഷോപ്പിനെ തിരഞ്ഞെടുക്കുന്നതിനു ചുമതലപ്പെട്ടവരായ എല്ലാവരും മൈവാത്മാവിനാൽ നടത്തപ്പെടേണ്ടുന്നതിനായി സഭ ശ്രദ്ധയോടു കൂടി പ്രാർത്ഥിക്കുണമെന്നു അനുസ്മരിപ്പിച്ചുകൊള്ളുന്നു.

അടുത്ത സ്കൂൾ വർഷാരംഭത്തിൽ കോട്ടയം, സി. എം. എസ്സ്. ഇൻഡസ്ട്രിയൽ സ്കൂളിൽ ഏതാനും കുട്ടികളെ ചേർക്കുന്നതാണു്. കുട്ടികളെ അയയ്ക്കുവാനാഗ്രഹിക്കുന്നവർ സ്കൂൾ സർട്ടിഫിക്കെററു് സഹിതം ഇടവകപ്പട്ടക്കാരൻെറ ശുപാർശയോടുകൂടി ഹെഡ്മാസ്റ്റർക്കു് മെയ് അവസാനിയ്ക്കുന്നതിനു മുൻപു് ഇടവക, സ്റ്റേഷൻ, രക്ഷകർത്താവിൻെറ വീട്ടുപേരും പേരും, കുട്ടിയുടെ പേരു്, ജനനതീയ്യതി, ജയിച്ച ക്ലാസ്സ് എന്നീ വിവരങ്ങൾ കാണിച്ചു അപേക്ഷ അയച്ചു തരേണ്ടതാണു്. (പ്രത്യേക ഫാറം ഇല്ല)

Kottayam
10-4-'58

ഹെഡ് മാസ്ററർ.

സണ്ടെസ്കൂൾ കത്ത്

പ്രിയ സ്നേഹിതരെ,

മാച്ച് മാസത്തെ ജ്ഞാനനിക്ഷേപത്തിൽ ഈയാണ്ടത്തെ പാഠപുസ്തകങ്ങളെ സംബന്ധിച്ചു എഴുതിയിരുന്നതു പലരും കണ്ടുകാണുമെന്ന് വിചാരിക്കുന്നു. അതു് ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ജ്യേഷ്ഠവകുപ്പിലേക്ക് (1) മി. പി. ഐ. തോമസ് ബി. എ. എൽ. റവി. എഴുതിയ "വനാന്തരമാഗ്രം", വില 12 ണ. (2) 'ആമോസ് പ്രവാചകൻ' റവ. ജെ. ഡബ്ലിയൂ. റസ്സാലം ബി. എ., ബി. ഡി. എഴുതിയതു് വില 8 ണ. മദ്ധ്യവകുപ്പ് മൂന്നാം വർഷം, കുമാരവകുപ്പ് മൂന്നാം വർഷം, ബാലവകുപ്പ് ഒന്നാം വർഷം, ബാലവകുപ്പ് പുസ്തകം. പാഠപുസ്തകങ്ങൾ ഇല്ലാതെ ചിലയിടങ്ങളിൽ പഠനം നടത്തുന്നതായി അറിയുന്നുണ്ട്. അതു അത്ര വിജയകരമാകയില്ലല്ലോ. അതുകൊണ്ടു എല്ലാ സ്ഥലങ്ങളിലും ആവശ്യമുള്ളിടത്തോളം പുസ്തകങ്ങൾ വാങ്ങിച്ചു് ഉപയോഗിക്കണമെന്ന് അപേക്ഷിക്കുന്നു.

കുറെക്കാലമായി ആരാധനാകീർത്തനത്തിന്റെ പ്രതികൾ ഇല്ലാതെയിരിക്കയായിരുന്നല്ലോ. അപ്പോൾ പലർ ആവശ്യക്കാർ ആയിരുന്നു. എന്നാൽ അതു പുതിയ പാട്ടുകൾ ചേർത്തു് പരിഷ്കരിച്ചു അച്ചടിച്ചപ്പോൾ ആവശ്യക്കാർ ഇല്ലെന്നു തോന്നുന്നു. പലസ്ഥലങ്ങളിലും ഇപ്പോഴുള്ള ഉണവു് പാട്ടുകൾകൊണ്ടു തൃപ്തിപ്പെട്ടിരിക്കയാണ്. കുട്ടികൾക്ക് ചേർന്ന രീതിയിൽ ലളിതമായ ഭാഷയിലും, രാഗത്തിലും ഭക്തിപരമായ വിധത്തിലും അനേകം പാട്ടുകൾ ആണ് ഈ പുസ്തകത്തിൽ ഉള്ളതു്. അതുകൊണ്ടു സണ്ടെസ്കൂൾ വകയായിട്ടും സൌകര്യമുള്ള കുട്ടികൾ സ്വന്തമായിട്ടും അവ വാങ്ങിക്കുന്നതിനു് താല്പര്യപ്പെടുത്തുകയും അതിലെ പാട്ടുകൾ തന്നെ കഴിയുന്നിടത്തോളം സണ്ടെസ്കൂൾ ആരാധനയിൽ ഉപയോഗിക്കയും ചെയ്യണമെന്നു അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ വർഷത്തെ പ്രവർത്തനറിപ്പോർട്ടും വരവുചെലവു കണക്കും പുറകെ പ്രസിദ്ധപ്പെടുത്തണമെന്ന് വിചാരിക്കുന്നു. അതുകൊണ്ടു സണ്ടെസ്കൂൾ പൊതുഫണ്ടിനെക്കുറിച്ചു ഇപ്പോൾ ഒന്നും പറയുന്നില്ല. എന്നാൽ നടിക്കുട ചാപ്പൽഫണ്ടിനെ സംബന്ധിച്ചു് ഒന്നുകൂടെ എഴുതട്ടെ. ഇതിനകം ആരെല്ലാം അതിനുവേണ്ടി സംഭാവനകൾ അയച്ചിട്ടുണ്ടെന്നുള്ളതു് ഇപ്പോൾ എനിക്കു നിശ്ചയമില്ല. ഏപ്രിൽ മാസത്തെ 'നിക്ഷേപത്തിൽ' പറക്കാൽ മിസ്സിനറി എഴുതിയിരിക്കുന്ന കത്തു് നിങ്ങൾ മിക്കപേരും കണ്ടിരിക്കുമല്ലോ, അതിൽ പറയുന്നതുപോലെ ചാപ്പൽ പണിയിക്കുന്നതിനു് നമുക്കു ലഭിച്ചിരിക്കുന്ന സ്ഥലം നഷ്ടപ്പെടാതെ ഇരിക്കണമെങ്കിൽ ഉടനെ പണി ആരംഭിക്കണം. നമുക്കു ആവശ്യമുള്ള തുകയിൽ പകുതി പോലും ഇതുവരെ ലഭിച്ചിട്ടുമില്ല. അതുകൊണ്ടു് ഇക്കൊല്ലം എത്രയും പ്രധാനപ്പെട്ട ഒന്നായി കരുതി തണ്ടൽക്കു് കഴിവതും അതിനപ്പുറവുമായ വിധത്തിൽ പരിശ്രമിച്ചു് നിശ്ചിത തുക (2000 രൂപാ) ഈയാണ്ടിൽ തന്നെ പിരിഞ്ഞുകിട്ടുന്നതിനു് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്നു്

പള്ളം
18-4-'58.

റവ. സി. റവി. മാത്യു,
സണ്ടെസ്കൂൾ ജനറൽ സെക്രട്ടറി.

പ്രതിദിന വേദവായനക്കുറിപ്പുകൾ—മെയ് 1958

൧൯. (ഞാ.) ൧ രാജാ. ൧൯. ൧—൨൨ ധീരനായ ഏലിയാവു ഭയപ്പെട്ട് ഓടുന്നു. തന്നോടുതന്നെ സഹതാപം തോന്നുന്ന (Self-pity) അനേകർക്കും വരുന്ന ഒരു അപകടമാണിതു. എന്നാൽ ദൈവം ഏലിയാവിനെ ഇതിൽനിന്നും വിടുവിക്കുന്നു. ഏലിയാവേ! എഴുന്നേറ്റു തിന്നുക. അവൻ ആജ്ഞാപിച്ചു. പരിശ്രമിച്ചെങ്കിൽ മാത്രമേ നമ്മുടെ കഴിവുകൾ എത്രമാത്രം ഉണ്ടെന്നു മനസ്സിലാക്കുകയുള്ളൂ. (൨ തിമൊ. ൧. ൩, ൭). ഏലിയാവിന് 40 രാവും 40 പകലും നടക്കുവാൻ, ദൈവത്തിന്റെ പർവ്വതമായ ഹോരേബ് വരെ നടക്കുവാൻ ശക്തി ലഭിച്ചു. എഴുന്നേറ്റു പ്രവർത്തിക്കുക. തന്നെത്താൻ സഹായിക്കുന്നവരെ യഹോവ സഹായിക്കും.

൧൯. (തി.) ൧ രാജാ. ൧൯. ൯—൨൧. നീ പുറത്തുവന്നു യഹോവയുടെ മുമ്പാകെ നിൽക്കുക എന്നു കല്പന ഉണ്ടായി. ക്ഷീണിച്ചിരുന്ന ഏലിയാവിനെ ശക്തിപ്പെടുത്തേണ്ടതു ആവശ്യമായിരുന്നു. കൊടുങ്കാറ്റു, ഭൂകമ്പം, തീ ഇവ ഏലിയാവു കാണുന്നു. അതിലൊന്നിലും യഹോവ ഇല്ലായിരുന്നു. ആഹാബിനോടും, ബാലിന്റെ പുരോഹിതന്മാരോടും ഉപയോഗിക്കുന്ന മാർഗ്ഗങ്ങളുടെ അവ. എന്നാൽ ഒരു മൃദുസ്വരം താൻ കേൾക്കുന്നു. ദൈവസാന്നിദ്ധ്യം അനുഭവപ്പെട്ടു. ഏലിയാവിനുള്ള കല്പന എന്തു? നീ തിരികെ പോകുക. അവിടെ പുതിയ വേലയും, പുതിയ സ്നേഹിതന്മാരും കാത്തിരിക്കുന്നു. ഒരു പുതിയ രാജാവു്, ഒരു പുതിയ കൂട്ടുപ്രവർത്തകൻ, ബാലിനു മുട്ടുമടങ്ങാത്ത 7000 പേർ. പ്രവാചകൻ ഒരു വലിയ സംഘം സഹപാഠികളുടെ അടുക്കലേക്കു തിരികെ പോകുന്നു. തനിക്കു താൻ അല്ലാതെ ആരും ഇല്ല എന്ന് വിചാരിച്ച പ്രവാചകന് എത്ര വലിയ ഒരുകൂട്ടം ആളുകൾ സഹായത്തിനായിട്ടുണ്ട്. കൂട്ടായ്മയും, കൈത്താങ്ങലും ഒട്ടുമില്ല എന്നു നിരാശപ്പെടുന്ന അവസരത്തിൽ ദൈവം അനേകരെ നമുക്കു സഹായത്തിന് എഴുന്നേല്പിക്കുന്നു.

൨൦. (ചൊ.) ൧ രാജാ. ൨൦. ൧—൨൨. വളരെ ശക്തനായ ഒരു രാജാവായിട്ടു ഇതുവരെ ആഹാബിനെ ചിത്രീകരിച്ചിരിക്കുന്നുവെങ്കിലും ഇവിടെ ആഹാബിനെ ദൈവം സഹായിക്കുകയും ഒരു പ്രവാചകനെ അയച്ചു് അവനെ ധൈര്യപ്പെടുത്തുകയും ചെയ്യുന്നു. "ഞാൻ യഹോവ എന്നു നീ അറിയും" (൨൮ വാ) എന്നുള്ള പ്രസ്താവന യെഹെസ്കേൽ പ്രവചനത്തിൽ അറുപതു പ്രാവശ്യവും മറ്റു ഭാഗങ്ങളിലായി ആറു പ്രാവശ്യവും കാണുന്നു. ആഹാബ് ദൈവത്തെ അറിയുന്നതിനു് ഇതു മുഖാന്തരമാകട്ടെ എന്നു ദൈവം വിചാരിച്ചു കാണും. പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുന്ന ഒരു ദൈവം നമുക്കുണ്ട്.

A. J. M.

൨൧. (ബു.) ൧രാജാ. ൨൦. ൧൩—൩൦. **അരാമ്യരുടെ രണ്ടാമത്തെ തോൽവി.** കാരണം (1) അവർ തെറ്റായ യുദ്ധരൂപം തിരഞ്ഞെടുത്തു. (2) യിസ്രായേലിന്റെ ദൈവം പർവ്വതദേവൻ മാത്രമെന്നും അതുകൊണ്ടു പർവ്വതത്തിലെ യുദ്ധത്തിൽ അവർ ജയിക്കുമെന്നും തെറ്റിധരിച്ചു ദൈവത്തിന്റെ ശക്തിക്കു അതിരുവെച്ചു. (3) അവർ തെറ്റായ നായകന്മാരെ തിരഞ്ഞെടുത്തു. മുപ്പത്തിരണ്ടു രാജാക്കന്മാർ യുദ്ധത്തിനു മതിയായവരെന്നു വിചാരിച്ചു. (4) അവർ സൈന്യബലത്തിൽ ആശ്രയിച്ചു. എന്നാൽ യിസ്രായേലിന്റെ ജയത്തിനുള്ള കാരണങ്ങൾ ഏവ എന്നു നോക്കാം. 1. ദൈവവചനപ്രകാരം കരുതലുള്ളവരായിരുന്നു (൨൨ വാ). 2. യഹോവാ പർവ്വതദേവൻ മാത്രമല്ല സർവ്വശക്തനാകുന്നു എന്നു വിശ്വസിച്ചു. ദൈവവചനമനുസരിച്ചു കരുതലുള്ളവരായിരിക്കയും ദൈവത്തിൽ പൂർണ്ണാശ്രയം വയ്ക്കുകയും ചെയ്യുൽ നമുക്കും ജയജീവിതം നയിക്കാം.

സ. വാ. ൨൨.

൨൨. (വ്യാ). ൧രാജാ. ൨൦. ൩൧—൪൩. **കരുണയെ ദുരുപയോഗപ്പെടുത്തുന്നതു്.** അരാംരാജാവു കായ്സാദ്ധ്യത്തിനായി അഥവാ ജീവരക്ഷക്കായി, യിസ്രാ

യേൽ രാജാവിനെ പുകഴ്ത്തി പറഞ്ഞു രക്ഷനേടി (൨ ൟ വാ). ശൌൽ രാജാവു ദൈവകല്പനയനുസരിച്ചു് ആഗാഗിനെ കൊല്ലാതെ രക്ഷിച്ചതുപോലെ പുകഴ്ച കേട്ടപ്പോൾ യിസ്രായേൽ രാജാവു ഭയ കാണിക്കുന്നു എന്ന ഭാവത്തിൽ അനുസരണക്കേടു കാണിച്ചു ശിക്ഷാർഹനായി (൨൨ വാ). ഏതു സാഹചര്യത്തിലും ദൈവകല്പനയെ പൂർണ്ണമായി അനുസരിക്കയാണ് നമ്മുടെ മുറ. അല്ലെങ്കിൽ ശാപവും ശിക്ഷയും നിശ്ചയമാണ്. സ൨. വാ. ൧൩.

൯൩. (വെ). ഭരാജാ. ൨൫. ൮—൯. ആഹാബ് നാബോത്തിന്റെ മുന്തിരിത്തോട്ടം മോഹിക്കുന്നതു്. ഒന്നോഹം അഥവാ ദ്രവ്യാഗ്രഹം സൂക്ഷിച്ചു ഒഴിഞ്ഞുകൊള്ളേണ്ട താണെന്നു കർത്താവു കല്പിച്ചിട്ടുണ്ടല്ലൊ (ലൂക്കൊ. ൧൨. ൧൫). ആ പാപത്തിന്റെ ഫലം ഭയങ്കരമെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. ദ്രവ്യാഗ്രഹം വിഗ്രഹാരാധനയാകുന്നു (കൊലൊ. ൩. ൫). ആഹാബ് വളരെ ന്യായമായിട്ടാണ് നാബോത്തിന്റെ മുന്തിരിത്തോട്ടം ആവശ്യപ്പെട്ടതു് എങ്കിലും പിതൃസ്വത്തു സൂക്ഷിച്ചു് അനുഭവിക്കണമെന്നുള്ള യിസ്രായേലിന്റെ പ്രമാണം അനുസരിച്ചാണ് നാബോത്ത് രാജാവിന്റെ അപേക്ഷയെ നിരസിക്കുന്നതു് (സംഖ്യാ. ൩൬. ൭—൧൨). ഈ പാപത്തിനു തന്നെ അധികം പ്രേരിപ്പിച്ചതു് തന്റെ ഭാര്യ ആയിരുന്നു. പാപം ചെയ്യുന്നതിനു ചിലപ്പോൾ മറ്റുള്ളവർ സഹായിച്ചു എന്നു വരാം. പക്ഷേ യഹോവയുടെ കണ്ണു എല്ലായിടത്തുമുണ്ട് എന്ന് ഓർക്കേണ്ടതാണ് (സദൃശ. ൧൫. ൩). ഇതു ഏലിയാവു മുഖാന്തരം ആഹാബ് മനസ്സിലാക്കിയപ്പോൾ ഭയപ്പെട്ടു് "എന്റെ ശത്രുവേ നീ എന്നെ കണ്ടെത്തിയൊ" എന്ന് നിലവിളിച്ചു (൨൦ വാ). ഉടമ്പടിപ്രവർത്തിക്കാരുടെ ശത്രു ദൈവമാണ് (൧ശമൂ. ൨൮. ൧൬). അതു വലിയ അപകടമാണ്. സ൨. വാ. ൨൦.

൧൦൩. (ശ.) ഭരാജാ. ൨൨. ൧—൧൪. യിസ്രായേൽ രാജാവും യഹൂദാരാജാവും കൂടെ രാമോത്ത് ഗിലയാദ് പിടിച്ചടക്കാനുള്ള ശ്രമം. ആ പട്ടണം ഗാദ്ഗോത്രത്തിന്റെ വകയും ഒരു സങ്കേതനഗരവുമായിരുന്നു (ആവ. ൪. ൪൩). അതു പോയതു് വലിയ നഷ്ടമായിരുന്നു. അതുകൊണ്ടു തിരികെ എടുക്കണമെന്നുള്ളതായിരുന്നു ആഹാബിന്റെ മോഹം. അതിനു യഹൂദാരാജാവിനെ കൂട്ടുപിടിച്ചു. ഉടമ്പടിക്കായ്ത്തിനു കൂട്ടുപിടിക്കുന്നതു് ആപത്താണ് എന്ന് ഈ ചരിത്രം പഠിപ്പിക്കുന്നു. നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശമാക്കിയതിനെക്കുറിച്ചു തന്നെ ആഹാബ് ശരിയായി അനുതപിച്ചില്ല. നാനൂറു കള്ളപ്രവാചകന്മാരുടെ വാക്കുകൾകൊണ്ടു യഹോശാഫാത്ത് തൃപ്തിപ്പെടാതെ യഹോവയുടെ പ്രവാചകനായ സെദെക്യാവെ വരുത്തി ആലോചന ചോദിച്ചു. മറ്റുള്ളവരുടെ പ്രേരണയുണ്ടായിട്ടും അവൻ ധൈര്യമായി സത്യം പറഞ്ഞു (൧൪ വാ). ഭയപ്പെടാതെ സത്യത്തിന്റെ ഭാഗത്തു നില്പാൻ ധൈര്യമുണ്ടോ ?

൧൧൩. (ഞാ.) ഭരാജാ. ൨൨. ൨൫—൩൫. മീഖായാവു പ്രവാചകന്മാരിലുള്ള ഭോഷ്കിന്റെ ആത്മാവിനെ ശാസിക്കുന്നതു്. ആദ്യം ആക്ഷേപമായി കള്ളപ്രവാചകന്മാർ പറഞ്ഞതുപോലെ തന്നെ പറഞ്ഞു എങ്കിലും സത്യം പറയണമെന്നാവശ്യപ്പെട്ടപ്പോൾ ധൈര്യമായി പറഞ്ഞു. അതിന്റെ ഫലമായി മർദ്ദനവും 'ഞെരുക്കത്തിന്റെ അപ്പവും വെള്ളവും അനുഭവിക്കേണ്ടിവന്നു. സത്യത്തിന്റെ ഭാഗത്തു നിന്നാൽ ചിലപ്പോൾ ഉപദ്രവങ്ങൾ ഉണ്ടായി എന്നു വരാം. ഭക്തിയായി ജീവിപ്പാൻ ആഗ്രഹിക്കുന്നവർക്കൊക്കെ ലോകത്തിൽ ഉപദ്രവമുണ്ട്. ഏതു സാഹചര്യത്തിലും സത്യത്തിന്റെ ഭാഗത്തു നില്പാൻ നിനക്കു ധൈര്യമുണ്ടോ ?

൧൨൩. (തി.) ഭരാജാ. ൨൨. ൩൭—൪൦. ആഹാബിന്റെ മരണം. തോൽവിയേയും മരണത്തേയും പറ്റി നേരത്തെ അറിവു ലഭിച്ചിട്ടും കൂട്ടാക്കാതെ വേഷം മാറി പടയിൽകടന്നു രക്ഷപെടാൻ ശ്രമിച്ചു. പക്ഷേ അനുഭവം മറിച്ചായിരുന്നു. സത്യമുള്ള പ്രവാചകന്റെ വാക്കു ശ്രദ്ധിക്കാതെ സ്വന്ത ബുദ്ധിയിൽ ആശ്രയിച്ചു പ്രവർത്തിച്ചതു് അപകടത്തിനു കാരണമായി. കല്പന ലംഘിച്ചാൽ ശിക്ഷയിൽ നിന്നൊഴിയുക അസാദ്ധ്യമെന്നു

നാം മനസ്സിലാക്കേണ്ടതാണ്. ഏലിയാവു പറഞ്ഞതുപോലെ ആഹാബിന്റെ രക്തം നായ്ക്കൾ നക്കി. നാബോത്തിന്റെ രക്തം നായ്ക്കൾ നക്കുമാറാക്കിയതിന്റെ അനുഭവമല്ലയോ ഇത്? ആഹാബു് അനുതപിച്ചതിന്റെ ഫലമായി അടുത്ത തലമുറയ്ക്കു രാജ്യഭരണം ലഭിച്ചു (൨൦ വാ). അനുതാപത്തിന്റെ ഫലമായി ദൈവം കരുണ കാണിക്കും.

൧൩൯. (ചൊ.) ഫിലി. ൧. ൧—൧൧. ഇതു ക്രിസ്തീയ ജീവിതത്തെപ്പറ്റി എഴുതിയിരിക്കുന്ന ഒരു ലേഖനവും അതിലെ പ്രധാന ഭാഗം സന്തോഷം എന്നുള്ളതും ആകുന്നു. ക്രിസ്തീയ ജീവിതത്തിന്റെ നാലു വശങ്ങളാണ് ഈ നാലു് അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നതു്. ൧-ാം അദ്ധ്യായത്തിൽ ക്രിസ്ത്യാനിയുടെ സന്തോഷകരമായ ആശ്രയം. ൧-ം ൨-ം വാക്യങ്ങൾ മുഖവുരയാണു്. പൌലൊസ്, തന്നെയും തിമൊഥെയോസിനെയും മാസന്മാർ അഥവാ യജമാനനെ പൂർണ്ണമായി അനുസരിക്കുന്ന അടിമകളെന്നും, ഫിലിപ്പ്യരെ വിശുദ്ധന്മാർ അഥവാ കർത്താവിനായി വേർതിരിക്കപ്പെട്ടവർ എന്നുമാണ് വിളിക്കുന്നതു്. ഇതു നമ്മെക്കുറിച്ചു പറയാൻ സാധിക്കുമോ? ൩ മുതൽ ൭ വരെയുള്ള വാക്യങ്ങളിൽ സ്തുതിയും ൭—൧൧ വരെ പൂർണ്ണതയ്ക്കായുള്ള പ്രാർത്ഥനയും കാണുന്നു. സ്തോത്രം സുവിശേഷത്തോടനുബന്ധത്തിലുള്ള കൂട്ടായ്മയാകുന്നു. ഇതിനു് നമുക്കു അർഹതയുണ്ടോ? നമ്മിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ കർത്താവിന്റെ വരവുവരെയും അതിനെ തികയ്ക്കുമെന്നു വിശ്വാസമുണ്ടോ? (൬ വാ). കർത്താവിന്റെ വരവിങ്കൽ ലഭിക്കുന്ന തികവിനായി കാത്തിരിക്കാം.

൧൪൦. (ബു.) ഫിലി. ൧. ൧൨—൧൮. താല്ക്കാലിക ഉദ്ദേശസാദ്ധ്യത. പൌലൊസിന്റെ ബന്ധനം സുവിശേഷപ്രചാരത്തിനു കാരണമായി. തന്റെ ബന്ധനം സുവിശേഷം നിമിത്തമാണെന്നു കാവല്ക്കാർ മനസ്സിലാക്കി. താൻ ബന്ധനത്തിലായതുകൊണ്ടു ചിലർ ധൈര്യപ്പെട്ടും മറ്റു ചിലർ അസൂയകൊണ്ടും സുവിശേഷം പ്രസംഗിച്ചു. എങ്ങനെ എങ്കിലും സുവിശേഷം ഘോഷിക്കപ്പെട്ടതുകൊണ്ടു താൻ സന്തോഷിച്ചു. കാരണം തന്റെ ഏക ഉദ്ദേശം അതായിരുന്നു. നമ്മുടെ പ്രധാന ഉദ്ദേശം എന്തു്? ദൈവരാജ്യത്തിന്റെ കെട്ടുപണിയോ? പ്രതികൂലങ്ങളിലും പ്രത്യാശയോടുകൂടെ (൨൦ വാ). മരണം കൊണ്ടോ ജീവൻ കൊണ്ടോ ക്രിസ്തു മഹിമപ്പെടണം എന്നുള്ളതു് നമ്മുടെ ഉദ്ദേശം ആയിരിക്കട്ടെ. സ്വ. വാ. ൨൭.

൧൪൧. (വ്യാ.) ഫിലി. ൨. ൧—൧൧. ഈ ലേഖനത്തിന്റെ രണ്ടാമത്തെ ആശയം ഉന്നതമായ ക്രിസ്തീയ ആദർശം എന്നുള്ളതാണ് (൧. ൨൭—൨. ൩൰). അതിൽ മൂന്നു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. 1. കഷ്ടതയ്ക്കും സ്ഥിരത (൧. ൨൭—൩൰). 2. വിനയത്തിന്റെ വിശേഷത (൨. ൧—൧൧). ഒന്നാമതു, പ്രബോധനത്താൽ (൧—൬ വാ). രണ്ടാമതു്, ദിഷ്ടാന്തത്താൽ (൭—൧൧ വാ). ഇതു തിരുവചനത്തിലെ ആഴമേറിയ ഒരു ഭാഗമാണ്. ക്രിസ്തുവിന്റെ മൻസ്ഥാനം, താഴ്ച, മനുഷ്യാവതാരം, ക്രൂശീകരണം ഇവയെല്ലാം ഈ ഭാഗത്തു കാണുന്നു. പിന്നീടു് ഉയർത്തപ്പെട്ടതും സകലരും ആരാധിപ്പാനുള്ളതും ആണെന്നു കാണുന്നു (൯—൧൧ വാ). എല്ലാറ്റിന്റെയും അടിസ്ഥാനം ൫-ാം വാക്യമാണ്. 3. നിരന്തരമായ പരിശ്രമത്തിന്റെ ഫലം (൧൨—൧൩ വാ). വിശ്വാസിയുടെ ദൈവാശ്രയമുള്ള ജീവിതം (൧൨, ൧൩ വാ), സഭാജീവിതം (൧൪ a വാ), ലോകജീവിതം (൧൪ b, ൧൫a) രക്ഷയുടെയും കൂട്ടായ്മയുടെയും സാക്ഷ്യത്തിന്റെയും ജീവിതം. ഇതു് നമുക്കുണ്ടോ? സ്വ. വാ. ൫.

൧൪൨. (വെ.) ഫിലി. ൨. ൧൯—൩൰. തിരുവചനത്തിനോടു ചേർന്നുള്ള വരിക. സ്ഥിരത, വിനയം, ഉത്സാഹം ഇവയാണ് തോന്നുന്നതു്. ൧-ാമത്തേതിനു് പൌലൊസ് തന്നെ മാതൃകയാണ് (൨൨, ൨൩ വാ). ൨-ാമത്തേതിനു മാതൃക തിമൊഥെയോസാണ് (൧൯—൨൨ വാ). ൩-ാമത്തേതിനു എപ്പഫ്രൊദിത്തൊസ് ആണ് (൨൫—൩൰ വാ). പൌലൊസിന്റെ മയോ ഹൃദയവും അനുയായികൾക്കുവേണ്ടിയുള്ള കരുതലും ഇവിടെ കാണാം. റോമയിലെ കാരാഗൃഹത്തിൽ എപ്പഫ്രൊദിത്തൊസ് മുഖാന്തിരം ലഭിച്ച ദാനത്തിന്റെ മറുപടിയാണ് ഈ ലേഖനം. പൌലൊസ് മനുഷ്യരോടു ഉറ്റബന്ധം പാലിച്ചു. എങ്കിലും ക്രി

സ്വീനോടുള്ള സ്വാമിഭക്തി അതിനെക്കാൾ അഭംഗമായി പാലിച്ചു. അവൻ ജീവിക്കയും തൃശ്ശൂക്ഷിക്കയും ചെയ്തു കർത്താവിലായിരുന്നു. നമ്മുടെ അവസ്ഥ എങ്ങനെ? സ. വാ. വ്യ.

ക്ലൈബ്യം. (ശ.) ഫിലി. ന. ക—ക്ലൈ. ക്രിസ്ത്യാനിമാർക്കും യഹൂദമാർഗ്ഗത്തിനെതിരാണ് എന്നുള്ള ഈ ഭാഗത്തെ തെളിയിക്കുന്നു (ൻ—ക്ഷ വാ). ക്രിസ്ത്യാനി യഹൂദമാർഗ്ഗത്തെ നോക്കുന്നതിലുള്ള അപകടം (ഛ—ന്യ വാ). ജീവിതത്തിന്റെ പുരോഗമനം എന്നിവയും പ്രതിപാദിക്കപ്പെട്ടുന്നു. ക്രിസ്ത്യാനിയുടെ അപകടം ഒരു വാക്കിൽ പറഞ്ഞാൽ സ്വയം എന്നാണ് പറയേണ്ടതു്. ചിലരുടെ സ്വഭാവവൈകല്യങ്ങളെ കാണിക്കുന്നതിനായി നാസ്തികൻ, ആകാത്തവേലക്കാർ, വിദേഹനക്കാർ എന്നീ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. ഇതിൽ ഏതിലെങ്കിലും നാം ഉൾപ്പെട്ടുമോ? ര—ന്യ വാക്യങ്ങളിൽ സ്വന്ത സാക്ഷ്യം പറയുന്നതിൽ തന്റെ ബലഹീനതകളെ താൻ സമ്മതിക്കുന്നു. നമുക്കു കുറവുണ്ടോ? ഭ—ക്ഷ വരെയുള്ള വാക്യങ്ങളിൽ ക്രിസ്ത്യാനിയുടെ ആവേശം എന്തായിരിക്കണമെന്നു പറയുന്നു. ക്രിസ്തു നിനക്കു സകലത്തിലും സകലവുമോ? ക്ഷ—ക്ലൈ വരെ ക്രിസ്ത്യാനിയുടെ പുരോഗമനം; എല്ലാം മറന്ന് അതു സാധിപ്പാൻ പൌലൊസ് ബദ്ധപ്പെടുന്നു. നിന്റെ നിലയെന്ത്? സ. വാ. വ്യ.

ക്ലൈബ്യം. (ഞാ.) ഫിലി. ന. ക്ര—വ. ക. രക്ഷ ക്രൂശ്മരണത്താലാകുന്നു പ്രവൃത്തികൊലല്ല എന്ന് ഇവിടെ തെളിയിക്കുന്നു. ക്രൂശിന്റെ സാക്ഷ്യത്തിനു വിപരീതമായി നടക്കുന്നവരെക്കുറിച്ച് അപ്പൊസ്തലൻ കരയുന്നു. ക്രൂശിന്റെ മാർഗ്ഗം സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മാർഗ്ഗമാകുന്നു. അതിനെതിരായി നാം നടന്നാൽ നമ്മെക്കുറിച്ചും കരയേണ്ടിവരും. നിന്റെ സ്ഥിതി എന്ത്? അങ്ങനെയുള്ളവരുടെ ഭാവി നാശമാകുന്നു. നിന്റെ അതിനെക്കുറിച്ചു നിശ്ചയമുണ്ടോ? നിശ്ചയമുള്ളവർക്കു മാത്രമേ സ്വർഗ്ഗീയ പൌരത്വത്തിനു് അവകാശമുള്ളൂ. ഈ ലക്ഷ്യം മുമ്പിൽ വച്ചുകൊണ്ടു പ്രത്യാശയോടുകൂടെ ജീവിക്കാം. സ. വാ. ക്ലൈ.

ക്ലൻന്യം. (തി.) ഫിലി. ര. ക—ൻ. ക്രിസ്തീയ ജീവിതത്തിന്റെ അനുപമേയവും ഉന്നതവുമായ നില. അതിൽ മൂന്നു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. (1) നിസ്വാർത്ഥത (ഛ—ഭ വാ). ക്രിസ്തീയ ഐക്യത അത്യാവശ്യമായതുകൊണ്ട് അതിനു് സർവ്വ ശ്രമങ്ങളും കഴിക്കേണ്ടതാണ്. ക്രിസ്തീയ സന്തോഷം; ദൈവത്തോടും മനുഷ്യരോടും ഉണ്ടായിരിക്കേണ്ട മനോഭാവം; ഇവ കർത്താവിനു പൂർണ്ണമായി കീഴ്പ്പെടുന്നതിനാലുണ്ടാകുന്നതുമാകുന്നു. (2) ക്രിസ്തീയ ജീവിതത്തിലെ സുകൃതങ്ങൾ (വ്യ, ൻ വാ) മനസാമതു ചിന്തിക്ക. പിന്നെ പ്രവർത്തിക്ക. ചിന്തയ്ക്കു ആറു കാര്യങ്ങൾ തന്നിരിക്കുന്നു. അതിന്റെ പൂർണ്ണത ക്രിസ്തുവിലാണ്. അങ്ങനെ ചെയ്യാലുള്ള പ്രതിഫലം ആഗ്രഹിക്കുന്നതിലും കഴിച്ചുകൂടാൻ പാടില്ലാത്തതുമായ ദൈവസാന്നിദ്ധ്യം ആകുന്നു. നിനക്ക് അതു വേണ്ടയോ?

ക്ലാന്ത. (ചൊ.) ഫിലി. ര. ക്ഷം—ക്ല. അവസാനമായി ക്രിസ്തീയ ജീവിതത്തിലുള്ള തൃപ്തിയെപ്പറ്റി പറഞ്ഞിരിക്കുന്നു. ക്രിസ്ത്യാനി മറ്റുള്ളവരിൽനിന്നു വ്യത്യാസമുള്ളവനായിരിക്കേണം. അപ്പൊസ്തലൻ പ്രായോഗിക ജീവിതത്തിൽ മനുഷ്യനും ദൈവവുമായിരിക്കേണ്ട ബന്ധം വിവരിക്കുന്നു. എല്ലാറ്റിനും ക്രിസ്തു നമുക്കു മതിയായവനും തൃപ്തനും (ക്ഷ—ക്ലൻ വാ. എന്നാൽ സഹായങ്ങൾ ക്രിസ്ത്യാനികൾ മുഖാന്തരം വരേണ്ടതാണ്. പൌലൊസ് എല്ലാവിധത്തിലും തൃപ്തനായിരുന്നു. ക്രിസ്തുമൂലം സകലത്തിനും പ്രാപ്തനാകുന്നു എന്നുള്ള ആത്മധൈര്യവും ഉണ്ടായിരുന്നു. സഹായം ചെയ്യേണ്ടതും സ്വീകരിക്കേണ്ടതും ഏതു മനോഭാവത്തോടെയാണ് എന്നു പറയുന്നു (ക്ലം—ക്ലന്ത വാ). അവസാനമായി, സമൃദ്ധിയായ മാനത്തിനുള്ള വാശ്രത്തം നമുക്കുണ്ട്. അതിൽ ആശ്രയിക്കാം. സ. വാ. ക്ലൻ.

ക്ലാന്ത. (ബു.) സങ്കീ. ൻവ്യ. ൻ൫ മുതൽ ക്ഷം വരെയുള്ള സങ്കീർത്തനങ്ങൾ പാട്ടുപാടി സന്തോഷിക്കുന്നതിനുള്ള ആഹ്വാനമാണ്. ദൈവത്തിന്റെ മാർഗ്ഗം എപ്പോഴും സന്തോഷിപ്പിക്കുന്നതും അതിന്റെ ഫലമായുള്ളതു സംഗീതവുമാണ്. ഈ സങ്കീർത്തനത്തിൽ

ദൈവം അത്ഭുതം പ്രവർത്തിച്ചതുകൊണ്ടും ജയം നേടിയതുകൊണ്ടും സന്തോഷിപ്പാൻ പറയുന്നു (൧ വാ). പാട്ടു ആത്മാവിന്റെ ആരോഗ്യകരമായ അവസ്ഥയുടെ അടയാളമാകുന്നു. സന്തോഷിക്കുന്നതിനുള്ള മറ്റൊരു കാരണം രക്ഷയെ പ്രസിദ്ധമാക്കുന്നതുകൊണ്ടാണ് (൨. നു വാ). രക്ഷയുടെ സുവിശേഷം ഈ കാലത്തു സകല ജാതികളിലും പ്രസിദ്ധമാക്കുന്നതു എത്ര ആനന്ദകരമാണ്. അതിങ്കൽ സകലരും സകലവും കൈകൊട്ടി ആർക്കേണ്ടതാണ് (൪—൮). നമ്മുടെ സന്തോഷം കാണുന്നതു താല്ക്കാലികവുമായ കായ്കളിലാണോ? അതോ കർത്താവിലും അവനോടുകൂടെയുള്ള നിത്യമായ കായ്കളിലുമാണോ?

൨൨൯. (വ്യാ.) സങ്കീ. ൯൩. യഹോവ വിശുദ്ധിയിൽ വാഴുന്നു. വിശുദ്ധ എന്ന വാക്കു നാലു പ്രാവശ്യം ഈ സങ്കീർത്തനത്തിൽ കാണുന്നു. അവൻ അതിവിശുദ്ധ സ്ഥലത്തു സിംഹാസനത്തിന്മേൽ വിശുദ്ധനായി വാഴുന്നു. അതുകൊണ്ടു സന്തോഷിപ്പാനും, ഭയപ്പെടുവാനും ആരാധിപ്പാനും കാരണമുണ്ട്. ദൈവത്തിന്റെ ഭൃത്യന്മാരായ മോശെ, അഹരോൻ, ശമൂവേൽ എന്നിവരെപ്പറ്റി പല കായ്കളും പറഞ്ഞിരിക്കുന്നു. അവർ പൂർണ്ണരല്ലായിരുന്നു എങ്കിലും ദൈവത്തോടു അപേക്ഷിച്ചു ഉത്തരം ലഭിച്ചവരായിരുന്നു. അവരും അനുതാപത്താൽ പാപക്ഷമ ലഭിച്ചവരായിരുന്നു. അവർ ബലഹീനരെങ്കിലും തള്ളപ്പെടാതെ സ്വീകരിക്കപ്പെട്ട എന്നുള്ളതു നമുക്കും ധൈര്യപ്രദമാണ്. സ്വ. വാ. ന്യ.

൨൨൯. (വെ.) യോവേൽ. ൧. ൧—൨. ഈ പുസ്തകത്തിന്റെ പ്രധാന ഭാഗം ആത്മാവിന്റെ വാശത്തം എന്നുള്ളതാണ്. അതാണ് ക്രിസ്തീയ സഭയുമായി ഇതിനുള്ള ബന്ധം. വലിയ വരൾച്ചയുടെയും ക്ഷാമത്തിന്റെയും കാലത്താണ് ഇതെഴുതപ്പെട്ടതെന്നു വിചാരിപ്പാൻ ന്യായമുണ്ടു (൧൦—൧൨, ൧൭, ൨൩ വാ). ഈ സ്ഥിതിയുടെ വ്യത്യാസം വരുത്തുന്നുള്ളു മാർഗ്ഗം ദൈവസന്നിധിയിൽ ഉപവസിച്ചു പ്രാർത്ഥിക്കുക എന്നുള്ളതാണ് (൧൩—൧൪ വാ). ഉപവാസവും പ്രാർത്ഥനയും എല്ലായ്പോഴും ശാപം മാറുന്നതിനും പാപം ക്ഷമിക്കപ്പെടുന്നതിനും സ്ഥിതിഗതികൾ മാറുന്നതിനും സന്തോഷവും സമാധാനവും കൈവരുന്നതിനും പര്യാപ്തമാണ്. നീ അതു വിശ്വസിക്കയും അതനുസരിച്ചു പ്രവർത്തിക്കയും ചെയ്യുന്നുവോ?

൨൨൯. (ശ.) യോവേൽ ൨. ൧—൨൦. യഹോവയുടെ ദിവസം. ഇതിനു പൊതുവായും പ്രത്യേകമായും വ്യാഖ്യാനങ്ങളുണ്ട്. ന്യായവിധിയിൽ ദൈവത്തിന്റെ ഏതു സന്ദർശനദിവസത്തിനും യഹോവയുടെ ദിവസം എന്നു പറയാവുന്നതാണ്. യഹോവയുടെ ദിവസം വരുന്നു; അതു സഹിക്കുകൊള്ളുന്നവൻ ആർ? ഈ പ്രവചനത്തിന്റെ ഒന്നാമത്തെ നിവൃത്തി പെട്ടെന്നുണ്ടായ പട്ടണനിരോധനത്തിലും പിന്നീടു എ. ഡി. 70-ൽ ഉണ്ടായ നാശത്തിലും ആണ്. ഇതിന്റെ അവസാനത്തെ നിവൃത്തി അന്ത്യകാലത്തു അന്തിക്രിസ്തുവിന്റെ ഭരണത്തിൻ കീഴിലെ മഹാ കഷ്ടകാലത്തായിരിക്കും. അപ്പോൾ തെരഞ്ഞെടുക്കപ്പെട്ടവരെയും തെറ്റിക്കുന്നതിനുള്ള വലിയ ശ്രമം നടക്കും. പശ്ചാത്താപം കാണിക്കുന്നതുപോലെ ഹൃദയം കീറി അനുതപിച്ചു മോചനം പ്രാപിക്കയും കരുണയുള്ള ദൈവത്തിലേക്കു പരമാർത്ഥമായി തിരിയുകയുമാണ് വേണ്ടതു (൧൨ വാ). അവൻ അനുഗ്രഹം വെച്ചേക്കയില്ലയോ? ഇതു നിനക്കു വേണ്ടയോ?

൨൨൯. (ഞാ.) യോവേൽ ൨. ൨൫—൩൨. തിരികെ ലഭിക്കുന്ന കൃപ; വെട്ടുകിളി വരുത്തിയ നാശം പാപംമൂലം മനുഷ്യജാതിക്കുണ്ടാകുന്ന നാശത്തെ കുറിക്കുന്നു. അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി സ്ഥിതിഗതികൾ വ്യത്യാസപ്പെടുകയും നഷ്ടമായതൊക്കെ തിരികെ ലഭിക്കയും ചെയ്യുന്നു (൨൫—൨൭ വാ) വീണ്ടെടുപ്പും മോചനവും ലഭിച്ചശേഷം പൂർണ്ണമായി പ്രതിഷ്ഠയുടെ ഫലമായി ആത്മനിറവിന്റെ അനുഭവമുണ്ടാകും. ആത്മദാനം എല്ലാ പ്രായത്തിലും സ്ഥിതിയിലും നിലയിലും ഉള്ളവർക്കുള്ള അവകാശമാകുന്നു. വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ദൈവമായ കർത്താവു വിളിച്ചുവരുത്തുന്നവർക്കും ദൂരസ്ഥന്മാരായ ഏവർക്കുമുള്ളതാകുന്നു. അതു നീയും പ്രാപിക്കേണ്ടതാണ്.

ഹന്നാ. (തി.) യോവേൽ. ന. ക—ഫ. യിസ്രായേൽ കൊയ്ത്തിനു വെള്ളത്തിരിക്കുന്നു. ഈ ഭാഗത്തു ദൈവം യിസ്രായേലിനോടു ഇടപെടുന്ന വിധം സൂചിപ്പിക്കുന്നു. പൂർണ്ണമായ നാശത്തിൽ നിന്നുള്ള വിടുതലിനു മുമ്പായി ഒരു യുദ്ധം (ഹർമ്മഗെദോൻ. വെളി. ഹന്നാ. ഹന്നാ) നടക്കേണ്ടതാണ്. രണ്ടാമതു് സകല ജാതികളെയും വിധിക്കുന്ന താഴ്വരയുണ്ടു് (ഹന്നാ വാ; മത്തായി. ഫ൫. ന൬). ദൈവം യിസ്രായേലിന്റെ പ്രത്യാശയും ശക്തിയുമായി വെളിപ്പെട്ടു (ഹന്നാ വാ). യഹോവ വസിക്കുന്നിടമായ സീയോൻ അഥവാ യരൂശലേം സ്വർഭൂമിയുടെയും തലസ്ഥാനമാകുമ്പോൾ ദൈവം വസിക്കുകയാൽ വിശുദ്ധമാകയും തന്റെ മഹത്വസിംഹാസനത്തിൽനിന്നും ജീവനും രക്ഷയും നൽകുന്ന ജലനദികൾ ജാതികളിലേക്കു ഒഴുകുകയും ചെയ്യും (ഹന്നാ; ഹവ്വ വാ; വെളി. ഫ൨. ന). ഈ സന്തോഷസന്ദർഭത്തിനായി അഥവാ കർത്താവിന്റെ വരവിനായി നമുക്കു കരുതി കാത്തിരിക്കാം.

ഹന്നാ. (ചൊ) സങ്കീ. ഹന്നാ. ന—ഹന്നാ. കരുവായുള്ളതുടെ ചുരുങ്ങിയതും ഓക്കാൻ എളുപ്പമുള്ളതുമായ പ്രസ്താവനയ്ക്കാണു സങ്കീർത്തനവാക്യം എന്നു പറയുന്നതു്. എന്നാൽ അനേകർക്കു കാണത്തക്കവണ്ണം സുവിശേഷസത്യങ്ങളും ഇവയിൽ മറഞ്ഞുകിടക്കുന്നു. ന്യായവാകൃത്തിൽ പാപപരിഹാരം ഇല്ലാതാകുന്നതും പരിഹരിക്കപ്പെടുന്നതും എങ്ങനെയെന്നു പറഞ്ഞിരിക്കുന്നു. കാൽവറിയിൽ കാണുന്ന കരുണയും സത്യവും കൊണ്ടു് (സങ്കീ. വ്യ൫. ന൦). സകലത്തിന്റെയും മേൽഭരണം ദൈവത്തിനാകുന്നു എന്നു ഈ ഭാഗത്തു പല വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു (ര വാ). ഹൃദയനിരൂപണം, സംസാരത്താൽ തെളിവാകുന്നു (ര വാ). യഹോവ സകലവും തന്റെ ഉദ്ദേശപ്രകാരം സൃഷ്ടിക്കുന്നു. കുറക്കാക്കു അവൻ ശിക്ഷ കല്പിക്കുന്നു (൫ വാ). യഹോവ പ്രസാദിക്കുമ്പോൾ ശത്രുവിന്റെ മനസ്സും വ്യത്യാസപ്പെട്ടുന്നു. മനുഷ്യന്റെ കാലടികളെ യഹോവ നിയന്ത്രിക്കുന്നു (൯ വാ). സഞ്ചിയിലെ പടിയും അവന്റെ പ്രവൃത്തിയാകുന്നു. വ്യാപാരവും ദൈവപ്രമാണത്തിലുണ്ടെന്നു അതു തെളിയിക്കുന്നു ദൈവപ്രസാദം തേടുന്നവർക്കു സകലവും അവങ്കൽ നിന്നു ലഭിക്കുന്നു. ഈ വിശ്വാസം നിനക്കുണ്ടോ?

ഹവ്വന്നാ. (ബു.) സങ്കീ. ഹന്നാ. ഹവ—നന്നാ. ജ്ഞാനത്തേപ്പറ്റിയുള്ള കൂട്ടത്തിൽ ഹനോമേറിയ വാക്കുകൾ, ദൈവം സകലവും ഭരിക്കുന്നു എന്നുള്ള ആശയത്തോടെയാണു് ഈ അദ്ധ്യായം അവസാനിക്കുന്നതു്. ദൈവം സർവ്വജ്ഞനായതുകൊണ്ടു് താനറിയാതെ ഒന്നും നടക്കുന്നില്ല. കുരികിലിനെപ്പറ്റിയും താമരയെപ്പറ്റിയും പറയുന്നതിൽ യേശു ഇതു തന്നെ പഠിപ്പിക്കുന്നു (മത്താ. ന്യ. ഫന്ന—നം). എന്നാൽ രണ്ടു പ്രധാന സംഗതികൾ ഈ ഭാഗത്തു കാണാം. (1) സാധാരണ ആപത്തുകളെപ്പറ്റിയുള്ള മുൻകരുതലുകൾ. (2) ലഘിതമായ ദൈവകൃപ, ഗർവം, ഉന്നതഭാവം, (ഹവ്വ വാ). ഇവ ഉള്ളവൻ മർമ്മപാനിക്കു സമനാണു്. രണ്ടു കൂട്ടരുടെയും അവസാനം ഒന്നാണു്. അതായതു് പാപവും, ലജ്ജയും; ദുഃഖവും ഉളവാകുന്നു. വിനയം, ബുദ്ധിപൂർവ്വമായ പ്രവൃത്തി, മാധുര്യമുള്ള നാവു്, ആത്മസംയമനം ഇവ ദൈവകൃപകളാണു്. തന്നിലാശ്രയിക്കുന്നവർക്കു അവ ലഭിക്കുന്നു.

ഹന്നാ. (വ്യാ.) സങ്കീ. ഹന്നാ. ഹന—ഹന്നാ. ഈ ഭാഗത്തുചില പരിശോധനാ ചോദ്യങ്ങൾ കാണാം. കലഹത്തോടു കൂടെ വീടുവിറച്ചു യാഗഭോജനത്തിലും നല്ലതു് ഏതു്? മതലായ പതിനേഴു ചോദ്യങ്ങളാണുള്ളതു്. അവയിൽ ചിലതു മാത്രം എടുക്കാം. ദൈവത്തെ നീതികരിക്കുന്നതു് യഹോവയുടെ വെറുപ്പു് (ഹന്ന വാ). എന്നാൽ അബ്രഹാമിനെ നീതീകരിക്കുന്നു എന്നു റോ. ര. ൪-ൽ വായിക്കുന്നു. യേശുവിൽ വിശ്വസിക്കുന്നതുമൂലം കൃപയാൽ ലഭിക്കുന്നതാകുന്നു നീതീകരണം. വിശ്വാസത്താൽ നീതീകരിക്കപ്പെടുമ്പോൾ ശിക്ഷാവിധി നീങ്ങുന്നു (ഹന്ന വാ). സ്നേഹിതൻ എല്ലുകാലത്തും സ്നേഹിക്കുന്നു. എന്നാൽ അവസാനത്തോളം സ്നേഹിച്ചു എന്നു നമ്മുടെ കർത്താവിനെപ്പറ്റി മാത്രമേ പറഞ്ഞിട്ടുള്ളൂ. ഏതു സാഹചര്യത്തിലും അവന്റെ സ്നേഹം കുറയുന്നില്ല. ഇങ്ങനെ ഉള്ളവനോടുള്ള നമ്മുടെ സ്നേഹം എത്ര മാത്രം?

നാനു-. (വെ.) സട്ടശ. ക്വ. ക്രം—വരു. യഹോവയുടെ നാമം (ക്രാ വാ). അതു ബലമുള്ള ഗോപുരം. നാമം അതിലടങ്ങിയിരിക്കുന്ന എല്ലാ ശക്തികളെയും കുറിക്കുന്നു. അവനിലാശ്രയിക്കുന്നവക്ക് അവൻ ആപത്തിൽ സങ്കേതമാകുന്നു. ധനവാൻ ധനത്തിലാശ്രയിക്കുന്നു. എങ്കിലും ആപത്തിൽ നിന്നു അതവനെ വിടുവിക്കുന്നില്ല. ദൈവവിശ്വാസം മാത്രമാണ് ഏതു പ്രതികൂല സാഹചര്യത്തിലും ധൈര്യം നൽകുന്നതു (ക്രവ വാ). തകർന്ന മനസ്സിനെ ആർക്കു സഹിക്കാം. മനസ്താപമുള്ള ഹൃദയത്തിനു അവൻ ചൈതന്യം കൊടുക്കുന്നു. തകർന്നും നുറുങ്ങിയും ഇരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കയില്ല (സങ്കീ. ഭക്ര. ക്വ). ദൈവത്തിന്റെ നാമത്തെ ശരിയായി മനസ്സിലാക്കിയവൻ അതിലാശ്രയിക്കും. അവൻ ലജ്ജിച്ചു പോകയുമില്ല.

നാക്രു-. (ശ.) സട്ടശ. വാ. ക്ര—ക്രവ. വഴിയിലുള്ള ആപത്തു മദ്യം (ക്ര വാ), ശണ (നു), മടി (രു), അസത്യം (ക്രം), സ്വയഭോഗം (ക്രനു) ഇവ സൽസ്വഭാവത്തെ അപഹരിച്ചു ജീവകിരീടത്തെ നശിപ്പിക്കുന്നു. നമ്മുടെ കർത്താവും ഇവയെപ്പറ്റി പറഞ്ഞിട്ടുണ്ട്. മണലിന്മേൽ വീടുപണിത മനുഷ്യൻ, വേലയ്ക്കു പോകാം എന്നു പറഞ്ഞിട്ടു പോകാഞ്ഞ മനുഷ്യൻ, ഭോഷനായ ധനവാൻ, മുടിയനായ പുത്രൻ, അനീതിയുള്ള കാര്യവിചാരകൻ മുതലായവർ ഇതിനു ദൃഷ്ടാന്തങ്ങളാണ്. മനുഷ്യൻ പരാജയപ്പെടുന്നതു ആലോചനക്കുറവല്ല. പിന്നെയോ, ഉയരത്തിൽ നിന്നുള്ള ജ്ഞാനം ഗ്രഹിക്കാഞ്ഞിട്ടാണ്. വീഴുന്നവരെ താങ്ങുവാൻ ദൈവം കരുണയുള്ളവനാകുന്നു. എന്നാൽ വഴിവിട്ടു പോകുന്നവർ തന്റെ അപ്രീതിക്കു കാരണമാകും. ആരെങ്കിലും പിന്മാറുന്നെങ്കിൽ എന്റെ ഉള്ളത്തിനു പ്രസാദമില്ല. കൂട്ടം പിന്മാറാതിരിക്കുവാൻ നമുക്കു തന്നിൽ ശരണപ്പെടാം.

ജൂഡൻ ക്രനു-. (ഞാ.) വരാജാ. വ. ക്ര—ക്രഭ. ഏലീയാവു സ്വർഗ്ഗത്തിലേക്ക് എടുത്തു കൊള്ളപ്പെടുന്നതു. ലോകചരിത്രത്തിൽ ഇതിനു മുൻപു ഇതുപോലെ ഒരു സംഭവമേ നടന്നിട്ടുള്ളൂ (ഹാനോക്ക്, ഉല്പ. ഭ. വരു). ഇതിനു ശേഷവും ഇങ്ങനെ ഉണ്ടായിട്ടില്ല. എല്ലാവരും കടവിലത്തെ ശത്രുവായ മരണവുമായി ഏറുമുട്ടേണ്ടി വന്നിട്ടുണ്ട്. ഈ രണ്ടു കൽക്ക് ഇങ്ങനെ സാധിച്ചതു എന്തുകൊണ്ടാണെന്നു സൂക്ഷ്മമായി പറവാൻ കഴിവില്ല. ഏരാൽ 390 വർഷം ദൈവത്തോടു കൂടെ നടന്നു എന്നും മറേറ ആൽ 30 വർഷം അസാധാരണമായ ദൈവസേവ ചെയ്തു എന്നും പറയപ്പെട്ടിരിക്കുന്നു. ഇവക്ക് സംഭവിച്ചതുപോലെ ഇനിയും സംഭവിക്കും എന്നു തിരുവചനത്തിൽ കാണുന്നു (ക്രകൊരി. ക്രഭ. ഭക്ര). ചുരുക്കമായി നടന്ന സംഭവം സാധാരണയായി ഉണ്ടാകും. ഏലിയാവു അവസാനമായി ക്രിസ്തുവിനോടുകൂടെ മഹത്വത്തിൽ വെളിപ്പെട്ടതുപോലെ മൈവജനങ്ങൾക്കും സംഭവിക്കും (ക്രതെസ്സ. രു. ക്വ). അതുവരെയും ഏലിയാവിന്റെ ആത്മാവു ഏലീശയെ ഭരിച്ചതുപോലെ നാമും അളശ്യനെ കാണുമെങ്കിൽ നമ്മെയും ആ ആത്മാവു ഭരിക്കും.

വനു-. (തി) വരാജാ. വ. ക്രനു—വഭ. ഏലിയാവിന്റെ ആത്മാവു് ഏലീശയിൽ കൂടെ പ്രവർത്തിക്കുന്നതു (1) ഏലിയാവിനെ അനുഷ്ഠിച്ചു പോകരുതെന്നു പറഞ്ഞു എങ്കിലും വകവയ്ക്കാതെ പോയതു നിമിത്തം ഫലമായി. പൂർണ്ണമായ ദൈവാനുവാദം കൂടാതെ ചെയ്യുന്നതൊന്നും ശുഭമല്ല. (2) ഏലീശയുടെ വാക്കനുസരിച്ചു പ്രവർത്തിച്ചപ്പോൾ നീരുറവയിലെ ചീത്തവെള്ളം നല്ല വെള്ളമായി. (3) തന്നെ ആക്ഷേപിച്ച കുട്ടികളെ ശപിച്ചപ്പോൾ 42 കുട്ടികൾ കരടികൾക്കിരയായി. എക്കാലത്തും ദൈവമനുഷ്യരെ ഉപദ്രവിച്ചവർ ശിക്ഷാർഹരും ശാപഗ്രസ്തരും ആയിത്തീർന്നിട്ടുണ്ട്. ക്രിസ്ത്യാനികൾ ഉപദ്രവിക്കപ്പെട്ടപ്പോൾ "ശൌലേ, ശൌലേ നീ എന്നെ ഉപദ്രവിക്കുന്നതെന്തു?" എന്നു കർത്താവു ചോദിച്ചു, ദൈവം തന്റെ ജനത്തെ കാക്കുന്നു.

നാനു-. (ചൊ.) വരാജാ. നു. ക്ര—ക്രവ. പുനു രാജാക്കന്മാരും ഒരു പ്രവാചകനും. യഹോരാം ഒരു ദുഷ്ട രാജാവായിരുന്നു. എങ്കിലും പിതാവായ ആഹാബിനോടുമോ മാതാവായ ഇസബേലിനോടുമോ ദുഷ്ടൻ അല്ലായിരുന്നു. അല്പം വ്യത്യാസങ്ങൾ വരുത്തി നല്ല

കുടുംബപ്രിയവാദിനി

മഹാഇടവക യുവതീസമാജം

യുവതീസമാജത്തിലെ അംഗങ്ങൾക്കായി ഏപ്രിൽ 8-ാംനു- മുതൽ 11-ാംനു- വരെ കാണക്കാരി സെൻറ മോനിക്കാസിൽവച്ചു ഒരു ക്യാമ്പു നടത്തി. കോട്ടയം, കഞ്ഞിക്കുഴി, മുണ്ടക്കയം, കാട്ടാമ്പാക്കൽ, പൂവത്തൂർ, മച്ചുകാട്ട. എറികാട്ട, തൊട്ടപ്പുഴ, ഏറ്റുമാനൂർ, തോലഗ്ഗേരി, ഉഴുശ്ശ ഈ സ്ഥലങ്ങളിൽനിന്നു യുവതികൾ ഈ ക്യാമ്പിൽ സംബന്ധിച്ചിരുന്നു. ഏകദേശം 28പേർ ഇതിൽ ഉണ്ടായിരുന്നു. മിസ്സ് ഏലി തോമസ്, മിസ്സ് ഡോൾട്ടൻ, മിസ്സ്. എ. സി. മറിയാമ്മ, ഡോ. സൂസൻ ചെറിയാൻ, റവ. വി. ജെ. സ്റ്റിഫൻ, മിസ്സസ്സ് ചേച്ചമ്മ ജോർജ്ജ് ഇവർ മൂന്നുദിവസങ്ങളിലായി ബൈബിൾ ക്ലാസ്സും മീറ്റിങ്ങുകളും എടുത്തു. ക്യാമ്പിനു വന്ന എല്ലാവർക്കും ഈ ക്ലാസ്സുകൾ ഓരോന്നും വലിയ അനുഗ്രഹമായിരുന്നു. 10-ാംനു-

---

വനായ യഹോശാഫാത്തുമായി സഖ്യത കൂടി. പ്രയാസ സമയത്തു ദൈവസഹായം തേടുന്നതിനു യഹോശാഫാത്തു ആലോചന കൊടുത്തു. ഞാൻ എൻെറ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നു എങ്കിൽ യഹോവ കേൾക്കയില്ലായിരുന്നു എന്നു പറഞ്ഞിരിക്കുന്നതു എക്കാലത്തും യഥാർത്ഥമാണ്. ആപത്തുകാലത്തു ദൈവത്തെ വിളിക്കയും അനർത്ഥകാലത്തു തന്നെ മറക്കയും ചെയ്യുന്നതു സാധാരണയാണ്. നിൻെറ അവസ്ഥ എന്തു?

൨നു-. (ബു.) ൨രാജാ. ൩. ൧൩—൨൨. ദൈവസന്നിധിയിൽ നിസ്സാരം (൧൮ വാ). ദൈവത്തിൻെറ പ്രവാചകൻെറ ശാസനയിൽ യഹോരാം രാജാവു ലജ്ജിതനായിത്തീർന്നു. പക്ഷേ ഭക്തനായ യഹോശാഫാത്തിൻെറ ജയത്തിൽ രഹസ്യമായി അസൂയപ്പെട്ടു. ദൈവശക്തി വലുതായ ആലയമാണെന്നുള്ള പൌലൊസിൻെറ വാക്കുകൾ ഇവിടെ യഥാർത്ഥമായി കാണുന്നു. അതുകൊണ്ടു മരുഭൂമി വെള്ളംകൊണ്ടു നിറയുമെന്നു ഉറപ്പു ലഭിച്ചു. പക്ഷേ യഹോവയുടെ ഇതു നിസ്സാരമായിരുന്നു. ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ടവർ പിന്മാറിയാലും ദൈവം അവരെ ശത്രുക്കളിൽനിന്നു സൂക്ഷിക്കയും കരുണ കാണിക്കയും ചെയ്യുന്നു. ദൈവത്തിൻെറ മഹത്വം നമ്മെ മാനസാന്തരത്തിലേക്കു നടത്തേണ്ടതാകുന്നു. (൨രോമ. ൨. ൪).

൩നു-. (വ്യാ) ൨രാജാ. ൪. ൧—൭. ദൈവത്തിൻെറ ഒരു വിശുദ്ധൻ! ശ്രുനേംകാരി എങ്ങനെയാണ് സാധാരണ അതിലെ കടന്നുപോകുന്ന മനുഷ്യനെ വിശുദ്ധനെന്നു മനസ്സിലാക്കിയതു? തൻെറ പ്രസംഗംകൊണ്ടോ അതിശയപ്രവൃത്തികൊണ്ടോ അല്ലായിരുന്നു. അവൾ അതിഥിസല്ക്കാരം മറക്കാതെ ആചരിച്ചതുമൂലം ദൈവമനുഷ്യൻെറ നടത്ത കണ്ടു മനസ്സിലാക്കി. വാക്കുകൊണ്ടല്ല ജീവിതം കൊണ്ടാണ് സാക്ഷിക്കേണ്ടതു. അതിഥി സല്ക്കാരത്തിൻെറ ഫലമായി ശ്രുനേംകാരി അധികമായി അനുഗ്രഹിക്കപ്പെട്ടു. സന്താനമില്ലാത്ത കുടുംബത്തിൻെറ കുറവു തീരുമെന്ന വാഗ്ദത്തം ലഭിക്കയും അതു സാധിക്കയും ചെയ്തു. ദൈവമകളെ ആദരിക്കുന്നവർക്കു ദൈവം പ്രതിഫലം കൊടുക്കാതിരിക്കയില്ല.

൩൪. (വെ.) ൨രാജാ. ൪. ൧൮—൩൰. ശ്രുനേംകാരിയുടെ ഹൃദയസന്തോഷമായിരുന്ന ദൈവത്തിൻെറ ദാനമായ സന്താനം മരിച്ചുപോയി. ദൈവം തന്നെ സ്നേഹിക്കുന്നവർക്കു, സകലവും നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കും (൮രോമ. ൮. ൨൮). എന്നുള്ളതു ഈ കാര്യത്തിലും യഥാർത്ഥമായിത്തീർന്നു അവളുടെ അനുഭവം പ്രയോജനകരമായി ഭവിച്ചു. അവൾ അമിതമായി ഉൽഖിക്കയോ നിരാശപ്പെടുകയോ ചെയ്തില്ല. അവളുടെ ഭർത്താവിനെ ഈ ഉൽഖത്തിൽ പങ്കുചേരിയാക്കിയില്ല. ഉടനെ ചെയ്യേണ്ടതു ചെയ്തു. ദൈവമനുഷ്യനിൽകൂടെ പ്രയാസം ദൈവസന്നിധിയിൽ കൊണ്ടു ചെന്നു. കുട്ടിയ്ക്കു ജീവനുണ്ടാകുന്നതുവരെ പ്രവാചകൻ പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്തു. പാപത്താൽ മരിച്ചവർക്കു ജീവനുണ്ടാകുന്നതുവരെ പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്യാൻ ഇതു നമ്മെ ആഹ്വാനം ചെയ്യുന്നു.

സുവിശേഷഭാഷിണി

പറക്കാൽ മിഷ്യൻ വാർത്തകൾ

ഈ കുറെ മാസത്തിൽ പല ഗ്രാമങ്ങളിലായി കുറെ വിവാഹകർമ്മങ്ങൾ നടത്തുകയുണ്ടായി. ഈ ഭാഗങ്ങളിൽ സാധാരണയുള്ള പതിവു മണവാളനും കൂട്ടരുംകൂടെ മണവാട്ടിയുടെ വീട്ടിൽവന്നു അവിടെ കുറെക്കിയിരിക്കുന്ന സഭയിൽ പങ്കുകൊണ്ടതിന്റെശേഷം മണവാട്ടിയെയും കൂട്ടിക്കൊണ്ടു വിവാഹകർമ്മത്തിനായി വരുന്നു. പ്രാർത്ഥനാലയങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പ്രവർത്തകന്റെ വീടിന്റെ മുൻവശത്തു കുറെക്കിയ പന്തലിൽവെച്ചാണ് വിവാഹശുശ്രൂഷ നടത്തപ്പെടുന്നതു. വിവാഹകർമ്മത്തിൽ താലികെട്ടുന്നതിനാണ് മോതിരം ഇടുന്നതിനെക്കാൾ പ്രാധാന്യം കൊടുത്തിരിക്കുന്നതു. താലികെട്ടിയതിന്റെശേഷം താലിപിടിച്ചുകൊണ്ടു മണവാളൻ താൻ ചെയ്യേണ്ടിയ പ്രമാണം ചെയ്യുന്നു. ഇപ്പോൾ ഇവിടെ നിലവിലിരിക്കുന്ന വിവാഹരജിസ്റ്ററിനു മൂന്നടി രണ്ടിഞ്ചു നീളവും പത്തിഞ്ചുവീതിയുമാണുള്ളതു. കാരോ കടലാസ്സും മൂന്നു ഭാഗങ്ങളായി വിഭാഗിച്ചിരിക്കുന്നു. കുറെഭാഗം ഇടവകയിൽ സൂക്ഷിക്കുന്നതിനും മറ്റൊരുഭാഗം മണവാളനു കൊടുക്കുന്നതിനും മൂന്നാമത്തെഭാഗം സർക്കാർ വിവാഹരജിസ്ട്രാക്കു അയച്ചുകൊടുക്കുന്നതിനുമാണ്. വിവാഹകർമ്മം കഴിഞ്ഞതിന്റെശേഷം മണവാളനും മണവാട്ടിയും കുറെ പായിൽ ഇരിക്കുകയും മണവാട്ടിയുടെ അമ്മാവൻ വന്നു അവരുടെ കാലിന്റെ വിരലുകളിൽ ചില വെള്ളിമോതിരങ്ങൾ ഇടുകയും ചെയ്യുന്നു. അതിന്റെശേഷം മഞ്ഞൾ പൂരട്ടിയ അരി കുറെകൊണ്ടുവന്ന പട്ടക്കാരൻ അതിൽനിന്നു കുറച്ചു എടുത്തു ബാക്കിയുള്ളതു ജനങ്ങൾ കാരോരുത്തരും കുറേശ്ശ എടുക്കുന്നതിനായിട്ടു കൊടുക്കുകയും "മംഗളമെയ്യുള്ള നിനക്കു" എന്ന ഗീതം പാടികൊണ്ടു എല്ലാവരും മണവാളന്റെയും മണവാട്ടിയുടെയും തലമേൽ അരി വർഷിക്കുകയും ചെയ്യും. കുറെ വിവാഹത്തിൽ മഞ്ഞളിനു പകരം

വ്യാഴാഴ്ച രാത്രി കുറെ സാക്ഷിയോഗം നടത്തി. പല യുവതികളും തങ്ങളെ ദൈവത്തിനായി സമർപ്പിച്ചു. അവരെ പ്രാർത്ഥനയിൽ ഓർക്കണമെന്നു അപേക്ഷിക്കുന്നു. വെള്ളിയാഴ്ച രാവിലെ ഉണ്ടായിരുന്ന വിശുദ്ധസംസ്ക്കാരശുശ്രൂഷയോടുകൂടി ക്യാമ്പു അവസാനിച്ചു. ഞങ്ങളുടെ ക്യാമ്പു ഭദ്രയും വിജയകരമായി നടത്തുവാൻ പല വിധത്തിൽ സഹായിച്ച സെൻറ മോനിക്കാസിൽ ഉള്ള എല്ലാവരോടും ഞങ്ങളുടെ നന്ദിയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

M. J. ACHYAMMA,
Kanjikuzhi.

പ്രിയ സഹോദരികളെ,

കഴിഞ്ഞ മാസത്തിൽഇലവിനാൽ, പെരുമ്പാവൂർ, മലങ്കര, പൂവത്തൂർ, കുന്നന്താനം, കോട്ടകുഞ്ഞി, കൊല്ലകടവു എന്നീ സ്ഥലങ്ങളിലെ യുവതീസമാജങ്ങളിൽ പങ്കുകൊള്ളുവാൻ സാധിച്ചു. കുന്നന്താനം യുവതീസമാജം, യൂത്തുലീഗിനോടും, കോട്ടകുഞ്ഞി യുവതീസമാജം, മാതൃസംഘത്തോടും ചേർന്നു വാർഷികയോഗം മോടി ആയി കൊണ്ടാടി എന്നുള്ളതു പ്രസ്താവയോഗ്യംതന്നെ. വാർഷിക യോഗങ്ങൾ നടത്തുന്നതു ഭാവി പ്രവർത്തനങ്ങൾക്കു കൂടുതൽ സഹായം ആയതുകൊണ്ടു തന്നെത്താൻ വാർഷിക മീറ്റിങ്ങു നടത്താൻ പ്രാപ്തിയും സൌകര്യവുമില്ലാത്ത സമാജങ്ങൾ ഇതുപോലെ മറ്റു സംഘടനകളോടു ചേർന്നു നടത്തുന്നതു നല്ലതായിരിക്കും. വിവിധ ശ്രമങ്ങൾ ചെയ്തു പണം ഉണ്ടാക്കി കേന്ദ്രത്തിലടച്ചിട്ടുള്ള എല്ലാവർക്കും നന്ദിപറഞ്ഞുകൊള്ളുന്നു.

St. Monicas,
Kanakkary, Ettumanur.

A. C. MARIAMMA,
Girls' Guild Secretary

സുവിശേഷം മലനാട്ടിൽ

തിരുവല്ലാ സി. എൻ. ബൈബിൾ സ്കൂളിന്റെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തിവരുന്ന സുവിശേഷവേല ഈ വർഷവും മാച്ചു 3മുതൽ 10വരെയുള്ള തിയ്യതികളിൽ പഞ്ചിക്കുന്ന എന്ന സ്ഥലം (പീരുമേട്ടു) കേന്ദ്രമാക്കിക്കൊണ്ടു ബൈബിൾ സ്കൂൾ പ്രിൻസിപ്പാൾ റവ. ജോസഫ് മാത്യൂ, റവ. പി. എം. ഇശോ, റവ. എം. സി. സാമുവേൽ, റവ. ആർ: സണ്ണി യേശുഅടിയാൻ എന്നിവരുടെ നേതൃത്വത്തിൽ ഭംഗിയായി നടത്തപ്പെട്ടു.

മൂന്നാം തിയ്യതി തിങ്കളാഴ്ച്ച സുപ്രഭാതത്തിൽ ഞങ്ങൾ തിരുവല്ലായിൽനിന്നും ബസ്സിൽ കയറി കിഴക്കോട്ടു യാത്രതിരിച്ചു. "സുവിശേഷോത്സാഹമേ" ..... എന്നുള്ള ഗാനത്തിന്റെ

പ്രാധാന്യമുണ്ട്. മഞ്ഞൾ പുരട്ടിയ ചരടിന്മേലാണു താലി കോർക്കുന്നതു. മഞ്ഞൾ പുരട്ടിയ അരിയാണു ഉപയോഗിക്കുന്നതു. ഏതായാലും എന്റെ പ്രാർത്ഥനാപുസ്തകത്തിൽ വിവാഹശുശ്രൂഷാക്രമത്തിന്റെ ഭാഗം മഞ്ഞനിറമായിട്ടുണ്ട്. അതു കഴിഞ്ഞു മണവാളന്റെ നേരിയതിന്റെ ഒരു തുമ്പും മണവാട്ടിയുടെ സാരിയുടെ ഒരു തുമ്പുംകൂടെ കൂട്ടിക്കെട്ടി അവർ എഴുന്നേറ്റു ജനങ്ങളോടൊന്നിച്ചു കൊട്ടും വാദ്യവുമായി ഗ്രാമത്തിന്റെ പ്രധാന വീഥികളിൽകൂടെ നടന്നു മണവാട്ടിയുടെ വീട്ടിൽ വീണ്ടും വന്നുചേരുന്നു. അവിടെ അപ്പോൾ മണവാളന്റെ കൂട്ടുകാരുടെ വകയായി ഒരു സദ്യ ഒരുക്കുകയും ആയതിൽ എല്ലാവരും പങ്കുകൊണ്ടതിന്റെശേഷം മണവാട്ടിയെയും കൂട്ടിക്കൊണ്ടു മണവാളന്റെ വീട്ടിലേക്കു പോകയും ചെയ്യുന്നു.

പലപ്പോഴും മണവാളനോ അല്ലെങ്കിൽ മണവാട്ടിയോ ക്രിസ്ത്യാനികൾ അല്ലാതെ വരുമ്പോൾ ആ ആളിനെ സ്നാനപ്പെടുത്തിയതിന്റെ ശേഷമത്രെ വിവാഹകർമ്മം നടത്തപ്പെടുന്നതു. ഇവിടെയുള്ള എല്ലാ ഗ്രാമങ്ങളിലും ക്രിസ്തീയ സഭ സ്ഥാപിക്കപ്പെടേണ്ടതു എത്ര ആവശ്യമാണ്. വിവാഹം കഴിഞ്ഞു ചിലപ്പോൾ യാതൊരു ക്രിസ്തീയ കൂട്ടായ്മയും സൌകര്യമില്ലാത്ത തങ്ങളുടെ ഗ്രാമത്തിലേക്കു അവർ പോകേണ്ടി വരുന്നുണ്ടു. ചില സമയങ്ങളിൽ ആ ഒരു കുടുംബം ആയിരിക്കും ആ ഗ്രാമത്തിലുള്ള മറ്റുള്ളവരെ കൂടെ ക്രിസ്തീയ മതത്തിലേക്കു ആകർഷിക്കുന്നതിനു കാരണക്കാരാകുന്നതും. ഒരു ക്രിസ്തീയ വിവാഹകർമ്മത്തിൽ പങ്കുകൊണ്ട പലരും തങ്ങളുടെ ഗ്രാമത്തിലും വന്നു സുവിശേഷം അറിയിക്കണമെന്നു ആവശ്യപ്പെടാറുണ്ട്.

കുഞ്ഞുങ്ങളുടെ ജ്ഞാനസ്നാനശുശ്രൂഷക്കായി ചില ഗ്രാമങ്ങളിൽ പോകുമ്പോൾ കത്രികയും കൂടെ കൊണ്ടു പോകേണ്ടതായിട്ടുണ്ടു. ജനനത്തിങ്കലുള്ള തലമുടി കത്രിക്കുന്നതു ഒരു പ്രത്യേക ചടങ്ങാണ്. ഹിന്തുക്കളായിട്ടുള്ളവർ തങ്ങളുടെ കുഞ്ഞുങ്ങളുടെ ആ തലമുടി ഏതെങ്കിലും ഒരു അമ്പലത്തിന്റെ പരിസരങ്ങളിൽവെച്ചു കത്രിക്കുന്നതിനായി കുഞ്ഞുങ്ങളെയും കൊണ്ടു പോകും. ക്രിസ്ത്യാനികളായിട്ടുള്ളവർ തങ്ങളുടെ കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തുമ്പോൾ ആ കുഞ്ഞുങ്ങളുടെ തലമുടി കുറച്ചു കത്രിക്കുന്നതിനായി പട്ടക്കാരനോടു ആവശ്യപ്പെടുന്നു. ആ സമയത്തു അവർ ഒരു പ്രത്യേക സ്തോത്രകാഴ്ചയും നല്കാറുണ്ട്.

ഈ മാസത്തിൽ നടിക്കുടെ എന്ന ഗ്രാമത്തിലെ സന്തോഷമ്മ എന്ന ഒരു സ്ത്രീ വയറ്റിലുണ്ടായിരുന്ന കാൻസർ രോഗത്താൽ മരിച്ചുപോയി. അവരുടെ ശവസംസ്കാരശുശ്രൂഷ നടത്തിയ സമയത്തു വളരെ വിഷമം തോന്നുകയുണ്ടായി. ആ സ്ത്രീയുടെ ശവം കുഴിയിലേക്കു ഇറക്കിയപ്പോൾ അവരുടെ രണ്ടുപെൺമക്കൾ കുഴിയിലേക്കു ചാടാതിരിപ്പാൻ കുറെപ്പേർ വളരെ ബലം പ്രയോഗിക്കേണ്ടിവന്നു. ആ സമയത്തുണ്ടായിരുന്ന നിലവിളിയും അലച്ചിലും കേൾക്കുന്നതിനും കാണുന്നതിനും നമുക്കു വളരെ പ്രയാസം ഉണ്ടാകുന്നതാണ്. മരിച്ചവരെ കുറിച്ചു പ്രത്യാശയുള്ളവരായിരിക്കുന്നതിനും തങ്ങളെത്തന്നെ നിയന്ത്രിക്കുന്നതിനും ഇവിടെയുള്ളവർ ഇന്നിയും പഠിക്കേണ്ടതായിട്ടുണ്ട്.

Parakal
(Via) Kazipet C. Ry, 18-4-58.

Rev. T. M. THOMAS.

ദി കോട്ടയം മാറിയൻറ് ബാങ്ക് ലിമിറ്റഡ്

(മുൻ കോട്ടയം ബാങ്കും, മാറിയൻറ് സെൻട്രൽ ബാങ്കും തമ്മിൽ സംയോജിപ്പിക്കപ്പെട്ടതു്.)

ഒരു ഷെഡ്യൂൾഡ് ബാങ്ക്

ഹെഡാഫീസു് . . .	കോട്ടയം
അധികൃത മൂലധനം . . .	25,00,000 രൂപാ
പിരിഞ്ഞു കിട്ടിയ മൂലധനം .	10,50,000 രൂപാ
കരുതൽ ധനം	7,00,000 രൂപാ
പ്രവർത്തന മൂലധനം . .	3,12,00,000 രൂപാ

ബാങ്കിൻറെ 32 ശാഖകൾ കേരളത്തിലെ പ്രധാന വാണിജ്യ കേന്ദ്രങ്ങളിൽ വിജയകരമായി പ്രവർത്തനം നടത്തുന്നു.

കറൻറു്, സേവിംഗ്സു്, നോട്ടീസു്, സ്ഥിരം ഡിപ്പോസിറ്റുകൾ ആകർഷണീയമായ നിരക്കുകളിൽ സ്വീകരിക്കപ്പെടുന്നു.

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും ഏറ്റവും ആദായകരമായ വിധത്തിൽ നടത്തപ്പെടുന്നു. നിങ്ങളുടെ ബാങ്കിംഗ് ആവശ്യങ്ങൾക്കു് ഞങ്ങളുടെ ഹെഡാഫീസിനെയോ, ഏതെങ്കിലും ബ്രാഞ്ചാഫീസിനെയോ സമീപിക്കുക.

എ. ഇട്ടി അയ്പു്,
ചെയർമാൻ.

കെ. പി. മാത്യു,
മാനേജിംഗ് ഡയറക്ടർ.

FOR ALL YOUR

PRINTING

CONTACT

THE C. M. S. PRESS, KOTTAYAM.

C. M. S. P. 24—1525—24-4-1958.

PUBLISHED BY REV. A. J. KURIEN AND PRINTED BY A. J. VARUGHESE AT THE C. M. S. PRESS, KOTTAYAM.